A 2259
സ്ത്രീ
നോവൽ

240399

# സ്വാത്രം

(നോവൽ)

ജോൺസ് ടി. എൽ.

പ്രസാധകർ:

കറന്റ് ബുക്സ്, തൃശ്ശൂർ

വില: 2—50

SATHRAM (NOVEL)

First Impression January 1966

Copies 1000

Price Rs. 2-50

by

JONES T. L

Cover: Sankarankutty

Blocks: Sankar Blocks

Rights Reserved

Printed at: Current Printers, Trichur

Publishers: CURRENT BOOKS, TRICHUR

"Who is the third who walks always beside you?
When I count, there are only you and I together
But when I look ahead up the white road
There is always another one walking beside you
Gliding wrapt in a brown mantle, hooded
I do not know whether a man or a woman
—But who is that on the other side of you?"

—T. S. ELIOT
(The Waste Land)

# ഉപക്രമം

കാണാത്ത സ്വപ്നങ്ങളും കേൾക്കാത്ത സ്വരങ്ങളും തിരഞ്ഞുകൊണ്ടു് നിങ്ങൾ പോകുന്നതു് എങ്ങോട്ടാണു്? നനഞ്ഞ മണ്ണിലുയർത്തുന്ന ചെറുചെറുമൺകൂനകൾക്കരികിൽനിന്നു് ആകാശത്തു മിഴിച്ചുനോക്കുന്ന ഞാഞ്ഞൂലുകളെപ്പോലെ, നിങ്ങളുടെ കൊച്ചുലോകത്തുനിന്നു് അനന്തങ്ങളായ പ്രപഞ്ചമണ്ഡലങ്ങളിലേക്കു് എന്തിനായാണു് നിങ്ങൾ എത്തിനോക്കുന്നതു്? തകർന്ന പ്രതീക്ഷകളുടെ പട്ടടയിൽനിന്നുയരുന്ന ധൂമപടലങ്ങളെന്നോണം കാർമേഘമാലകൾ പാറിമാറുന്നതു് കാണ്മാൻമാത്രമാണോ?

അറിയാമെങ്കിലൊന്നു പറഞ്ഞുതരൂ!

എന്റെ ബിന്ദൂ!

SENGUPTA PUBLIC LIBRARY
A 2259
KOZHIKODE

## ഭാഗം ഒന്നു്:

# ഡിസമ്പർ 31

ഒന്നു്

ശാശ്വതമെന്നു് വിശേഷിപ്പിക്കുവാൻ നിങ്ങളാഗ്രഹിക്കുന്ന പലതും പൊടുന്നനെയൊരു പളുങ്കുപാത്രംപോലെ പൊട്ടിത്തകൎന്നു ചിതറുന്നതു് പലപ്പോഴും നിങ്ങൾക്കനുഭവപ്പെട്ടിട്ടില്ലേ? ചുരുങ്ങിയതു്, ഭംഗിയുള്ള ഒരു സ്വപ്നത്തിൽനിന്നു് പിടഞ്ഞുണരുന്ന അല്പം ചില നിമിഷങ്ങളിലെങ്കിലും.

സ്വപ്നത്തിലല്ലെന്നു് നിശ്ചയിക്കാൻതന്നെ സമയം ഏറെ വേണ്ടിവന്നു.

പുകപിടിച്ച വെൻറിലേററുകളുടെ ജലകണങ്ങൾ വീണ മങ്ങിയ സ്ഫടികക്കീറുകളിൽ വെയിലും നിഴലും, നിഴലും വെയിലും, മാറി മാറി വീഴുന്നതുതന്നെ ശ്രദ്ധിച്ചു് കുറച്ചുനേരം കിടന്നു. പാറിയകലുന്ന ഏതോ പക്ഷിയുടെ കൂജനം അകത്തേക്കു് കേട്ടതായി തോന്നി. വെറുക്കുന്നു. ഈ ശബ്ദവും വെറുക്കുന്നു.

ശബ്ദങ്ങളെ മുഴുവൻ വെറുക്കുന്നു.

താഴെനിന്നു് കേരംക്കുന്ന, ഹോട്ടലിലെ പ്ലേറുകളുടെ കിലുകിലാരവം വെറുക്കുന്നു. ജിക ബോക്സിൽനിന്നെത്തുന്ന സംഗീതം വെറുക്കുന്നു. മഞ്ഞപ്പിത്തം ബാധിച്ച ടാക്സികളുടെ ഹോണടികഠം വെറുക്കുന്നു.

പുതപ്പു മാററി തലയുയർത്തി. മേശമേൽ എത്തിനോക്കി.

സമയം?

വാച്ചും നിന്നിരിക്കുന്നു.

അല്ലെങ്കിൽ, ഇതൊരുപക്ഷെ നല്ലതാവാം. ഭൂതത്തിൽ ജീവിക്കാനാശിക്കുന്നവർക്കു്, ഭാവിയുടെ കാററു് കടക്കില്ലെന്നു് വീമ്പടിച്ചുകൊണ്ടു് ഈ ദന്തഗോപുരങ്ങളിൽ താമസിക്കാം; അവയും പൊട്ടിച്ചിതറുംവരെ.

തലവഴി പുതപ്പു് വീണ്ടും വലിച്ചു് മൂടി.

എണീക്കണമോ?

വേണം.

എണീക്കണമോ?

വേണ്ട —

വേണം. വേണ്ട. വേണം........

നിറമില്ലാത്ത, മണവും ശബ്ദവും ചേരുന്ന കാററു് ജാലകപ്പഴുതുകളിലൂടെ അകത്തേയ്ക്കുരിച്ചുകടന്നു. മൂളിയടുക്കുന്ന കൊതുകുകളുടെ ഭീഷണമായ നാദം പുതപ്പിൻെറ കാണാത്ത സുഷിരങ്ങളിലൂടെ കാതുകളിൽ മുഴങ്ങി.

അന്നേരം വാതിലിൽ കൊട്ടുകേട്ടു.

“സാർ —”

"ഗെററ് എവെ, യു ഡേർട്ടി ബിച്ച്—" എന്നു ലറാനാണു് തോന്നിയതു്. പക്ഷേ, പരുത്ത ശബ്ദത്തിൽ പറയുകമാത്രം ചെയ്തു.

"എന്തുവേണം?"

"ബെഡ്കോഫി, സാർ—"

എല്ലാവരേയും ശപിച്ചുകൊണ്ടു് എഴുന്നേററു. വാതിൽ തുറന്നു. ടോമാറേറായുടെ ചുവപ്പു പഴങ്ങൾ പച്ചിലകളിൽ പൊതിഞ്ഞു് നിൽക്കുന്ന ചിത്രത്തിൻെറ അംശങ്ങൾ. ബാക്കിയുള്ള ട്രേയിൽ, വെളുത്ത കപ്പുകളിൽ കാപ്പിയുണ്ടു്. ടിപ്പോയിമേൽ ഗ്ലാസുകൾ വെച്ച് പുറത്തുപോയി.

കണ്ണുകൾ കലണ്ടറിലേയ്ക്കു് പാഞ്ഞു.

ഡിസമ്പർ 31.

മാസങ്ങൾ കൊഴിയുന്നു.

വഷങ്ങൾ വഴുതിവീഴുന്നു.

എന്തെന്തെല്ലാം വഴുതിവീണിരിക്കുന്നു! നന്മയും തിന്മയും നിറവും നിറഞ്ഞിരുന്ന ജീവിതത്തിൻെറ വസന്തം. പണവും പദവിയും പ്രതാപവും കാൽക്കീഴിൽ വാലാട്ടിനിന്നിരുന്ന വർണ്ണോജ്ജ്വലങ്ങളായ നാളുകൾ.

വഴുതിവീണിരിക്കുന്നു.

ഉന്നതങ്ങളിൽനിന്നു് താഴ്‌വരകളിലേക്കു്.

മുഖം കരുവാളിച്ചും വിരൂപമായും കഴിഞ്ഞു. കുഴിഞ്ഞ കവിൾത്തടങ്ങൾ പെരുപ്പിച്ചുകാണിക്കുന്ന കവിളെല്ലുകൾ. തുടുത്തുനിന്നിരുന്ന ചുണ്ടുകൾ കൊല്ലങ്ങളുടെ കറുപ്പുപുരണ്ടു് കറപിടിച്ചിരിക്കുന്നു. നേർത്ത നരയുടെ

നേരിയ ഇഴകൾ കൺകാണിക്കുവാൻ തുടങ്ങിയിരിക്കുന്ന മീശ, അതിർ കടന്നു വളരുന്ന പുൽത്തകിടികളെപ്പോലെ പരന്നു് വികൃതമായിരിക്കുന്നു. പുകയിലക്കറ പിടിച്ച കറുത്ത പല്ലുകളുടെ മോണകളിൽ അഴുക്കും ദുർഗ്ഗന്ധവും നിറഞ്ഞുനിൽക്കുന്നു.

കൊഴിയുന്ന മുടിയിഴകൾ കാണുമ്പോൾ പുച്ഛമാണു്

പാത്രത്തിൽനിന്നു് കാപ്പി ഒരു വലിക്കകത്താക്കി. അപ്പോൾ വീണ്ടും കലണ്ടറിൽ കണ്ണുകൾ തറച്ചു. മാസം കഴിയുന്നു........

തികയുന്ന മാസങ്ങളിൽ ഭയാശങ്കകൾ പതിയിരിപ്പുണ്ടു്.

രണ്ടാംതീയതികളിൽ കൌണ്ടറിൽനിന്നു് കൂട്ടായി പിൻചെയ്ത ബില്ലുകൾ നീട്ടികാണിക്കുന്നു. വിറയ്ക്കാത്ത കയ്യോടെ വാങ്ങി പോക്കററിലിട്ടു് ഒന്നുമുണ്ടാവാത്തപോലെ നടക്കുവാൻ പഠിച്ചുകഴിഞ്ഞു.

മൂന്നു മാസങ്ങളുടെയെങ്കിലും ബില്ലുകൾ മുറിയുടെ മൂലയിൽ കെട്ടുകെട്ടായി അഴുക്കുപുരണ്ടു കിടപ്പുണ്ടു്. ‘പെയ്ഡ്’’ എന്ന സീൽ അവയിലൊരിക്കലും കുത്തില്ല. ഒരിക്കലും പണം ചോദിക്കുവാൻ പോകുന്നില്ലെന്നറിയാം. നീട്ടുന്ന ഈ ബില്ലുകൾ ദയനീയമായൊരു അഭ്യർത്ഥന മാത്രമാണു്. കാരണമുണ്ടു്.

നിങ്ങളുടെ മുതലാളിയുടെ രഹസ്യരാത്രികളുടെ കഥകളറിയുന്നു.

ഗ്ലാസുകൾ നിറച്ച് കൂട്ടിമുട്ടിച്ചിട്ടൊരുമിച്ച്. കൊല്ലങ്ങൾക്കുമുമ്പ്. കഴിഞ്ഞ ആ കൊല്ലങ്ങൾ കറുത്ത കൈപ്പത്തികൾ കാട്ടി രക്ഷകെഞ്ചുന്നു. ചതഞ്ഞ ജമന്തിപ്പൂക്കളും പൊട്ടിയടന്ന കുപ്പിവളകളും ചവിട്ടിഞെരിച്ച്, തളർന്ന് കുഴഞ്ഞുകിടക്കുന്ന ജീവനുള്ള ഒരു മനുഷ്യശരീരം ചവിട്ടിമെതിച്ചു, വിലകുറഞ്ഞ പൌഡറിൻെറ മണം പരന്നൊഴുകുന്ന മുറികളിൽനിന്നു് മുതലാളി പുറത്തു കടക്കുമ്പോൾ പുഞ്ചിരിച്ചിരുന്നു.

റെസ്റ്റ് ഹൌസുകളും മുസാവരി ബംഗ്ലാവുകളും പണിതുയർത്തുന്നവർ സ്തുതിക്കപ്പെടട്ടെ. വാതിൽക്കൽ കൊട്ടിവിളിക്കുന്ന രഹസ്യസുഖങ്ങളുടെ മേല്പോളന്മാർ വാഴ്ത്തപ്പെടട്ടെ.

സെററിയിൽ ചാഞ്ഞിരുന്ന് ഒരു സിഗരറെറടുത്ത് അയാൾ തീ കൊളുത്തി. പുകച്ചുരുളുകൾ ഉയരത്തിലുയരത്തിലേക്കുതിവിട്ടു. ആഷ്ട്രേ അരികിലുണ്ട്. എന്നാലും എന്താണതിൻെറ ആവശ്യം? നിലം നിറയെ കൊള്ളികളും, ചാരവും, കത്തിയമർന്ന കുററികളും ചിതറിക്കിടക്കുന്നു. ഒരിക്കലും അടിച്ചുമാററില്ല.

പയ്യൻ ചോദിക്കും:

"സാർ—"

"ങ്ഹും"

"മുറിയടിക്കട്ടെ?"

"വേണ്ട!"

"നീ ചോദിക്കുന്നതിൻെറ രഹസ്യവും അറിയുന്നു. ഇടയ്ക്കെല്ലാം നീട്ടിക്കാണിക്കുന്ന നയാപൈസയുടെ നാ

ണയങ്ങളം നിനക്കു് വിലപ്പെട്ടതാണല്ലൊ. ചൂണ്ടലിൽ കൊളുത്തുന്ന ഇരകളെപ്പോലെയാണവ കുട്ടീ!"

കെട്ടിനില്ക്കുന്ന കറുത്ത മേഘങ്ങൾ വർഷിക്കാൻ തുടങ്ങി. ഇപ്പോളെന്തിനാണാവൊ ഈ മഴ. കേട്ടിട്ടുണ്ടോ? ഡിസമ്പറിൽ മഴ. കുഴമഞ്ഞു് ചിതറിവീഴേണ്ട ഡിസമ്പറിലെ രാവിലെകളിലും മഴ.

ജനലിലൂടെ അകത്തേക്കടിച്ചു കയറി വെള്ളം.

റോഡിനെതിർവശത്തുള്ള വിശാലമായ മൈതാനത്തിൽ കുട്ടിയുള്ള കർട്ടൻപോലെ മഴ ഒരാവരണം പണിയുന്നു. കമ്പിവേലികൊണ്ടു ചുററും കെട്ടിയിട്ടുള്ള ഈ മൈതാനത്തിനു മദ്ധ്യത്തിലായി കോൺക്രീററുകൊണ്ടു് തീർത്ത ഒരു മണ്ഡപമുണ്ടു്. ആഗസ്റ്റ് പതിനഞ്ചിനും, ജനുവരി ഇരുപത്താറിനും വർണ്ണഭംഗികളുടെ ഭാരം ചുമക്കുന്ന മേലാപ്പിനുകീഴെ ഇല്ലാത്ത ഗൗരവം നടിച്ചു വലിയ വലിയ നേതാക്കന്മാർ അഭിവാദ്യങ്ങൾ സ്വീകരിച്ചുനില്ക്കുമ്പോൾ, താഴെ തകരയിലകളും കറുകപ്പുല്ലും ചവിട്ടിമെതിച്ചുകൊണ്ടു് ബൂട്ടിട്ട കാലടികൾ താളക്രമത്തിൽ കടന്നുപോവുന്നു. ഒടുവിൽ, ഉത്സവംകഴിഞ്ഞ അമ്പലപ്പറമ്പുകളെപ്പോലെ എല്ലാം ശൂന്യമാവുന്നു. മൈതാനത്തിൻെറ കിഴക്കെ കോണിലായി പോവുന്ന വീതിയുള്ള റോഡിൻെറ മറുപുറത്തു് ഗവർമ്മെൻറ് ഓഫീസുകൾ ചോലമരങ്ങളുടെ തണലിൽ തലയുയർത്തിനില്ക്കുന്നു. അതിനു നടുവിൽ ടവർക്ലോക്കിൻെറ സൂചിയുടെ ചലനം നിലച്ചിട്ടു് വർഷങ്ങളായിരിക്കുന്നു.

ഇനിയൊരിക്കലുംതന്നെ........

പടിഞ്ഞാറുള്ള നിരനിരയായി കെട്ടിയിരിക്കുന്ന ഷെഡ്ഡുകൾ തൊഴിലാളികളുടെ ലൈനുകളാണു്. നൂൽനൂൽപ്പുശാലകളിൽനിന്നു് സൈറൺ മുഴങ്ങുമ്പോൾ അവിടെനിന്നു്, വെടികേട്ടു് ഞെട്ടി പാറിയുയരുന്ന പറവകളെപ്പോലെ മനുഷ്യർ ഒഴുകിവരുന്നതു് കാണാം. മെലിഞ്ഞൊട്ടി പ്രേതങ്ങളെപ്പോലെയുള്ള ഈ മനുഷ്യരുടെ സ്പർശനമാത്രയിൽ ചെകുത്താനെപ്പോലെ അലറുന്ന യന്ത്രങ്ങൾക്കു് ജീവൻ തെളിയുന്നു. അവിടെയുണ്ടാക്കുന്നതെല്ലാം മേത്തരം വസ്ത്രങ്ങളാണത്രെ. അവയെല്ലാം വിദേശങ്ങളിലേക്കു് കയററി അയയ്ക്കുകയാണുപോലും.

പടിഞ്ഞാട്ടു് പോവുന്ന വീതികുറഞ്ഞ റോഡു് തേവിടിശ്ശിത്തെരുവുകളിൽ അവസാനിക്കുന്നു. അവിടെ ജനൽക്കീറുകളിലൂടെ കുത്തിനോക്കുന്ന കണ്ണുകളും, ജമന്തിപ്പൂമാലകൾ വില്ക്കുന്ന കിളവികളും, മെലിഞ്ഞുണങ്ങിയ ചാവാലിപ്പട്ടികളുമുണ്ടു്. തണുത്തിരുണ്ട രാത്രികളിൽ നഗരത്തിലെ മനുഷ്യർ പേരും മേൽവിലാസവുമില്ലാത്തവരാവുന്നതു് അവിടെ എത്തുമ്പോഴാണു്; എത്തുവാനാണു്.

മഴയുടെ ശക്തി കുറഞ്ഞപ്പോൾ ചോലമരങ്ങൾ ദൃശ്യമായിത്തുടങ്ങി.

പിൻപുറത്തു്, പായൽമൂടിയ തടാകംപോലെ കെട്ടിക്കിടക്കുന്ന അഴുക്കുവെള്ളത്തിൽ അസുഖകരമായ ശബ്ദത്തോടെ വലിയ വെള്ളത്തുള്ളികൾ വീഴുന്നുണ്ടു്. കരയിൽ, ഉയരത്തിൽ കട്ടിയായി വളർന്നുനില്ക്കുന്ന കല്ലവാഴകളുടെ ചീഞ്ഞുവീർത്ത കൈകൾ ഈറൻകാററിൽ ഇളകിയാടുന്നു.

നഗരത്തിനുവേണ്ട കൊതുകുകരം ഇവിടെ ജനിച്ചു വളൎന്നു വിളയുന്നു.

വാതിൽക്കൽ വീണ്ടും മുട്ടുകേട്ടു.

"മിസ്റ്റർ ശ്യാം ഇല്ലേ?"

സിഗരററ് ആഷ്ട്രേയിലിട്ടു് ചോദിച്ചു:

"ഹു ഈസ് ദാററ്?"

"ഞാനാണു്—."

അടുത്ത മുറിയിൽ താമസിക്കുന്ന ചെറുപ്പക്കാരൻ. നെററിയിലേക്കു് വീണുതിൎന്നുകിടക്കുന്ന, വെട്ടിസ്സൂവാൻ വൈകിപ്പോയ മാസങ്ങളുടെ ഓൎമ്മകരം പകരുന്ന മുടിയിഴകരം കൈകൊണ്ടു് മാടിയൊതുക്കി പറഞ്ഞു.

"കം ഇൻ—"

ശക്തിയുപയോഗിച്ചു് തള്ളുകയാലാവാം, ഒരു ശബ്ദത്തോടെ വാതിൽക്കീറുകരം തുറന്നു. പ്രാകൃതമായ, ക്ഷീണിച്ചു് വിളറിയ ആ രൂപം അകത്തു് കടന്നുവന്നു. ചെറിയൊരു മന്ദഹാസം മുഖത്തു് വരുത്തുവാൻ പാടുപെട്ടുകൊണ്ടു് അയാരം ചോദിച്ചു:

"സാർ, സമയമെത്രയായി?"

"എന്റെ വാച്ചു് നിന്നുപോയല്ലോ."

ചെറുപ്പക്കാരൻ നിരാശയോടെ തന്റെ വാച്ചിൽ നോക്കി, ഒരു ലേഡീസ് റിസ്റ്റ്വാച്ചു്. സ്വൎണ്ണത്തിന്റെ നിറമുള്ള കെയ്സും, കറുത്ത സ്ട്രാപ്പും. താൻ നോക്കുന്നതു കണ്ടാവും, അയാരം തുടൎന്നു:

"സ്മൃതിയുടേതാണു്—"

"നിങ്ങളുടെ?"

"വില്ലേണ്ടിവന്നു സാർ; ഇന്നലെ—"

ചെറുപ്പക്കാരൻെറ മുഖഭാവം കണ്ടപ്പോൾ അയാളോട്ട് അത്രയും ചോദിച്ചതു് ക്രൂരമായിപ്പോയെന്നു് തോന്നി.

സാരമില്ല സുഹൃത്തേ—

ഈ ദുഃഖങ്ങൾക്കപ്പുറം വാഗ്ദാനം ചെയ്യപ്പെടാത്തതെങ്കിലും, അവകാശപ്പെടാനായി നിങ്ങളാഗ്രഹിക്കുന്നുണ്ടല്ലൊ, തേനും പാലുമൊഴുകുന്ന ഒരു ഭൂമിയെ. മുള്ളുകൾ നിറഞ്ഞതെങ്കിലും, സ്നേഹത്തിൻെറ വഴിത്താര അങ്ങോട്ട് ചെത്തിമിനിക്കി അടുക്കുകയാണല്ലൊ നിങ്ങൾ.

എല്ലാം ഇല്ലാതായവനാണ് ഞാൻ.

പ്രതീക്ഷകളുമില്ല.

ഈ കണ്ണുകൾക്കുമുന്നിൽ ഒരിക്കലും ചെറുതാവുന്നില്ല നിങ്ങൾ. ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന ദിവസങ്ങൾ കരിയിലകളെപ്പോലെ കരയുകയാണ് മുന്നിൽ. നിഷ്ഫലങ്ങൾ മാത്രം. എത്താത്തതെന്നറിയുന്നതെങ്കിലും കാത്തിരിക്കുവാൻ കഴിയുന്ന സൂര്യകാന്തിയുടെ മനഃശാന്തിപോലുമില്ല.

വാതിലുകൾ ചാരി ചെറുപ്പക്കാരൻ പുറത്തിറങ്ങി

വാതില്ക്കൽ നോക്കിനില്ക്കുന്ന പെൺകുട്ടിയുടെ വളക്കിലുക്കം കേട്ടു.

എട്ടുമണിയെങ്കിലും ആയിക്കാണണം. മഴ മങ്ങിയ മൈതാനത്തിൽ നേർമ്മയായ ജോർജ്ജററ് സാരിപോലെ പുകപടലങ്ങൾ പരന്നിരിക്കുന്നു. മനസ്സിൻെറ താ

ഴ്വാരങ്ങളിലേക്ക് സ്മരണകളുടെ മഞ്ഞിറങ്ങുന്നതു് ഇപ്പോഴാണു്.

കടയുമായി ചെറുപ്പക്കാരൻ കടന്നുപോവുന്നു.

ജനൽ കടക്കുമ്പോൾ കണ്ണിടഞ്ഞു.

മന്ദഹാസത്തോടെ പറഞ്ഞു:

"എട്ടു പതിനഞ്ചു്, സാർ!"

"താങ്കു് യൂ!"

നന്ദിപറയുന്നു. വളരെ വളരെ നന്ദി പറയുന്നു.

ചവിട്ടുപടികൾ ചുണയോടെ ചവിട്ടിയിറങ്ങുന്ന ശബ്ദങ്ങൾ കേട്ടു. പ്രതീക്ഷയോടെയാണു് യാത്ര. മുട്ടുന്ന വാതിലുകളിലെവിടെയോ കാത്തിരിപ്പുണ്ടു്, ഒന്നു, വാഗ്ദത്തഭൂമിയുടെ വാതിൽ. അവിടെയെത്തിക്കഴിഞ്ഞാൽ സമൃദ്ധിയുടെ വഴിത്താരകളിലേക്കു് നീങ്ങുകയായി ജീവിതം. അതിനുള്ള കാത്തിരിപ്പാണു് നാളുകൾ. പക്ഷേ, അന്ധകാരം സായംസന്ധ്യയെ കോരിക്കുടിക്കുമ്പോൾ തളർന്ന പാദങ്ങളോടെനിങ്ങൾ കടന്നുവരുന്നു മാസങ്ങളെത്രയായി സുഹൃത്തേ?

മൂന്നു മാസങ്ങൾക്കു മുമ്പാണു്........

കോണിപ്പടികൾ ചവിട്ടിക്കയറുമ്പോൾ ആരോ പിന്നിൽനിന്നു് വിളിച്ചതായി തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ ഈ ചെറുപ്പക്കാരനായിരുന്നു. മുമ്പും ശ്രദ്ധിച്ചിട്ടില്ലെന്നല്ല. നാലഞ്ചു ദിവസങ്ങളായി കാണുന്നു. കൂടെ ഒരു പെൺകുട്ടിയുമുണ്ടു് താമസം. അതിനാലാണു് ശ്രദ്ധിച്ചതുതന്നെ. കടഞ്ഞെടുത്ത ദേഹവും, സ്ത്രീത്വം കൊട്ടിഘോഷിക്കുന്ന ചലനങ്ങളും. മാൻപേടയുടേതുപോലെ ചകിതങ്ങളായ കണ്ണിണകൾ.

ചെറുപ്പക്കാരൻ പറയുന്നു.

"സാർ, ഒന്നു ചോദിച്ചോട്ടെ!"

"തീച്ച്യയായും."

മുറിയുടെ അടുത്തെത്തിയിരുന്നു. വാതിൽ തുറ ന്നുകൊണ്ടു് പറഞ്ഞു:

"വരൂ! അകത്തു വന്നിരിക്കൂ."

ചെറുപ്പക്കാരൻ ആദരവോടെ അകത്തു കേറുന്നു.

ഒതുക്കത്തോടെ ഇരിക്കുന്നു.

നീട്ടിക്കാണിക്കുന്ന സിഗരററ് മാന്യതയോടെ നിഷേധിക്കുന്നു. "നോ, താങ്കസ്—"

സിഗരററിൻെറ പുകച്ചുരുളുകൾ ഊതിയുയർത്തി സെററിയിൽ ചാരിയിരുന്നു ചെറുപ്പക്കാരൻെറ കണ്ണുക ളിൽ കണ്ണുകൾ നട്ടു് ചോദിക്കുന്നു.

"വാട്ട് കേൻ ഐ ഡു ഫോർ യൂ?"

"ഒരു സ്ഥലത്തെക്കുറിച്ചാണു്—"

ചെറുപ്പക്കാരൻ ഒരോഫീസിൻെറ പേർ പറയു ന്നു; ഒരു പ്രൈവററ് ഫേം സ്ഥിതിചെയ്യുന്ന ഓഫീസാ ണു്. വിശദമായി പറഞ്ഞു മനസ്സിലാക്കുന്നു. ഒടുവി ലെല്ലാം കഴിഞ്ഞിറങ്ങുമ്പോൾ ആദരവോടെ പറയുന്നു.

"വളരെ ഉപകാരം. ഐ അം ന്യൂ ടു ദിസ് പ്ലെയ്സ്."

മന്ദഹസിച്ചു തലയാട്ടുന്നു.

പിറേറന്നു് കൂടുതലടുപ്പം തോന്നിക്കുന്നു. കൂടുതൽ സ്വാതന്ത്ര്യവും. പരിചയപൂർവ്വം ഇങ്ങോട്ടു പറയുന്നു.

"ഗുഡ് ഈവിനിങ്ങ്, സാർ—"

"ഗുഡ് ഈവിനിങ്ങ്!"

കോണിപ്പടികൾ കയറുമ്പോൾ ചോദ്യം.

"അവിടെ പോയിരുന്നോ?"

"പോയി, സാർ!"

"എന്നിട്ടെന്താണു്" എന്നു ചോദിക്കുവാൻ പോവുകയായിരുന്നു. പെട്ടെന്നു് തോന്നി, ആ ചോദ്യം അസ്ഥാനത്തല്ലേ. അന്യരുടെ കാര്യങ്ങളിലെന്തിനാണു് തലയിടുന്നതു്.

ചെറുപ്പക്കാരൻ വീണ്ടും വന്നുകൊണ്ടിരുന്നു.

ഓരോരിക്കലും ഓരോരോ സ്ഥലങ്ങളെക്കുറിച്ചു് ചോദിക്കുവാൻ.

നാളുകൾ കഴിയുംതോറും കണ്ണുകളിലെ പ്രസാദം കുറഞ്ഞുകുറഞ്ഞുകൊണ്ടിരുന്നു. എണ്ണമിഴിപ്പുണ്ടായിരുന്ന ചീകിയൊതുക്കിയിരുന്ന തലമുടിയിഴകൾ നെററിയിലേയ്ക്കു കുതറി വീണുകിടന്നു. ജീവനും ഓജസ്സും നേർത്തുവന്നു. അലക്കിത്തേച്ച ശുഭ്രവസ്ത്രങ്ങളുടെ സ്ഥാനം നിറംമങ്ങലുള്ള ഉടുപ്പുകൾ ഏറെറടുത്തു. എന്തോ സംഭവിക്കാൻ പാടില്ലാത്തതു് സംഭവിക്കുന്നുണ്ടെന്നു് വ്യക്തമായിരുന്നു.

ഒരു പൂർണ്ണരാവിലാണു്. ടെറസ്സിലെ, കറുത്ത ചളി അടിഞ്ഞു് കിടക്കുന്ന ഇഷ്ടികക്കല്ലുകളിൽപോലും നീലാവിൻെറ പൂഞ്ചിറകുകൾ സൗകുമാര്യം പൂശിയിരുന്നു. തണുത്ത കാററിൽ, നിരത്തുവക്കിൽ കോർത്തുവില്ക്കുന്ന കടമുല്ലപ്പൂക്കളുടെ സൌരഭ്യം പരന്നുനിന്നു.

ചെറുപ്പക്കാരനും പെൺകുട്ടിയും ടെറസ്സിൻെറ മൂകമായ ഒരു മൂലയിൽ ചേർന്നിരിക്കുന്നതു കണ്ടു. അവളുടെ കൈപ്പത്തികൾ അയാളുടെ കരങ്ങളിലാണു്.

അയാളും മന്ദഹസിക്കുന്നുണ്ടു്.

അവളുടെ ചുണ്ടുകളിൽ നനവൂറിനിന്നിരുന്നു. കണ്ണുകളിൽ നറുനിലാവു് മുത്തമിട്ടിരുന്നു. അവളെന്തോ മന്ത്രിച്ചു. അയാറം കവിളുകളിൽ നുള്ളി. ഇക്കിളിയോടെ വളകളുടയുംപോലെ അവറം പൊട്ടിച്ചിരിച്ചു! മുഖം ചുവന്നു തുടുത്തു. നനുത്ത ബ്ലൌസിലൂടെ വ്യക്തമായി കാണാവുന്ന ഉരുണ്ടുയർന്ന അവളുടെ മാറിടങ്ങളിൽ രോമാഞ്ചരേഖകറം വിരിഞ്ഞുനിന്നു.

മനസ്സിനെ ശാസിച്ചു.

നോക്കിനില്ക്കരുതു........

ഇതൊന്നും ഒരിക്കലും നോക്കിനില്ക്കരുതു്.

—നിനക്കു് എന്നെന്നേക്കുമായി നഷ്ടപ്പെട്ടതാണല്ലോ ഇതെല്ലാം. പടിഞ്ഞാറൻമേഘങ്ങളുടെ ധമനികറം പൊട്ടിയൊലിക്കുമ്പോറം നിന്നെ കാത്തുനില്ക്കുവാൻ കുങ്കുമപ്പൊട്ടുതൊട്ടുനില്ക്കുന്ന ഒരു മുഖം ഒരിക്കലും ഉണ്ടാവുകയില്ല. സായംസന്ധ്യയെ അന്ധകാരം കോരിവാരിക്കുടിക്കുമ്പോറം വരണ്ട നിന്റെ ചുണ്ടുകളെ തേനുമ്മകറംകൊണ്ടു് നനച്ചുതരുവാൻ ആരുമില്ല. കടന്നുപോകുന്ന ചൈത്രപൌർണ്ണമികളിൽ മെയ്യുരുമ്മിയിരിക്കാനും കോരിത്തരിപ്പുകളുടെ വിരുന്നൂട്ടുവാനും നിനക്കാരുമില്ല, ഉണ്ടാവുകയുമില്ല.

....ഉണ്ടായിരുന്നതാണെല്ലാം.....

കടിഞ്ഞാണിടുക.

മനസ്സിനെ നിയന്ത്രണത്തിൽ നിർത്തുക.

## രണ്ടു്

പരിചയത്തിന്റെ സീമകൾ അടുത്തപ്പോൾ പിന്നീടൊരിക്കൽ ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. അഭിനയിക്കപ്പെടുന്ന ഉദ്ദേശ്യശൂന്യതയോടെ വാക്കുകൾ വീഴുന്നു.

"നിങ്ങളുടെകൂടെ ഒരു പെൺകുട്ടി—"

"എന്റെ ഭാര്യയാണു്; സ്മൃതി."

സ്മൃതി! വിസ്മൃതിയിലാണ്ട എന്റെ സ്വപ്നങ്ങൾ, നിങ്ങളുടെ സ്മൃതി, രാത്രികളുടെ തണുവുപുരണ്ട ഏകാന്തതകളിൽ മനസ്സിന്റെ പുൽമേടുകളിൽ രക്തമൂറുന്ന ഒരു മൃതദേഹംപോലെ വലിച്ചിടുകയുണ്ടായല്ലോ!

എന്റെ സ്വപ്നങ്ങൾ!

സ്വ....പ്ന....ങ്ങ....ൾ!....

ബ്ളാക്കുകോഫി ചൂടാററി ഊതിയൂതി കുടിക്കുകയാണു് ചെറുപ്പക്കാരൻ. അയാളുടെ ഉന്തിനില്ക്കുന്ന പ്രാകൃതമായ കവിളെല്ലുകളിൽ ഒരു കിനാവിന്റെ ജീവനുള്ള നിലാവലകൾ നീന്തിനീങ്ങി. ആവിപാറുന്ന ആവരണത്തിനു പിറകിൽനിന്നു മുഖം ചെമക്കുന്നതു കണ്ടു. ചെറുപ്പക്കാരൻ മെല്ലെ മുഖമുയർത്തി. വലം കൈകൊണ്ടു് ചുണ്ടുകൾ ഒപ്പി പറഞ്ഞു:

"അതൊരു കഥയാണു്, സാർ!"

"ങ്ങ്ം—"

ചെറുപ്പക്കാരൻ അരികിലേക്കു് നീങ്ങിയിരുന്നു. തുറന്നുകിടക്കുന്ന വാതിലുകളെ സംശയത്തോടെ നോട്ടമിട്ടു പറഞ്ഞു:

"ഞങ്ങളുടേതു് ഒരു പ്രേമവിവാഹമായിരുന്നു."

പ്രേമവിവാഹം....പ്രേമ്....

നാശം. വീണ്ടും അതിന്റെ കഥതന്നെ.

ദൈവം ശപിക്കപ്പെടട്ടെ. പ്രേമം എന്ന വികാരം മനുഷ്യനു നൽകിയ ദൈവം എന്ന പിശാചു് ശപിക്കപ്പെടട്ടെ. പതിനൊന്നു വർഷങ്ങൾക്കുമുമ്പു് പ്രേമത്തിന്റെ പേരിൽ പൊട്ടിത്തകർന്ന ഒരു ജീവിതത്തെക്കുറിച്ചോറിയാം. പതറിയ കാലടികളോടെ ഇറങ്ങിപ്പോരുമ്പോൾ കാല്ക്കീഴിൽ ഞെരിഞ്ഞമർന്നതു് മഞ്ഞുമണികൾ ചുമക്കുന്ന തൊട്ടാവാടികളല്ല, തലയിലേററിനടന്നിരുന്ന അഭിലാഷലക്ഷങ്ങളായിരുന്നു. അവയുടെ മരവിപ്പിക്കുന്ന നിഴലിൽ ലക്ഷ്യം ലഗാനുമില്ലാത്ത ഒരു ജീവിതം നയിക്കേണ്ടിവന്ന നീണ്ട പതിനൊന്നു വർഷങ്ങൾ മാപ്പുസാക്ഷികളായി നില്ക്കുന്നു. ഒരൊളിച്ചുമാററം സാദ്ധ്യമല്ല.

—നിന്റെ മുഖത്തുതന്നെയുണ്ടല്ലോ ആ പാടുകൾ!

ഒരു പെൺകുട്ടി.

തൊടിയിലെ തുമ്പപ്പൂക്കളും തുളസിച്ചെടികളുമായിരുന്നു അവളുടെ കളിത്തോഴികൾ. ചെമ്പരുത്തിപ്പൂക്കളുടെ തുടുതുടുപ്പുണ്ടായിരുന്നു ആ മുഖത്തിനു്. നന്ത്യാർവട്ടത്തിന്റെ വെണ്മയും ശുഭ്രതയും മുററിയ മനസ്സു്. ചിത്രശലഭങ്ങളുടെ പൂക്കളുള്ള ഉടുപ്പാണിടുക. പിന്നിൽ ഭംഗിയിൽ ഞൊറിഞ്ഞു കെട്ടിവെച്ചിരിക്കും.

മുള്ളുകൾ കൂസാതെ വലിഞ്ഞുകേറി കൈതപ്പൂക്കൾ പറിച്ചുകൊടുക്കും.

പേരയ്ക്കു എന്തിഷ്ടമായിരുന്നെന്നോ!

— ഇന്നല്ല സാർ! വർഷങ്ങൾക്കുമുമ്പു്....

വർഷങ്ങൾക്ക വളച്ച്യയെത്തി. കുതിച്ചൊഴുകുന്ന അരുവിയിലൂടെ നീർമരുതിൻെറ പൂക്കൾ പലവട്ടം ഒഴുകിയൊലിച്ചുപോയി. ശതാവരികൾ പുഷ്പിച്ചു്, വീണ്ടും പുഷ്പിക്കാനായിമാത്രം കൊഴിഞ്ഞുവീണു.

പരൽമീനുകളെപ്പോലെ വാചാലങ്ങളാവുന്ന കണ്ണുകൾ. മനസ്സിൽ പ്രണയം പുഷ്പഗന്ധംപോലെ പടരുന്നു. ഓരോ ചലനവും മാദകത്വം പരത്തുമ്പോൾ, വഴങ്ങിക്കൊടുക്കുവാൻ വിങ്ങിപ്പൊട്ടലോടെ യാചിക്കുമ്പോൾ ഓരോ ചിന്തകളും ഒരൊററ ലക്ഷ്യത്തിലേയ്ക്കു കുതിക്കുന്നു. ശരീരത്തിൽ രോമാഞ്ചം കതിരിടുമ്പോൾ അടിപ്പാവാടകൾപോലും പുളകത്താൽ പുളയുന്നു. അപ്പോഴറിയുന്നു:

ഒരു കാത്തിരിപ്പ് ആരംഭിച്ചുകഴിഞ്ഞു!

മാനത്തു് ഒരു ചന്ദ്രൻ. കുറേ കുറേ നക്ഷത്രങ്ങൾ. പൂവിതളുകൾ കൊഴിഞ്ഞടന്നതുപോലെ വെണ്മേഘമാലകളുടെ പരപ്പ്. മാറിടത്തിൽ മലൎന്നുകിടക്കുമ്പോൾ ചുരുണ്ടിരുണ്ട വാർകൂന്തലിൽനിന്നു് കുറുന്തോട്ടിയുടേയും കർപ്പൂരത്തിൻേറയും മാദകമായ സുഗന്ധം പരക്കുന്നു.

"സ്മൃതി!"

"എന്തോ?"

ലജ്ജയാൽ കൂമ്പിയ കൺപോളകൾ വിറയാൎന്നു വിടരുമ്പോൾ കരിനീലമത്സ്യങ്ങളെപ്പോലെ ചടുലങ്ങളായ കണ്മണികൾ കഥപറയാൻ വെമ്പുന്നു.

ഒരു പൂങ്കുയിൽ നീട്ടിപാടുന്നു.

ഒരു പൂവിതൾ അസൂയയാൽ കൊഴിഞ്ഞുവീഴുന്നു.

വയലററുനിറത്തിലുള്ള സാരിക്കടിയിൽ വളർച്ച യെത്തിയ ശരീരഭാഗങ്ങളിൽ രോമാഞ്ചം കതിരിടു മ്പോൾ ചുണ്ടുകൾ ചുണ്ടുകളിലമരുന്നു. കവിളുകൾ ക വിളുകളിലുരുമ്മുന്നു. ആലിംഗനത്തിലമരുന്ന ഉടയാട കളിൽ ഉന്മേഷം തത്തുന്നു.

നെററിയിലെ കുങ്കുമപ്പാടു പരക്കുന്നു.

"എന്നെ സ്നേഹമുണ്ടോ?"

"ഇല്ല!"

"സത്യം?"

മുഖത്തു ചോര പാഞ്ഞുകയറുന്നു.

പരിഭവം!

"ഞാൻ പോവ്വാണു്!"

"വരട്ടെന്നു്........"

സാരിയുടെ തുമ്പിൽ പിടികൂടുന്നു. പോകാൻ ഭാ വിക്കുന്നവളെ അരികിലേക്കടുപ്പിക്കുന്നു.

"എന്നോടു് സ്നേഹമില്ല, ഇല്ല."

മാറിടത്തിലേക്കു തളർന്നു വീഴുമ്പോൾ,

പുളകപ്രദമായ ആ പ്രണവം:

"ഓമനേ! എൻെറയോമനേ...."

അരളിപ്പൂക്കുട്ടുകൾക്കപ്പുറത്താണു് ആകാശം. ആകാ ശത്താണു് മേഘങ്ങൾ. മേഘങ്ങളുടെ തോണിയിൽ ചന്ദ്രനും. അരളിപ്പൂവിതളുകൾ ആകാശത്തോടു് ശൃംഗ രിക്കുന്നു: എന്നെ സ്നേഹമുണ്ടോ? ആകാശമേഘങ്ങൾ ചന്ദ്രനോടു് പരിഭവിക്കുന്നു: എന്നെ സ്നേഹമുണ്ടോ?

ലജ്ജിച്ചുകൊണ്ടു് ചന്ദ്രൻ അവരുടെ കരതലത്തിൽ തിരുമുഖം മറയ്ക്കുമ്പോഠം നക്ഷത്രകന്യകകഠം ചിരിച്ചുചിരിച്ചു കുഴയുന്നു.

"സ്മൃതി! നീയില്ലാത്ത ജീവിതം—"

—ചെറുപ്പക്കാരാ, നിങ്ങളീകഥകഠം എന്നോടു പറയരുതു്. മുമ്പായിരുന്നെങ്കിൽ ഞാൻ പറഞ്ഞുതന്നേനെ, പതിനൊന്നു വഷങ്ങളിലൂടെ യൗവ്വനവും സ്വപ്നങ്ങളും ചൂതാടിത്തീത്ത ഒരു യുവാവിൻെറ ഹൃദയസ്പൃക്കായ കഥ. ഇന്നതിനും വയ്യാതായിരിക്കുന്നു. ഞാൻ ഞാനല്ലാതായിരിക്കുന്നു!

ചെറുപ്പക്കാരൻ ചോദിക്കുന്നു:

"സാർ! അങ്ങു് പ്രേമിച്ചിട്ടുണ്ടോ?"

"ഇല്ല."

"പ്രേമിച്ചിട്ടുള്ളവർക്കേ അതിൻെറ വേദനയറിയൂ!"

ഞാൻ പ്രേമിച്ചിട്ടില്ല!

എനിക്കതിൻെറ വേദനയുമറിയില്ല!!

ചെറുപ്പക്കാരൻ പ്രേമത്തിൻെറ വേദനകളെക്കുറിച്ചു പറയുന്നു. അവളുടെ വീട്ടുവാതില്ക്കൽ ഒരുനിമിഷത്തെ ദർശനമാത്രയ്ക്കായി കാത്തുനില്ക്കുമ്പോഴുള്ള ആനന്ദംപുരണ്ട വേദന. കാണാത്ത ദിവസങ്ങളിൽ ഏകാന്തമൂകങ്ങളായ രാത്രിയാമങ്ങളിലെ നിദ്രാരഹിതങ്ങളായ നിമിഷങ്ങളുടുന്ന നൊമ്പരങ്ങഠം. ഇളകുന്ന നനനനുത്ത തിരശ്ശീലകഠംക്കുപിന്നിൽനിന്നു്, വികസിച്ച മുഖത്തെ തിളക്കം കതിരിട്ടുനില്ക്കുന്ന കടക്കണ്ണുകഠം ഇള

കിക്കളിച്ചു് ഇക്കിളിപകരുമ്പോഠം ഉണന്നുയരുന്ന പ്രതീക്ഷകളുടെ നൈമിഷികത.

—എനിക്കറിയില്ലല്ലോ കുഞ്ഞേ, ഇതൊന്നും!

ചീകിയൊതുക്കാത്ത മുടിച്ചുരുളുകഠം മാടിയൊതുക്കുന്ന ശക്തങ്ങളായ കൈത്തണ്ടകഠം ഇറുകെപ്പിടിച്ചു് പെൺകുട്ടി കരയുന്നു.

"ഓമനേ—"

"—"

"കരയരുതു്....കരയരുതു്...."

"ഞാനെങ്ങിനെ കരയാതിരിക്കും?"

നിഷേധങ്ങളുടെ മതിൽക്കോട്ടകഠം തകൎത്തു് അരികിലേക്കെത്തിച്ച മനക്കരുത്തു് പൂഴിക്കൊട്ടാരംപോലെ പുഴങ്ങുന്നു. അലയടിക്കുന്ന തിരമാലക്കൈകളുടെ നിത്യമായ ശോകഗാനത്തിന്റെ താളലയത്തിൽ വാക്കുകളിഴയുന്നു. ഇന്നിന്റെയും നാളെയുടേയും ഇടയിലുള്ള തണുത്ത രാത്രിയുടെ ദുഃഖം, ഉറഞ്ഞുകൂടിയ മഞ്ഞുതുള്ളികളായി നിപതിക്കുമ്പോഠം അയാളന്വേഷിക്കുന്നു:

"എന്തുണ്ടായി?"

"..........."

"പറയൂ, മടിക്കരുതു്."

"അച്ഛൻ—"

എവിടെയും കേഠംക്കുന്ന ആ കഥതന്നെ.

കൊല്ലങ്ങളുടെ കറുത്ത അനുഭവങ്ങഠം കൂൎത്ത കരിങ്കൽച്ചില്ലുകഠംപോലെ മനസ്സിൽ മായാതെ തറഞ്ഞുകിടക്കുന്ന അച്ഛൻ വിളിക്കുന്നു:

"സ്മൃതീ."!

"എന്താണച്ഛാ!"

"ഈ ബന്ധം നിനക്കു വേണ്ട!"

തലതാഴ്ത്തിനില്ക്കുന്നു. മുഖത്തടിക്കുന്ന ടേബിൾ ലാമ്പിന്റെ നീലപ്രകാശത്തിൽപോലും മുഖം തുടുക്കുകയും, വിതുമ്പൽ തൊണ്ടയിൽ വന്നുമുട്ടി മരിക്കുമ്പോൾ, കാലം നരകയററിയ നേർത്ത മുടിയിഴകളിൽ വിരലോടിച്ചുകൊണ്ടു് അച്ഛൻ:

"മതി. നീയിനി അയാളെ കണ്ടുപോവരുതു്?"

പൊട്ടിവീണ നിശ്ശബ്ദത.

കറുത്ത ശബ്ദം:

"മനസ്സിലായോ?"

ഉള്ളിന്റെ ഉള്ളിൽ:

മനസ്സിലാവരുതേ....മനസ്സിലാവരുതേ....

എന്റെ എല്ലാമായവനേ....

പുറവം ഉരുക്കിന്റെ കോട്ട ഉയരുന്നു. നോട്ടം നിറഞ്ഞ കണ്ണുകൾ. കട്ടിയുള്ള കട്ടുകളിളകുമ്പോൾ, ഉരുക്കിന്റെ ജനലഴികൾ ഉരുമ്മാത്ത ഇളംചൂടുള്ള കവിളിണകളുടെ സ്വപ്നസുഖത്തിന്നായി, തഴുകാത്ത ഉഷ്ണള നിശ്വാസങ്ങളുടെ സാമീപ്യത്തിന്നായി ദാഹിക്കുന്നു.

രാത്രിയിൽ പട്ടുതലയിണയിൽ മുഖമമർത്തി കമിഴ്ന്നുകിടന്നു് വിതുമ്പുന്ന യൗവ്വനം; കറുത്ത രോമങ്ങളുള്ള വെളുത്ത നീലഞരമ്പുകൾ എഴുന്നുനില്ക്കുന്ന ഒരു കൈത്തണ്ടയുടെ ആലിംഗനത്തിലമരാൻ മോഹിച്ചുഴലുന്നു.

കൈകൾ തഴുകുമ്പോൾ ഞെട്ടിത്തെറിക്കുന്നു. അമ്മയാണ്.

"മോളേ...."

"അമ്മേ!"

"നിക്ക് നീയല്ലേ ഉള്ളൂ...."

ശരിയാണ്. അമ്മയ്ക്ക് ഞാൻ മാത്രമേയുള്ളൂ. എൻെറ കണ്ണുകളിൽ കരിമഷി എഴുതിത്തരുമ്പോൾ മാത്രം അമ്മ മനുഷ്യസ്ത്രീയാവുന്നു. എൻെറ നെററിയിൽ കുങ്കുമപ്പൊട്ട് തൊടാനായിമാത്രം അമ്മയ്ക്ക് ദൈവം വിരലുകൾ കൊടുത്തിരിക്കുന്നു. എന്നെ ഊട്ടാനും ഉറക്കാനും കാത്തുസൂക്ഷിക്കുവാനുമായി മാത്രമാണ് അമ്മയെ ഈശ്വരൻ സൃഷ്ടിച്ചത്. അച്ഛനുവേണ്ടിപ്പോലുമല്ല. അച്ഛന് അമ്മയെ വലിയ ആവശ്യവുമില്ല. മിസ് വാസന്തിയുടെയോ മിസ്സിസ് മേനോൻെറയോ ലിപ്സ്റ്റിക്കിട്ട ചുണ്ടുകളാണ് അച്ഛന് അധികമിഷ്ടം. എന്നും ഇരുപത്തുവയസ്സുള്ള മിസ്സിസ് മേനോൻെറ അവയവക്കൊഴുപ്പൊന്നും അമ്മക്കില്ലല്ലോ. വിസ്കിയുടെ മണം പൊങ്ങുമ്പോൾ അമ്മയ്ക്ക് ഓക്കാനംവരുമല്ലോ.

അതുകൊണ്ടമ്മ പറയുന്നു:

"മോള് അച്ഛനെ ധിക്കരിക്കരുത്."

ഇല്ലമ്മേ, എന്ന് പറയണമെന്നുണ്ട്. പക്ഷേ....

"അച്ഛനെ മോള്ക്കറിയില്ലേ?"

നല്ലവണ്ണം അറിയുന്നു.

"മോള് അമ്മയ്ക്കില്ലാതാവരുത്..... എന്നാൽ...."

വാചാലമായ നിശ്ശബ്ദത.

“അമ്മയുമില്ലാതാവും!”

പക്ഷേ, അച്ഛൻ കൊണ്ടുവരുന്ന, കല്യാണാലോചനകളുടെ കൊടുങ്കാററിനെ തടയാനാവാതാകുമ്പോൾ സ്വന്തം സ്ത്രീത്വത്തെ അറിഞ്ഞുകൊണ്ട് കഴുത്തുഞെരിക്കാൻ സമ്മതിക്കാതാവുമ്പോൾ, നിഷ്കളങ്കതയഭിനയിച്ച് അമ്മയോടു കൊഞ്ചിച്ചോദിക്കുന്നു:

“ഞാൻ മാലതിയുടെ വീട്ടിൽ പോട്ടേ?”

“ഉം—”

മാലതിയുടെ വീട് എവിടെയാണെന്ന് അമ്മയ്ക്കറിയില്ലല്ലോ. മാലതിയുടെ അയൽവക്കത്ത് സ്വപ്നം കാണുന്ന കണ്ണുകളുള്ള ഒരു ചെറുപ്പക്കാരനുള്ളതും അമ്മയ്ക്കറിയില്ലല്ലോ. അമ്മയുടെ മോൾ സുഷുപ്തിയിലും സ്വപ്നം കാണുന്നത് ആ ചെറുപ്പക്കാരനെയാണെന്ന് അമ്മയുണ്ടോ അറിയുന്നു!

എല്ലാം കേട്ടുകഴിയുമ്പോൾ സമാധാനിപ്പിക്കുന്നു:

“സ്മൃതി! എന്നെ വിശ്വാസമില്ലേ?”

ചുണ്ടുകൾ കൈപ്പടങ്ങളിലമരുന്നു. ഓർമ്മിപ്പിക്കുന്നു:

“അങ്ങ് തയ്യാറായിരിക്കണേ!”

കതിർമണ്ഡപവും, നിലവിളക്കും, നിറപറയും ഒരുങ്ങിക്കഴിയുമ്പോൾ നാഗസ്വരമേളത്തിൻെറ ഇമ്പം പൂണ്ട നാദം കാതുകളെ വിരുന്നൂട്ടുമ്പോൾ, വെള്ളിടിപോലെ ആ വാർത്തയെത്തുന്നു:

വധുവെ കാണ്മാനില്ല....

അമ്മ മോഹാലസ്യപ്പെട്ട് വീഴുന്നു.

അച്ഛൻ—

—സാർ! എല്ലാം കഴിഞ്ഞു് മൂന്നുമാസമായി!

ചെറുപ്പക്കാരൻ പടികളിറങ്ങി പോയ്ക്കഴിഞ്ഞു. മഴച്ചാറലിൽനിന്നു് രക്ഷപ്പെടാനായി കുട നിവത്തി കുനിഞ്ഞുനീങ്ങുന്ന ഈ രൂപം മൂന്നുമാസങ്ങൾക്കുമുമ്പു കല്യാണമണ്ഡപത്തിൽനിന്നു് കാമിനിയെ കട്ടുകൊണ്ടു വന്ന ധീരതയ്ക്കവകാശിയാണെന്നു് വിശ്വസിക്കാൻ വിഷമംതോന്നി. മൂന്നു മാസങ്ങൾ മൂന്നൂറു വർഷങ്ങളുടെ തേമാനം വരുത്തിയിരിക്കുന്നു ജീവിതത്തിൽ.

തെരുവിൻെറ തിരുവിൽ അയാൾ മറഞ്ഞു.

വളകിലുക്കം കേട്ടു.

വാതിലുകളടയുന്ന ശബ്ദവും.

ദൈവം നിങ്ങളെ രക്ഷിക്കട്ടെ! ചെറുപ്പക്കാരെ, ഡിസംബറിലെ പുലരികളിൽ നിർല്ലോഭമായി ചൊരിയുന്ന മഞ്ഞുകണങ്ങളെപ്പോലെ ദൈവം ഭാഗ്യത്തിൻെറ പുഷ്പവൃഷ്ടി നിങ്ങളിലെങ്കിലും നടത്തട്ടെ.

ഭൂതത്തേയും ഭാവിയേയും ബന്ധിപ്പിക്കുന്ന ഇന്നിൻെറ നനുത്തൊരു കണ്ണിപോലെ, പടിഞ്ഞാറൻ ചക്രവാളത്തിൽ തെളിഞ്ഞുകാണുന്ന നീണ്ട നീലരേഖ അലിഞ്ഞലിഞ്ഞു് ഇല്ലായ്മയിൽ ലയിക്കുന്നതു് തുറന്നുകിടക്കുന്ന ജാലകങ്ങളിലൂടെ കാണായി.

ദൂരത്തുനിന്നു ടാക്സികളുടെ ഹോണടികൾ കേട്ടു.

ഓക്കാപ്പുറത്തെന്നോണം ഇതാ മറെറാരു പ്രഭാതം കൂടി.

## മൂന്നു്

ഷേവ് ചെയ്യേണ്ടെന്നു നിശ്ചയിച്ചു്, കുളിച്ചുവന്നു് കുളന്നുവിറച്ചു നില്ക്കുമ്പോഠം യന്ത്രശാലയിൽനിന്നു് സൈറൻ ഉയന്നുമുഴങ്ങുന്നതു കേട്ടു. അയാഠം ജാലകങ്ങളോളം നടന്നുചെന്നു് പുറത്തു നോക്കിനിന്നു. തൊഴിലാളികഠം തുറന്ന ഫാക്ടറിഗേററം കടന്നു് അകത്തേയ്ക്കു തിരക്കിട്ടു നടന്നുപോയി.

അവസാനത്തെ മനുഷ്യനും അകത്തായപ്പോഠം ഗേററ്കീപ്പർ മാത്രം ശേഷിച്ചു.

വൃദ്ധൻെറ കാക്കിക്കുപ്പായം ഉന്തിനില്ക്കുന്ന മാറെല്ലുകളെ സംരക്ഷിക്കുന്നു.

അപ്പോഠം പെട്ടെന്നു് നീലനിറത്തിലുള്ള നീണ്ട കാർ വന്നു. മുതലാളിയുടെ കാർ. വൃദ്ധൻ ചാടിയെണീററു സലാംചെയ്തു്, അലൂമിനിയം പൂശിയ ഗേററുകഠം ആദരവോടെ വലിച്ചുതുറക്കുകയായി. മുന്നിലുള്ള പൂന്തോട്ടത്തിലെ മഞ്ഞഡാലിയകളോടടുത്തപ്പോഠം കാർ നിന്നു. മുതലാളി പുറത്തിറങ്ങി. വൃദ്ധൻ ഓടിച്ചെന്നു. മുതലാളി എന്തോ ശാസിക്കുകയാണെന്നു് മുഖഭാവം കൊണ്ടു വ്യക്തമാണു്.

മുതലാളി വീണ്ടും കാറിൽക്കയറി നീങ്ങിയപ്പോഠം വൃദ്ധൻ സ്വസ്ഥാനത്തു വന്നുനിന്നു. താളക്രമത്തിൽ മുഴങ്ങുന്ന യന്ത്രങ്ങളുടെ പരുത്ത ശബ്ദങ്ങഠം കുളുമ്മയുള്ള പ്രഭാതാന്തരീക്ഷത്തിൽ വിഷജ്വാലകഠംപോലെ ആഴ്ന്നിറങ്ങിക്കൊണ്ടിരുന്നു.

ചെളിവെള്ളം തളംകെട്ടിനില്ക്കുന്ന, കുളവാഴകളും ജലസസ്യങ്ങളും ഇടതൂർന്നുനില്ക്കുന്ന തടാകത്തിൽ നേർത്ത വെൽവെററുപോലെ ഊതനിറത്തിലുള്ള ഭംഗിയില്ലാത്ത പൂക്കാം പരന്നുനിൽപ്പുണ്ടു്. എല്ലാം ഈയൊരു പ്രഭാതത്തിൽ പൊട്ടിവിരിഞ്ഞതാകണം. അതെ, വന്നിരിക്കുന്നു, ഇവിടെയും വസന്തഭംഗികാം ചിത്രം വരച്ചിട്ടിരിക്കുന്നു.

കുളവാഴകാം ഇളകിമാറുന്നതു കണ്ടു.

നീർക്കോലിപ്പാമ്പുകാം പാഞ്ഞുപോയതാകാം. ഇണചേരുന്ന തവളകളുടെ ചെവിടടപ്പിക്കുന്ന ചിലയ്ക്കലുകാം ഉയരുന്ന നനഞ്ഞ ജൂൺമാസരാത്രികളിൽമാത്രം ഈ തടാകത്തെ വെറുക്കാതിരുന്നിട്ടുണ്ടു്.

മിററിനുമുന്നിൽ ചെന്നു് മുടിചീകുവാൻ അയാാം ശ്രമിച്ചു.

പല്ലുകാം കൊഴിഞ്ഞുപോയ ചീപ്പിൽനിന്ന മുടിയിഴകാം എളുപ്പത്തിൽ വഴുതിമാറുന്നതു കണ്ടു. ഒരു വിധം ചീകിയെന്നു വരുത്തി. ചുവപ്പുനിറമുള്ള ഈ കണ്ണുകാം കണ്ടാൽ മതി, അടുത്ത ടേബിളിൽനിന്നു് നിർമ്മല വിളിച്ചുചോദിക്കും:

"ശ്യാം."

"എന്താണു്?"

"ഹെവിലി ഡ്രിങ്കു്, യസ്റ്റർഡെ?"

"ഡോണ്ടു് ജോക്കു്—"

പിന്നെ ഒരു കള്ളച്ചിരിയോടെ തലതാഴ്ത്തി ടൈപ്പ്റൈററിന്റെ ഇംഗ്ലീഷക്ഷരങ്ങാം കൊത്തിപ്പിടിപ്പിച്ച ഇരുമ്പുകട്ടകളിൽ വിരലമർത്തും.

ടക്....ടക്....

ശബ്ദങ്ങൾ അക്ഷരങ്ങൾ കൊത്തിവെക്കുന്ന നിമിഷങ്ങളിൽ, ഞൊറങ്ങിമാറുന്ന വെള്ളപ്പും മഞ്ഞയുമായ കടലാസ്സുകൾക്കിടയിൽ ഞെരിയുന്ന കാർബ്ബൺപേപ്പറുകൾ പെരുപ്പിച്ചുണ്ടാക്കുന്ന കോപ്പികൾക്കു് നിറംമങ്ങലുണ്ടാക്കും. വേഗതയോടെ ചലിക്കുന്ന നിർമ്മലയുടെ കൈത്തണ്ടകൾ കണ്ടിരിക്കുക ഒരു സുഖമാണു്.

വെളുത്തുചുകന്ന കൈത്തണ്ടകൾ.

മടക്കിയ ഫയലുകൾക്കുമുന്നിൽ, ഫാനിൻെറ ഇളംചൂടുള്ള വായുവലകളിലിരിക്കുമ്പോൾ അക്ഷരങ്ങളായി ടാഹിച്ചുശബ്ദിക്കുന്ന സ്പന്ദനങ്ങളിലൂടെ മണിക്കൂറുകളിഴയുന്നു.

കാഡ്ബറീസിൻെറ പാക്കററെടുത്തു്, മുന്തിരിക്കുലകൾ പഴുത്തുതൂങ്ങുന്ന റാപ്പർ കീറിക്കളഞ്ഞു് തവിട്ടുനിറത്തിലുള്ള ചോക്കലേററു് ചുവന്ന വിരൽത്തുമ്പുകളിൽ നീട്ടി ചോദിക്കുന്നു:

“പങ്കു്ചേരുന്നോ, മിസ്റ്റർ ശ്യാം?”

“ബൈ ആൾ മീൻസ്—”

ഡസ്ക്കിലേയ്ക്കു കമിഴ്ന്നുകിടന്നു് കൈയ്യേന്തിപ്പിടിച്ചു ചോക്കലേററിൻെറ മധുരം പകരുമ്പോൾ, മുന്നിൽ ഇറക്കിവെട്ടിയ കടുംനീല ബ്ലൗസിനകത്തുനിന്നു് യൗവ്വനം പ്രഖ്യാപിക്കുന്നു: ഞാൻ വളർച്ചയെത്തിയ യുവതിയായിക്കഴിഞ്ഞിരിക്കുന്നു!

തറച്ചിരിക്കുന്ന കണ്ണുകളെ ഉന്മേഷമൂട്ടാൻ അവളിലെ സ്ത്രീയെ സമ്മതിക്കുകയില്ല. വിമുഖതയോടെ

യാണെങ്കിലും. വെള്ളപ്പട്ടുസാരി കഴുത്തിലേയ്ക്കു മാടിക്കയ റുമ്പോഠം പൊറുതിമുട്ടുന്ന യൗവനത്തിനു് പ്രതിഷേ ധിക്കാനാവില്ല.

മാനേജരുടെ മുറിയിലേയ്ക്കു് അപൂർവ്വമായേ വിളി ക്കാറുള്ളു.

"മിസ്റ്റർ ശ്യാം ചന്ദ്രമോഹൻ—"

"യസ്സ് സാർ!"

എണീക്കുമ്പോഠം ലാടംതറച്ച ഷൂസിൻെറ സോ ളുകഠം ഇഷ്ടിക പതിച്ച നിലത്തു് കടകടയെന്നു പതി ഞ്ഞു് ശബ്ദമുയരും.

ടൈ ഒരു കൈകൊണ്ടു ശരിപ്പെടുത്തി. കോട്ടിലെ പൊടി തട്ടിക്കളഞ്ഞു നിവർന്നുനിന്നു് വാതില്ക്കൽ മെല്ലെ കൊട്ടുമ്പോഠം അകത്തുനിന്നു കേഠംക്കാം:

"കം ഇൻ..."

ശകാരിക്കാനാവുമെന്നുറപ്പാണു്.

മാർബ്ബിഠം വിരിച്ച മുറിയുടെ ഒരററത്തു കിടക്കുന്ന, വീതിയുള്ള മേശയ്ക്കുപിന്നിൽ കസേരയിലിരിക്കുന്ന, തടിച്ച കടവയറുള്ള രൂപം കട്ടിയുള്ള കണ്ണാടിക്കീഴിൽ നിന്നു് ഉണ്ടക്കണ്ണുകളോടെ കുററപ്പെടുത്തുന്നു:

വൈ ഡിഡ് യു ഫർഗററ് ദാററ്....

വൈ ഡിഡ് യു ഫാർഗററ് ദിസ്....

യു ഇററസ്പോൺർഠംസിബിഠം ഇഡിയററ്....

ഗുഡ് ഫോർ നത്തിംഗ്....

—താങ്ക് ഗോഡ്.

നിർമ്മലയെ വിളിക്കുന്നതു് അങ്ങനെയല്ല. പ്യൂൺ ഒരു കടലാസ്ക്കഷണം കൊണ്ടുവരുന്നു:

മിസ്സ് നിർമ്മല ഈസ് വാണ്ടഡ് ഇമ്മീഡിയററ്ലി.

പ്രവൃത്തിയവിടെത്തന്നെ നിറുത്തി ടൈപ്പ്റൈററർ അടയ്ക്കുവാൻപോലും മിനക്കെടാതെ അവളെഴുന്നേല്ക്കുമ്പോൾ കണ്ണുകൾ ഇരുവശത്തുമുള്ളവരുടെ കണ്ണുകളിലേയ്ക്കു് കുററബോധത്തോടെ പതിയുന്നതു കാണാം. മർമ്മരമുതിക്കുന്ന സാരിയുടെ ഞൊറിവുകളിലൂടെ കൈയോടിച്ചു് ഒരു മയിൽപ്പേടയെപ്പോലെ അവളകത്തേയ്ക്കു കയറുമ്പോൾ എല്ലാവരും മന്ത്രിക്കുന്ന ശബ്ദങ്ങൾ ചെവിട്ടിലെത്തും. വിജൃംഭിച്ചുനില്ക്കുന്ന അവളുടെ യുവത്വത്തെ മാനേജർപോലും ബഹുമാനിക്കുന്നു.

അവക്കു് നിഷിദ്ധബന്ധങ്ങളുണ്ടെന്നാണു് സംസാരം.

മൈസൂറിലെ വൃന്ദാവനത്തിൽ അവരെ ഒരുമിച്ചു കണ്ടിട്ടുള്ളവരുണ്ടത്രേ. സുഖവാസകേന്ദ്രങ്ങളിൽ കുളിർകോരിയിടുന്ന രാത്രികളിൽ തനിക്കു കിടപ്പുമുറി ഒരുക്കാൻ അവൾതന്നെ വേണമെന്നു് അയാൾക്കു നിർബ്ബന്ധമുണ്ടത്രെ.

ഈ ഗുജറാത്തിസേട്ടുവിൻെറ കൂടെ....

വിശ്വസിക്കരുതെന്നുണ്ടു്.

കാറിൻെറ പിൻസീററിൽ മലച്ചുകിടക്കുന്ന മദ്ദളംപോലുള്ള ഒരു ഭാര്യയുണ്ടയാൾക്കു്. എല്ലാം പ്രദർശിപ്പിക്കുന്ന നനുത്ത വസ്ത്രങ്ങൾ ഉടുക്കുന്ന ഈ ഗുജറാത്തി

പ്പെണ്ണ് ചെറുപ്പത്തിൽ ഗുജറാത്തിത്തെരുവിൻെറ സൗന്ദര്യറാണിയായിരുന്നുപോലും. വെളുത്തുരുണ്ട, എപ്പോഴും ചിലച്ചുകൊണ്ടിരിക്കുന്ന മാനേജരുടെ കുഞ്ഞുങ്ങളേയും കണ്ടിട്ടുണ്ടു്. വെറുക്കുന്നു. വില്പാൻ വെച്ചിട്ടുള്ള മഞ്ഞജമന്തിപ്പൂക്കളെപ്പോലെതന്നെ മധുരം വാരിക്കോരിത്തിന്നുന്ന ഈ ഗുജറാത്തികളെയും വെറുക്കുന്നു.

ജനറൽമാനേജരുടെ അടഞ്ഞുകിടക്കുന്ന മുറിയിൽനിന്നു് പൊട്ടിച്ചിരികളുയരുമ്പോൾ മനസ്സിലാക്കണം, നിർമ്മലയാണകത്തു്. സ്ത്രീത്വത്തെക്കുറിച്ചുണ്ടായിരുന്ന എല്ലാ സുന്ദരസങ്കല്പങ്ങളും തകന്നുപോയതുകൊണ്ടു് ഇന്നു നിർമ്മലയെ ഒരു സ്ത്രീയായിക്കാണ്മാൻ വിഷമമേതുമില്ല.

അടഞ്ഞ വാതിലുകൾ തുറക്കുമ്പോൾ നിർമ്മലയുടെ മുഖം ചുവന്നിരിക്കും. അന്നു് പുറത്തിറങ്ങുമ്പോൾ, ഉറപ്പിച്ചോളൂ, മാനേജർ ചോദിക്കും:

"നിർമ്മല, ഫിനിഷ്ഡ് യുവർ വക്ക്?"

"യെസ്സ് സാർ"

"ദെൻ കം വിത്ത് മി. ഐ വിൽ ഡ്രോപ്പ് യു."

"താങ്ക് യൂ!"

—എൻെറകൂടെ വരിക!

—നന്ദി!!

ഒരിക്കൽമാത്രം നിർമ്മല ആ കഥ പറഞ്ഞിട്ടുണ്ടു്.

അച്ഛനും അമ്മയുമില്ലാത്ത കുടുംബം. ഏററവും മൂത്തവളായി അതിസുന്ദരിയായ പെൺകുട്ടി. വെറും പതിനാറുവയസ്സിൽ വലിയൊരു കുടുംബത്തിൻെറ മുഴുവൻഭാരവും അവളുടെ തലയിൽ വന്നുവീഴുന്നു. അനുജ

ന്മാരുണ്ട്. അവരെ പഠിപ്പിക്കണം. വലിയവരാക്കണം. അനിയത്തിമാരെ നല്ല നിലയിലാക്കണം. എല്ലാം അഭിലാഷങ്ങൾമാത്രം.

ഇനി സങ്കല്പിച്ചോളു, എല്ലാം.

ഓർമ്മയില്ലേ?

വെറും പതിനാറുവയസ്സുകാരി....

സുന്ദരി....

## നാല്

അകത്തൊന്നും സൂക്ഷിക്കാനില്ലെങ്കിലും മെല്ലെ വാതിൽപൂട്ടി അയാൾ പുറത്തിറങ്ങി.

മഴയിലലിഞ്ഞുകിടക്കുന്ന കുഴഞ്ഞ ചളിമണ്ണിൽ കാളവണ്ടികളുടെ ചക്രങ്ങൾ പാടുകൾ പതിച്ചിട്ടുണ്ട്. മാസങ്ങളോളമായി പോളിഷിൻെറ പാടുകൾപോലു മില്ലാത്ത ഷൂവിന്നുചുററും ചളി കട്ടപിടിക്കുന്നു. സാര മാക്കാനില്ല.

തകരയുടെ പരന്ന ഇലകളിൽ ജലകണങ്ങൾ വെയിലേററു തിളങ്ങുന്നു.

കോളേജിലേയ്ക്കു് ഉടുത്തൊരുങ്ങി പോവുന്ന പെൺ കുട്ടികൾ എതിരെ വന്നു.

അവരുടെ പുഞ്ചിരി വിരിഞ്ഞുനില്ക്കുന്ന ചുണ്ടുകൾ ഭംഗിയിൽ ഇളകുന്നതു കാണുക ചേതോഹരമായിരുന്നു. പെൺകുട്ടികളുടെ ചുണ്ടുകൾക്കു് ഇത്രയും ചുകപ്പു നല്കി

-യതെന്തിനാണു്? അവരുടെ സംസാരം പുകക്കീറുകരം പോലെ അകന്നലിഞ്ഞുപോയി.

....സൈക്കോളജി മെയിൻ....

ഫൈൻ ആർട്ട്സ് ക്ലബ്ബ്....

കോളേജ് സോഷ്യൽ....

കാട്ടുചെടികരം വളർന്നുനില്ക്കുന്ന മൈതാനത്തിന്റെ കിഴക്കേ കോണിൽനിന്നു് ചാവാലിപ്പട്ടികരം ചത്തളിഞ്ഞ ഏതോ മൃതശരീരങ്ങരം കാർന്നുതിന്നുന്നുണ്ടു്. മുകളിൽ വട്ടംചുററി പറക്കുന്ന വലിയ പരുന്തുകരം താണുവന്നു് മുകളിലേയ്ക്കുതന്നെ ഉയരുന്നു.

പോലമരങ്ങളിൽ തഴുകുമ്പോരം തെക്കൻകാററിനു് ശബ്ദംകിട്ടുന്നു.

റോഡിന്റെ തിരിവിലെത്തിയപ്പോരം ഇരമ്പിക്കുതിക്കുന്ന ഒരു ലോറി ഉരുമ്മിക്കൊണ്ടെന്നോണം കടന്നുപോയി. എന്നും ഓർമ്മിക്കാറുണ്ടു്: ഇവിടെ ഒരു മരണം കാണാത്തതെന്താണു്. വിലങ്ങനെ ഓടുന്ന കുട്ടി—അല്ലെങ്കിൽ നിയന്ത്രണംവിട്ടു ടോളി തള്ളുന്ന ചെറുപ്പക്കാരൻ—ചെവികേരംക്കാത്ത വൃദ്ധ.

ഒന്നുമില്ല.

എന്നും ഇരമ്പിക്കുതിക്കുന്ന ലോറികരംമാത്രം.

പടർന്നുനിൽക്കുന്ന മാഞ്ചോട്ടിലെത്തിയപ്പോരം അവൻ നിരങ്ങിവരുന്നതു കണ്ടു. ഈറപ്പ് വിട്ടിട്ടില്ലാത്ത കുഴമണ്ണിലിഴയുമ്പോരം വളത്തുനായ് കളിച്ചുമറിഞ്ഞ മുററത്തെന്നപോലെ പാടുകരം കണ്ടു.

ഓ! ഇന്നു് മഴയായിരുന്നല്ലോ. മഴ കൊള്ളാതിരിക്കാനായി അവനെ തണലിലിട്ടിട്ടുപോയതായിരിക്കാം. മഴതോർന്നപ്പോഠം പതിവുസ്ഥലത്തേയ്ക്കു ഇഴഞ്ഞു നീങ്ങി വരികയാണു്.

മുഖത്തോടുമുഖം കണ്ടപ്പോഠം ഒരു മന്ദഹാസം കതിരിട്ടു. എന്നിട്ടു് വേഗത്തിൽ നിരങ്ങുവാൻതുടങ്ങി.

വഷങ്ങഠംക്കുമുമ്പു് ഉയന്ന ട്രപ്പീസിൽനിന്നു് കൈതെററി താഴേയ്ക്കു തെറിച്ചതാണവൻ. പിന്നെ ഒരിക്കലും എണീററുനിന്നിട്ടില്ല. മുറിച്ചുനീക്കിയ രണ്ടു കാലുകഠം മാത്രമാണു് എട്ടുവഷത്തെ സക്കസ്സിലെ ജീവിതം ബാക്കിനല്കിയ സമ്പാദ്യം.

എന്നും രാവിലെ ഉന്തുവണ്ടിയിൽ അവൻ ഇവിടെ എത്തും. അതിനുപിന്നിലുള്ള രഹസ്യം അവളാണു്. വൈകുന്നേരം കൊണ്ടുപോവുന്നതും അവഠംതന്നെ.

അവളെ കണ്ടിട്ടില്ല. പേർപോലുമറിയില്ല.

ഒരുപക്ഷേ, ഭാര്യയായിരിക്കാം അല്ലായിരിക്കാം. പേർ മാലയെന്നോ ചമ്പയെന്നോ ആയിരിക്കാം. അല്ലായിരിക്കാം. അവനിലൂടെമാത്രം അവളെ അറിയുന്നു. ട്രപ്പീസിൽഇടിമിന്നൽപോലെ പറന്നിരുന്ന അവളുമൊത്തുള്ള അഭ്യാസം ഒരുത്സവംതന്നെ ആയിരുന്നുവത്രെ!.

ഗിൽററിൻെറ തിളക്കമുള്ള മുലക്കച്ചകളും, മാംസളങ്ങളായ തുടകളെ പ്രദശിപ്പിക്കുന്ന മുറിക്കാലുകളുമായിരിക്കാം നിനക്കുണ്ടായിരിക്കുക. റിംഗിൽവന്നു് അഭിവാദ്യം സ്വീകരിക്കുവാൻ തലകുനിക്കുമ്പോഠം മുഴങ്ങുന്ന ഹസ്തതാഡനങ്ങഠം ഉയച്ച്താഴ്ച്ചകളുമുള്ള നിൻെറ യുവത്വത്തിൻെറ അഭിനന്ദനക്കുറിപ്പുകഠം മാത്രമായിരിക്കാം,

എന്താണു് അവളേയും അവനേയുമായി ഇന്നും ബന്ധിക്കുന്നതു ? സ്നേഹമായിരിക്കാം. അല്ലായിരിക്കാം. അവനൊരിക്കൽ പറഞ്ഞതോർത്തു. ഇപ്പോഠം ഒരൊററ ദിവസം ഇരുപതുറുപ്പികവരെ വരവുണ്ടാകുമത്രെ. റിംഗിൽ കിടിലംകൊള്ളിക്കുന്ന അഭ്യാസമുറകഠം കാണിച്ചിരുന്നപ്പോഠം അതിൻെറ പാതിപോലും കിട്ടിയിരുന്നില്ല പോലും. ശരിയാണു്. മനുഷ്യൻ സൗന്ദര്യത്തേയും ഭീകരതയേയും ആരാധിക്കുന്നു.

പഴപ്പുകയറിയ കയ്യിലെ പിച്ചപ്പാത്രം നിലത്തു വെച്ചു്, ചെവിക്കത്തിൽനിന്നു് ബിഡിയെടുത്തു കൊളുത്തി അവൻ പറഞ്ഞു: "ബാബുസാഹിബ്, പഴപ്പു കയറുകയാണു്...."

"അതിനുമുമ്പെന്തെങ്കിലും ചെയ്യൂ."

"ചെയ്യാനൊന്നുണ്ടു്!"

"എന്താണു ?"

"ഇതുകൂടി മുറിക്കേണ്ടിവരും ബാബുജീ!"

ഇതും മുറിക്കുക! ബാക്കിയുള്ള ഈ രണ്ടു കൈകളും കൂടി മുറിക്കുക. ഒന്നും സംഭവിക്കാത്തതുപോലെ മലൎന്നു കിടക്കുന്ന അവൻെറ കണ്ണുകളിൽ നോക്കാതിരിക്കാൻ കഴിഞ്ഞില്ല. കണ്ണീരില്ല. കല്ലുത്തയിലെ തീക്ഷ്ണ ഗന്ധങ്ങഠം നിറഞ്ഞ ആ ഹോസ്പിററലിൽവെച്ചു് എല്ലാം അവസാനിച്ചിരിക്കുന്നു.

ഇനി ട്രപ്പീസിൽ പറക്കുകയില്ല. ഇനി സ്പോട്ടു് ലൈററുകഠം തിളങ്ങുന്ന വെളിച്ചം ഒരിക്കലും മഴത്തു ചൊരിയില്ല തലകുനിച്ചു് റിംഗിൽ വന്നുനില്ക്കുമ്പോഠം

മത്സ്യപിടിപ്പിക്കുന്ന ഹസ്തതാഡനങ്ങളുടെ പശ്ചാത്തല ത്തിൽ അഭിമാനഭരിതമാവുന്ന മനസ്സ് മയക്കത്തിലാഴ്ന്നിരിക്കുന്നു.

ഈ വാസ്തവം അവശേഷിക്കുന്നു:

നിനക്കെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു....

ഇരുപത്തിനാലുവയസ്സിൽ, യുവത്വത്തിന്റെ പരിപൂർത്തിയിൽ.

സിമന്റിട്ട നിലത്ത് നിരങ്ങിനീങ്ങുമ്പോൾ ഞെട്ടലോടെ ഓർമ്മിച്ചുപോവുന്നു:

ഇതും ഞാൻതന്നെയാണോ?

ഞാൻ—

"എനിക്കു സങ്കടമുണ്ട്. ബട്ട് വാട്ട് ടു ഡു!"

"എനിക്കറിയാം സാർ."

"എനിക്കറിയാം സാർ."

"ഇതു് കയ്യിൽ വെയ്ക്കൂ. കണക്കുതീർത്ത പണമാണു്—"

.....................

"ഞാൻ പോവട്ടെ, സാർ."

"ശരി—"

................

"ഗുഡ് ലക്ക്!"

ഭാഗ്യം നേരുന്നു. ഭാഗ്യം നേരുന്നു.

മാററിനി ഷോവിന്റെ പടക്കൂററൻ പരസ്യങ്ങളുമായി സിരകളിലെ രക്തത്തിൽ ലഹരിനിറയ്ക്കുന്ന ബാൻറുവാദ്യത്തിന്റെ പശ്ചാത്തലത്തിൽ നഗരത്തി

ലെ തെരുവുകളിലൂടെ പരസ്യപ്രകടനം കടന്നുപോവുന്ന ശബ്ദസരിത്തിൽ അന്തരീക്ഷം കിടിലം കൊള്ളുമ്പോൾ; ടെർമിനസ്സ് സ്റ്റേഷനിലെ ഒരു മൂന്നാംക്ലാസ് കംപാർട്ടുമെൻറിൻെറ മൂലയിൽ ഒതുങ്ങിയിരിക്കുന്ന മുഴവനുമില്ലാത്ത ഈ മനുഷ്യദേഹം ആരുടേതാണ്? ആരുടേതാണ്?

ബീഡിക്കുററി കത്തിഅവസാനിക്കാറായി. അവൻ അതു് വലിച്ചെറിഞ്ഞു. പഴുത്തു്, വിരലുകളററു തുടങ്ങിയ കൈപത്തികൾ ഭീഷണങ്ങളായിത്തോന്നി. ഇതു് ഏതോ രോഗമാണത്രെ. റിംഗിലെ വീഴ്ചയുമായി ബന്ധപ്പെട്ടതൊന്നുമല്ല. ആദ്യം വിരലുകൾ ഓരോന്നായി മുറിച്ചുകളയും. പിന്നെ കൈപത്തി, കൈമുട്ടുകൾ, പിന്നെ....

ആകാശം മേഘങ്ങളിൽനിന്നും സ്വതന്ത്രമാവുന്നു.

"ബാബുസാഹിബ്!"

"ങ്ും...."

"ഇനി മഴപെയ്യില്ല. അല്ലേ?"

"അതെ. വെയിലു് വരുന്നല്ലോ."

അപ്പോൾ അതിലെ ചക്രം ഉരുട്ടിക്കൊണ്ടു് മെലിഞ്ഞു് നീർക്കോലിയെപ്പോലുള്ള ഒരു പയ്യൻ കടന്നുവന്നു. അരിശത്തോടെ അവനെ വിളിച്ചു:

"നശിച്ച ചെറുക്കാ—"

പയ്യൻ നീങ്ങിക്കളഞ്ഞു.

"നിന്നെക്കിട്ടിയാൽ, ഒരൊററച്ചവിട്ടിനു്...."

അയാൾ അന്വേഷിച്ചു:

“എന്തുണ്ടായി?”

“ബാബുജീ” അവൻ തുടർന്നു: “ഇന്നലെ ഞാനൊരിത്തിരി മയങ്ങിപ്പോയി. കണ്ണുതുറക്കുമ്പോൾ ഇവനുണ്ട് പൂച്ചയെപ്പോലെ പാത്തുപതുങ്ങി പോവുന്നു. ഈ പാത്രം കഴിഞ്ഞു.....! ഒന്നുരണ്ടുറുപ്പികയെങ്കിലും.....നാശം”

അവൻ വീണ്ടും ശാപവചനങ്ങളുച്ചരിക്കാൻ തുടങ്ങി. ഒററച്ചവിട്ടിന് വീഴ്ത്താനിരിക്കുന്ന മുപ്പത്താറ് പല്ലുകളെപ്പററിയും.

കുട്ടീ! നിനക്ക് മുപ്പത്താറു പല്ലുകളില്ലല്ലോ. ഉണ്ടെങ്കിൽത്തന്നെയും, എൻെറ പാവപ്പെട്ട കൂട്ടുകാരാ, നിങ്ങളിനി ആരെയും ചവിട്ടാനായി ആ കാൽ പൊക്കുകയില്ലല്ലോ. അതു് മണ്ണിൽ മണ്ണായലിഞ്ഞു്....

കരുണയുടെ ഉറവകൾ കിനിയുമ്പോൾ, ദയയുടെ തുള്ളികൾ പൊന്നുതുട്ടുകളായി പതിക്കുന്നതും പാർത്തു് മനസ്സുനിറയെ ശാപവചനങ്ങളുമായി കിടക്കുമ്പോൾ, ഉയർന്ന ഒപ്പീസിൽ വിയർപ്പൊഴുകുന്ന മനുഷ്യശരീരം കൈനീട്ടി എണ്ണിവാങ്ങുമായിരുന്ന നോട്ടുകളുടെ മഹത്വത്തെക്കുറിച്ചോർക്കാറുണ്ടോ?

സങ്കല്പിക്കാൻ കഴിയുന്നുവോ:

അതും ഞാനായിരുന്നു—

ഞാൻ!

സുഭഗമായ സ്വശരീരംവിററു് കാശുണ്ടാക്കുന്ന തേവിടിശ്ശികളെപ്പോലെതന്നെ ഞാനും. അരുതു്........ ഓർക്കരുതു്....

ചോലമരങ്ങളുടെ തണലിലെത്തിയപ്പോൾ അയാൾ മെല്ലെ നിന്നു. മുന്നിൽ മൈതാനം പരന്നുകിടക്കുകയാണ്. തൊട്ടാവാടിപ്പൂക്കൾ പുല്ലാഞ്ഞിപ്പടപ്പുകൾക്കിടയിൽ പുഷ്പിച്ചുനില്ക്കുന്നു. ആകാശക്കാററുകളിൽ പാറക്കുന്ന പട്ടങ്ങളെ നിയന്ത്രിച്ചുകൊണ്ട് കുട്ടികളും നടക്കുന്നുണ്ട്.

ഇനി വെയിൽ കൊള്ളേണ്ട കാര്യമില്ല.

നിരനിരയായി നില്ക്കുന്ന ചോലമരങ്ങളുടെ തണലിലൂടെ നടന്നാൽ മഞ്ഞച്ചായംതേച്ച ആ വൻകെട്ടിടത്തിൻെറ പടിയിലെത്തും. മുന്നിലുള്ള കയററുപായയിൽ കാലിലൊട്ടിപ്പിടിച്ച മൺതരികളെ മയങ്ങാൻ വിട്ട്, ചുവപ്പുനാടകൾ കെട്ടിയ ഫയലുകൾ കുന്നുകൂടിക്കിടക്കുന്ന ഉയൻ ഡസ്ക്കിൻെറ പിന്നിൽ വേണ്ടത്ര മൂട്ടകൾ കുടിപാർപ്പുള്ള ചൂരൽക്കസേരയിലിരിക്കാം.

ഫയലുകൾക്കുപിന്നിലെ മുഖങ്ങൾ മാറുമ്പോൾ മനസ്സിലാക്കുക: ജീവിതങ്ങൾ കെട്ടടങ്ങുന്നു....

ഇന്നലെയിൽനിന്ന് ഇന്നിലേയ്ക്കും നാളെയിലേയ്ക്കുമുള്ള ഈ യാത്രയിൽ എന്തുനേടി? പകലുകൾ രാത്രികളിലലിയുമ്പോൾ അറിയുന്നതിത്രമാത്രം: ഒരുദിവസം കൂടി കഴിയുന്നു.

തണുപ്പുള്ള ഒരു സ്വപ്നമില്ല.

സുഖമൂറുന്ന ഒരു ഗന്ധവുമില്ല.

കൊഞ്ചിക്കുഴഞ്ഞൊരു വാക്കും!

മാഞ്ചൊട്ടിലെ മൺപരപ്പിൽ മലന്നുകിടക്കുന്ന ഈ മനുഷ്യനുപോലും ഉണ്ട് ആ പ്രതീക്ഷ: അവൾ

വരും കുപ്പിവളകൾ കിലുങ്ങും. സിന്ദൂരപ്പൊട്ടലിയും. മുല്ലപ്പൂക്കൾ ചൂടിയ മുടിച്ചുരുളുകൾ ശരീരത്തിലിഴയും. സ്ത്രീയുടെ സ്വരം.....ഗന്ധം.....സ്പർശം.....

സ്ത്രീയുടെ....

അവളാരായാലും ശരി.

## അഞ്ച്

താൻ ഒരു ലോകം കീഴടക്കിയിരിക്കുന്നു എന്നു് ആർത്തുവിളിക്കാനാണു തോന്നിയതു്.

ഉച്ചയ്ക്കു് ഓഫീസിൻെറ പടികളിറങ്ങുമ്പോൾ ശരീരവും മനസ്സും ലാഘവപ്പെട്ടിരുന്നു. മൈതാനമദ്ധ്യത്തിൽ ആകാശക്കാററുകളിൽപ്പെട്ടു് പറന്നുനീങ്ങുന്ന പട്ടങ്ങളെപ്പോലെ.

വളരെ നാളുകൾക്കുശേഷം ജീവിതത്തിൽ ഒരു സംഭവമുണ്ടായിരിക്കുന്നു.

എല്ലാം എത്രമാത്രം അപ്രതിക്ഷിതമാണു്?

ചപലമായ മനസ്സു് മരഞ്ചാടിയായ കുരങ്ങനെപ്പോലെ ചഞ്ചലമാണെന്നു് ആരാണു പറഞ്ഞതു്? ആരും പറഞ്ഞിട്ടില്ലെങ്കിൽ ഞാൻതന്നെ. പകർന്നെടുത്തോളൂ.

ചുട്ടുപൊള്ളുന്ന ഉച്ചവെയിൽ ചരൽമണ്ണിൽ അയാളുടെ നീളക്കുറവുള്ള രൂപം സമർത്ഥമായി വരച്ചുവെയ്ക്കുകയാണു്. നിഴലുകളെ നോക്കിനില്ക്കുക രസമാണു്.

പൊള്ളയായ നീക്കമിളകകളെപ്പോലുള്ള ഈ നിഴലുകൾക്ക് ആത്മാവും ചൈതന്യവുമുണ്ടെന്നു് ഞാൻ പറയുന്നു. പുലരിത്തുടുപ്പിൽ അനന്തതയിൽനിന്നു നിങ്ങളിലേയ്ക്കൂടുകകയും, ഉച്ചയ്ക്കു് നിങ്ങളിൽമാത്രം നിറഞ്ഞുതുളമ്പുകയും, സാന്ധ്യരാഗത്തിൽ അനന്തതകളിലേയ്ക്കൊഴുകിയകലുകയും ചെയ്യുന്ന ഈ നിഴലുകളേക്കാരം അത്ഥവ്യാപ്തിയുള്ള മഹാകാവ്യങ്ങൾ ആരെഴുതിയിട്ടുണ്ടു്?

ഇന്നു് ക്ഷീണമില്ല.

ചോലമരങ്ങളുടെ തണൽ പിന്നിട്ടപ്പോരം പുറവം എരിഞ്ഞുമറിയുന്ന വെയിൽനാളങ്ങൾ വരാനിരിക്കുന്ന നിമിഷങ്ങളെ ഘോഷിക്കുകയാണെന്നു തോന്നി. പരന്നു ശാന്തമായിക്കിടക്കുന്ന കായൽജലത്തിൽ ഒരു കല്ലു് ശക്തിയോടെവന്നു വീണതുപോലെ.

തൻെറ ധൈര്യമോത്തു് അപ്പോഴും അയാൾക്കു് അത്ഭുതംതോന്നി.

കൂടിക്കിടക്കുന്ന ഫയലുകൾ മാററി എങ്ങിനെയാണു് അപ്പോരം ചോദിക്കാൻ തോന്നിയതു്:

"ഹല്ലോ, നിമ്മല!"

"വാട്ടു് ശ്യാം?"

"അത്ഭുതപ്പെടില്ലെന്നു വാക്കു് തരൂ—"

"ഐ ബെററ്!"

"നിൻെറ ഒരു സായാഹ്നം എനിക്കു നീക്കിവെയ്ക്കാമോ?"

അത്ഭുതസ്തബ്ധങ്ങളാകുന്ന വട്ടക്കണ്ണുകൾ!

"ഇന്നുമാത്രം. ജസ്റ്റ് വൺ ഈവനിംഗ് ഈഫ് യു വോണ്ട് മൈൻഡ്."

"ഓകേ!"

—ഇന്നൊരൊററ വൈകുന്നേരംമാത്രം. നിനക്കു് ബുദ്ധിമുട്ടാവില്ലെങ്കിൽ.

—ശരി.

"ഞാൻ വരും. എററ് ഫോർ തേർട്ടി ഷാപ്പ്!"

"ഐ വിൽ ബി വേയിററിംഗ്!"

വർഷങ്ങൾക്കുശേഷം ഇതാ ഒരു പെൺകുട്ടി പറഞ്ഞിരിക്കുന്നു. ഒരു പെൺകുട്ടിയുടെ ചുണ്ടുകൾകൊണ്ടു്, കണ്ണുകൾകൊണ്ടു്, വികസിച്ചുതുടുത്ത കവിളുകൾകൊണ്ടു്, തുടിക്കുന്ന ഹൃദയംകൊണ്ടു്, തുളുമ്പുന്ന ശരീരംകൊണ്ടു്....

ഞാൻ കാത്തിരിക്കും—

അയാൾ പുഞ്ചിരിച്ചുപോയി.

എന്തൊരു ഭംഗിയുവന്ന ആശയം!

തനിക്കായി ഒരു പെൺകുട്ടി കാത്തിരിക്കുക. കോതിമിനുക്കിയ വാർകൂന്തലിൽ മല്ലപ്പൂമാലകൾ ചൂടുക. കറുത്തുവിടർന്ന കണ്ണുകളിൽ കരിമഷി എഴുതുക നെററിയിൽ ചുവന്ന കുങ്കുമപ്പൊട്ടു് തൊടുക. കവിളത്തു് പൗഡർ പൂശുക. ഭംഗിയുള്ള സാരിയും അതിനു മാച്ച് ചെയ്യുന്ന ജാക്കററും തിരഞ്ഞെടുക്കുക. ഇന്നൊരു ദിവസത്തേയ്ക്കു് എല്ലാം തനിക്കുവേണ്ടി മാത്രമാണു്.

ഇന്നൊരു ദിവസത്തേയ്ക്കു്........

നിനക്കായി തിരഞ്ഞെടുത്തുവെച്ചിട്ടുള്ളതാണു് ഈ ദിവസം. യുഗങ്ങളുടെ പങ്ങലക്കൂട്ടുകളിൽനിന്നു് പ്രത്യേകം അടയാളപ്പെടുത്തിയ ഒരു കണ്ണി. ഒരു നിമിഷം.

ആളൊഴിഞ്ഞ തെരുവിലൂടെ നടക്കവേ ഉൽഘോഷിക്കുവാൻ തോന്നി:

ഞാൻ തനിച്ചല്ല....

തനിച്ചല്ല.

പരന്ന മൈതാനമദ്ധ്യത്തു കാണായ്‌വന്ന മരുമരീചികകളോടു പറഞ്ഞുപോയി; ഞാൻ തനിച്ചല്ല. ചൂളം വിളിച്ചെത്തിയ വരണ്ട കരക്കാററിൻെറ കാതുകളിൽ മന്ത്രിച്ചു; ഞാനൊററയ്ക്കല്ല.

താൻ മൂളിപ്പാട്ടു പാടുകയാണെന്നു മനസ്സിലാക്കിയപ്പോഠം അയാഠം സ്വയം ലജ്ജിച്ചുപോയി. മുപ്പത്തിനാലു വയസ്സു് പ്രായമുള്ള ഒരു പുരുഷൻ ഒരിക്കലും ഇത്രമാത്രം ബാലിശമായി പെരുമാറരുതു്. അന്നേരം മനസ്സ് മന്ത്രിക്കുകയായിരുന്നു: നിൻെറതു് ഒരു സ്ത്രീശരീരത്തിന്നായുള്ള ആർത്തിയൊന്നുമല്ലല്ലോ.

നീ യുവാവൊന്നുമല്ലല്ലോ.

ആ പ്രായം കാലത്തിൻെറ കലവറയിൽ എന്നേ ഇട്ടേച്ചുപോന്നതല്ലേ!

മാളത്തോട്ടിലെത്തി. അവൻ ആഹ്ലാദത്തോടെ വിളിക്കുന്നതു് അയാഠം കേട്ടു:

"ബാബുസാഹെബ്!"

"എന്താണു്?"

"ഞാൻ വീട്ടിൽപോവാൻ നിശ്ചയിച്ചു"

"വിശേഷം?"

"വീട്ടിന്നടുത്താണ് ബാബുജി, ഹോസ്പിററൽ." പഴുത്തഴുകുന്ന മൂന്നു വിരലുകളററ കൈപ്പടം നീട്ടി അവൻ തുടർന്നു: "ഈ രണ്ടു വിരലുകളുംകൂടി മുറിക്കേണ്ടി വരുന്നേയ്ക്കും!"

കടന്നുപോവുമ്പോൾ, പഴകിയ വൂളൻപാൻറിൻെറ പോക്കററിൽനിന്ന് രണ്ടു നാണയത്തുട്ടുകളെടുത്ത് ആ പിച്ചച്ചട്ടിയിൽ നിക്ഷേപിക്കാൻ അയാൾ മറന്നില്ല. ലോഹം ലോഹത്തിൽ തട്ടുന്ന ശബ്ദം കാതുകളിലെത്തുമ്പോഴേയ്ക്കും അയാൾ നടന്നുകഴിഞ്ഞിരുന്നു. അവൻ വിളിച്ചുപറയുന്നതു് പിന്നിൽനിന്നു കേട്ടു:

"പിന്നെക്കാണാം, ബാബുസാഹബ്!"

പിന്നെക്കാണുമ്പോൾ—?

മണലിലിഴയുന്ന ശരീരം മാറുന്നില്ല. മുഖവും മാറുന്നില്ല.

മനുഷ്യൻ ആ പഴയതുതന്നെ.

ശബ്ദവും.

റോഡിൻെറ തിരുവിലെത്തി. അപ്പോൾ അയാൾ അന്നും ഓർമ്മിച്ചുപോയി: ഇവിടെ അപകടങ്ങളൊന്നും ഉണ്ടാകാത്തതെന്താണു്?

വാച്ചിൽ നോക്കി.

ഒന്നുപത്തു്.

ദൂരെക്കാണുന്ന റെയിൽവേബ്രിഡ്ജിലേയ്ക്കും അകലത്തിൽ റെയിൽപ്പാളങ്ങൾ നൂലാമാലകളായി നിരന്നു കിടക്കുന്ന സ്റ്റേഷനിലേയ്ക്കും കണ്ണയച്ചു. പുകതുപ്പി പുറപ്പെടാൻ കാത്തുനില്ക്കുന്ന വണ്ടി താണുകിടക്കുന്ന സിഗ്നലുയരാൻ തപസ്സുചെയ്യുകയാണു്.

A 2259



ബ്രിഡ്ജിന്നങ്ങേപ്പുറത്തുള്ള സ്കൂൾകെട്ടിടത്തിൽനിന്നു പച്ചയൂനിഫോം ധരിച്ച പെൺകുട്ടികൾ ഇളകിയ എറുമ്പിൻകൂട്ടംപോലെ നീങ്ങിവരുന്നതു കാണുന്നു.

അപ്പോൾ നീലനിറത്തിലുള്ള ആ കാർ വരുന്നതു കാണായി. തല പുറമേയ്ക്കിട്ടിരിക്കുന്ന ഒരു കൊച്ചു പെൺകുഞ്ഞു് ഉണ്ടാകുമതിൽ. അവൾ പുഞ്ചിരിക്കും. ചിലപ്പോൾ കയ്യെടുത്തു വീശും.

അവളെ അയാളറിയില്ല.

അവളയാളെയും.

അവർ പരസ്പരം അറിയുന്നു; എന്നിട്ടും.

അയാൾക്കത്ഭുതം തോന്നി. ബന്ധങ്ങൾ ഉണ്ടാകുന്നതിൽ എന്തു മിടുക്കനാണു് ദൈവം!

നീലക്കാർ കടന്നുപോയി.

പിൻസീററിലെ ഇളകുന്ന കുഞ്ഞിക്കൈകളും, വിടന്ന വട്ടക്കണ്ണുകളും, പുഞ്ചിരിയും കണ്ടു. അയാൾ മന്ദഹസിച്ചു. കൈയുയർത്തി വീശി.

തല കുനിച്ചു് മെല്ലെ കാലടികൾ വെയ്ക്കുമ്പോൾ കരുതി: വഷങ്ങൾക്കുശേഷം ഭാര്യയും അമ്മയുമെല്ലാമായി മകനേയും മടിയിലിരുത്തി ഭർത്താവോടൊപ്പം ഈ വഴി കടന്നുപോവുമ്പോൾ, പുഞ്ചിരിച്ചു് കൈ വീശുമായിരുന്ന വിരൂപിയായ ഈ മനുഷ്യനെ മറവിയുടെ മാറാലകളിൽനിന്നു വേർതിരിച്ചെടുക്കാൻ നീ മിനക്കെടുമോ കുട്ടീ?

ഫാക്ടറിഗേററിൽ, കൈപ്പത്തികളിൽ മുഖംചേർത്തു് കണ്ണടച്ചു മയങ്ങുന്ന ഗേററ്കീപ്പറോടു് അയാൾക്കു സഹതാപം തോന്നി.

ഹോട്ടലിൽ ഒന്നാംനിലയിൽ അടഞ്ഞുകാണുന്ന ആ മുറി തന്റേതാണ്.

പിന്നിൽ ഊതനിറത്തിലുള്ള ജലസസ്യങ്ങളുടെ പൂക്കൾ വാസന്തം വരച്ചിട്ടിരിക്കുന്ന വിശാലതയിൽ നേരിയ ചിറകുകളുള്ള തുമ്പികൾ പാറുന്നു.

ബൊഗേൻവില്ലകളും തോട്ടവാഴകളും പ്രതിഷേധിച്ച് പുഷ്പിക്കുന്ന ചെറിയ പൂന്തോട്ടത്തിലേയ്ക്കു കയറുമ്പോൾ കാക്കിയൂനിഫോറം ധരിച്ച പോസ്റ്റ്മാൻ എതിരെ വന്നു.

"സാർ!"

അയാൾ അത്ഭുതത്തോടെ നിന്നു.

തനിക്കും കത്തുകൾ വരികയോ!

വീണ്ടും അത്ഭുതം.

ഇതാ ഒരു കവർ തിരഞ്ഞെടുത്ത് നീട്ടുന്നു. വാങ്ങുവാനായി വിറയാർന്ന വിരലുകൾ നീളുമ്പോൾ കാതുകൾ കേട്ടു:

"പുതിയൊരഡ്രസ്സാണ് സർ. ഒന്നു നോക്കൂ."

നെഞ്ഞിടിപ്പ് സാവധാനത്തിലായി.

കവറിൽ നോക്കി.

ആ ചെറുപ്പക്കാരന്നാണ്.

൧ം നമ്പർ പറഞ്ഞുകൊടുത്തു. കവർ മററു കത്തുകളുടെ കൂട്ടത്തിൽവെച്ച് മെല്ലെ മന്ദഹസിച്ചുകൊണ്ടു പോസ്റ്റ്മാൻ തുടർന്നു:

"സാറിന്നൊന്നുമില്ല—"

—എനിക്ക് കത്തൊന്നുമില്ല!

ആരുണ്ടെനിക്കെഴുതുവാൻ?"

ആരുമില്ല. ആരുമില്ല.

ഉണ്ടായിരുന്നില്ലേ?....ഓൎമ്മിച്ചുനോക്കു.... നല്ലവണ്ണമൊന്നു് ഓൎമ്മിച്ചുനോക്കു....ഒന്നുകൂടി....

തൂവെള്ളക്കടലാസ്സിൽ പച്ചമഷിയിൽ സ്വല്പം ഇടത്തോട്ടുചരിഞ്ഞ ഭംഗിയുള്ള അക്ഷരങ്ങളിൽ ഉരുട്ടിയുരുട്ടി....

കുപ്പിവളകളെപ്പോലെ.

കൃത്യമായി വ്യാഴാഴ്ചകളിൽ....

—മറന്നുപോയോ? ഇത്രവേഗം.

## ആറു്

1953 ഡിസമ്പർ 13

മിസ്റ്റർ ശ്യാം,

ഒടുക്കം എഴുതുന്നതു് ഞാൻതന്നെയാകട്ടെ. എതായാലും എല്ലാം കഴിഞ്ഞുപോയല്ലോ. കുററങ്ങളും തെററുകളും രണ്ടിടത്തും കാണും. എല്ലാം മറക്കുകതന്നെ. അറിഞ്ഞുകാണുമെന്നു കരുതുന്നു. അടുത്തമാസം എന്റെ വിവാഹമാണു്. ക്ഷണിക്കുന്നു. ഞാൻ വിടചോദിക്കേണ്ടതായി ബാക്കിയുണ്ടെങ്കിൽ ഇതു് അതായി കണക്കാക്കുക.

ബിന്ദു.

P. S. എന്റെ പഴയ കത്തുകൾ കത്തിച്ചുകളയാൻ എനിക്കു് അവകാശപ്പെട്ടുകൂടല്ലോ.

## ഏഴ്

പഴയ ഡയറിയിൽനിന്ന്:

1957 ഡിസംബർ 25

വളരെ കുളൎമ്മയുള്ളതായിരുന്നു ഇന്നത്തെ പ്രഭാതം. നടപ്പാതകളിൽ കുഴമഞ്ഞു് ചിതറിവീണിരുന്നതിനാൽ ജാലകക്കീറുകളിലൂടെ നോക്കിയപ്പോൾ കീഴെയുള്ള തെരുവുപോലും എനിക്കു കാണുമാനൊത്തില്ല. കാറുകളുടെ മഞ്ഞ ഹെഡ്ലൈററുകൾ മാത്രം കത്തുന്നതു കാണാം.

കലണ്ടറിൽ ചുവപ്പക്ഷരം തുറിച്ചുനോക്കിയിരുന്നതിനാൽ കുറെയേറെസമയം ബഡ്ഡിൽതന്നെ മലൎന്നു കിടന്നു.

വെറുതെ കിടന്നതുകൊണ്ടാവണം, ഞാൻ ഒരിക്കലും ആലോചിക്കില്ലെന്നു് കരുതിയ പലതും ഓൎമ്മിച്ചു പോയി.

അൎത്ഥമില്ലാത്ത എൻെറ ജീവിതം എങ്ങിനെയാണു് അവസാനിക്കുക എന്നാണു് ഒന്നാമതായി ചിന്തിച്ചതു്. ഇരുപത്തെട്ടു വസന്തങ്ങൾ പിന്നിട്ടിരിക്കുന്നു. അതിന്നിടയിൽ എന്തെല്ലാം അനുഭവിച്ചുകഴിഞ്ഞു. എനിക്കെന്തോ പൊടുന്നനവേ സങ്കടം തോന്നി.

എൻെറ കണ്ണിൽ ഞാൻ ജനിച്ചുവളൎന്ന ഗ്രാമം തെളിഞ്ഞു.

ഞങ്ങളുടെ വീട്ടിനുമുന്നിൽ ഒരു തൈമാവുണ്ടായിരുന്നു. ഈ സമയത്തു് അതിൻെറ കൊമ്പുകളിലിരുന്നു് പക്ഷികൾ തോരാതെ ചിലയ്ക്കുകയാവും. ആ ശബ്ദം

എൻെറ കാതിൽ മുഴങ്ങുന്നതായി എനിക്കു് അനുഭവപ്പെടുന്നു. എനിക്കു് ഒരനുജത്തിമാത്രമേ ഉണ്ടായിരുന്നുള്ളു. വെറും നാലുവയസ്സിലാണു് അവൾ മരിച്ചതു്. ഇന്നവളുടെ പേരോ മുഖമോ എൻെറ മനസ്സിലില്ല. പക്ഷെ, എല്ലായ്പ്പോഴും ചുററിലും അവളുടെ സാന്നിദ്ധ്യം എനിക്കനുഭവപ്പെടാറുണ്ടു്.

അമ്പലത്തിൽ കുളിച്ചുതൊഴുതു കുറിതൊട്ടു് കയ്യിൽ പ്രസാദവുമേന്തി നടക്കുന്ന പെൺകുട്ടികളെ കാണുമ്പോഴും, കത്തുന്ന കർപ്പൂരത്തിൻെറ സുഗന്ധം പരക്കുമ്പോഴും ഞാൻ അനിയത്തിയെ ഓർമ്മിക്കും. പരിശുദ്ധതയും ഭക്തിയും അലതല്ലുന്നിടത്തെല്ലാം അവളാണെൻെറ മനസ്സിൽ.

വിദേശമദ്യങ്ങൾ അകത്താക്കുന്ന വേളകളിൽ അവൾ പറയുന്നതായെനിക്കു തോന്നാറുണ്ടു്: "ഏട്ടാ, എന്തിനാണിതു്—?" ലൂസിയോടൊത്തു് കിടപ്പറയിൽ കയറുമ്പോൾ എന്നെ വിലക്കുന്ന ആ മുഖം കണ്ണീരണിഞ്ഞതായി തോന്നും.

ഒരു കാര്യം ഉറപ്പാണു്. ഈ ലോകത്തിലല്ലെങ്കിൽ പരലോകത്തിൽ അവൾ എന്നെയും പ്രതീക്ഷിച്ചു് കാത്തിരിക്കുന്നുണ്ടു്.

ഞാൻ മരണത്തെക്കുറിച്ചോർത്തു.

ഒരുനാൾ ഈ മുറിയിൽ ഞാൻ മരിച്ചു വിറങ്ങലിച്ചു കിടക്കുമായിരിക്കും. ആരും എന്നെ ഓർമ്മിക്കില്ല. അറിയാത്ത ഏതോ ശവപ്പറമ്പിൽ ഞാനും കുഴിച്ചുമൂടപ്പെടും. മേലിൽ സ്മരണസ്തൂപമായി ഒരു കല്ലുപോലും നാ

ട്ടാൻ ആളുണ്ടാകയില്ല. എനിക്കു മരണത്തെ പേടിയില്ല. ഞാൻ പാപിയാണെന്നും തോന്നിയിട്ടില്ല. കാണാത്തൊരു ശക്തിക്കടിമപ്പെട്ടു് ഒരു പാവയെപ്പോലെ ചലിക്കുകമാത്രമാണു് ഞാൻ.

പുറത്തു് വെയിൽനാളങ്ങൾ തെളിഞ്ഞപ്പോൾ ഞാൻ ബിന്ദുവിന്റെ മുഖമോർത്തു. നാലു വർഷങ്ങൾ! എല്ലാം അവസാനിപ്പിച്ചു് ജീവിതത്തിൽനിന്നു് അവൾ അകന്നുപോയിട്ടു് അത്രയും കഴിഞ്ഞു. അതോടെ ഞാൻ മരിച്ചുകഴിഞ്ഞിരിക്കുന്നു. പലപ്പോഴും ഈ ഡയറികൾ കാണുമ്പോൾ ഞാൻ കരുതാറുണ്ടു്, "ആത്മകഥ—മരണത്തിനുശേഷം" എന്ന തലക്കുറിപ്പോടെ പ്രസിദ്ധീകരിക്കാൻ ഇവ പററുമെന്നു്.

എന്റെ ആത്മാവിൽ ലേശമെങ്കിലും സ്ഥാനമുള്ളതു് ഇവക്കുമാത്രമാണു്. മുഖംപോലും ഓർമ്മയില്ലാത്ത അനിയത്തിയും; മുഖംമാത്രം ഓർമ്മയുള്ള ബിന്ദുവും.

പതിനൊന്നുമണിയായപ്പോൾ പോസ്റ്റ്മാൻ എന്റെ കതകിൽ വന്നു മുട്ടി. വളരെ അപൂർവ്വമായിമാത്രമാണു് അയാൾ ഇവിടെ വരാറുള്ളതു്. ആരും എനിക്കെഴുതാറില്ല. ഞാനാർക്കുമങ്ങോട്ടും. അയാൾ ഒടുവിൽ വന്നതു് ഒരുകൊല്ലം മുമ്പാണെന്നു തോന്നുന്നു.

അതു്, എന്റെ പ്രസിദ്ധീകരണാർഹമല്ലെന്നെഴുതിയ രണ്ടു കവിതകളുംകൊണ്ടാണു്. ഞാനാകെ എഴുതിയതു് അവമാത്രമാണു്. എന്നിൽനിന്നു വിധി തട്ടി മാററിയ ബിന്ദുവെക്കുറിച്ചായിരുന്നു അവയിൽ പരമാർശം. എന്റെ ട്രങ്കിന്റെ ഏററവുമടിയിൽ ഇന്നും

അവ ഇരിപ്പുണ്ടു്. എന്റെ മരണശേഷമെങ്കിലും അവ അതിപ്രശസ്തങ്ങളായിത്തീരുമെന്നു ആരോ എന്നോടെപ്പോഴും മന്ത്രിക്കുന്നതായി തോന്നുന്നു.

പോസ്റ്റ്മാൻ എന്റെ കയ്യിൽ തന്നതു് ഒരു ഗ്രീററിംഗ്സ് കാർഡായിരുന്നു. ക്രൂസ്തുമസ്സ് ഗ്രീററിംഗ്സ്....

അതയയ്ക്കാൻമാത്രം എന്നെ ഓർമ്മിച്ചതാരാണെന്നു് ഞാൻ അത്ഭുതത്തോടെ നോക്കി. നീണ്ട ഭംഗിയുള്ള അക്ഷരങ്ങളിൽ ലൂസി ഒപ്പിട്ടിരുന്നു.

വിത്ത് ലവ് ആൻറ് അഫക്ഷൻ—

ലൂസി ഫർണാണ്ടസ്.

ലൂസിക്കു് ഞാൻ ധാരാളം പണം കൊടുക്കാറുണ്ടു്. പകരമായി വളരെയധികം രാത്രികൾ ഒരുമിച്ചു് ഉറങ്ങിയിട്ടുമുണ്ടു്. പലരും അവളെക്കുറിച്ചു് പലതും പറഞ്ഞു കേൾക്കുന്നു. ഞാൻ കാര്യമാക്കാറില്ല. ഞാൻ ഇന്നും ജീവിക്കുന്നുണ്ടെങ്കിൽ അതിൽ ഏററവും വലിയ പങ്കു് അവൾക്കാണല്ലോ. വെറും ആറുമാസത്തെ പരിചയമേ ഞങ്ങൾ തമ്മിലുള്ളു. സ്ത്രീ എന്താണെന്നെന്നെ മനസ്സിലാക്കിയതു് അവളാണു്. അതുകൊണ്ടുമാത്രം അവളെ എനിക്കു മറക്കാനാവില്ല.

എന്റെ ആത്മാവിൽ അവൾക്കു സ്ഥാനമില്ലെങ്കിലും

രണ്ടുമണിയായായി. ഞാനൊന്നു് മയങ്ങാൻ പോവുകയായിരുന്നു. അപ്പോഴാണു് വന്നറിയിക്കുന്നതു്: ആരോ എന്നെ ഫോണിൽ വിളിക്കുന്നുവത്രെ.

ഞാൻ കരുതി, സേട്ടുവായിരിക്കും. ഓഫീസിലെ ചില അത്യാവശ്യകാര്യങ്ങൾ പറഞ്ഞറിയിക്കുവാനായി അയാൾ എന്നെ ഒന്നുരണ്ടുപ്രാവശ്യം വിളിക്കുകയുണ്ടായിട്ടുണ്ട്. അതിനാൽ ഞാൻ ഫോൺ അററൻഡറോട് പറഞ്ഞേല്പിച്ചിരുന്നു, സേട്ടു വിളിക്കുമ്പോഴെല്ലാം ഞാനിവിടെയില്ലെന്നു പറഞ്ഞേക്കണമെന്നു്.

ഞാൻ ഫോണെടുത്തു:

"യസ്സ്. ശ്യാം ചന്ദ്രമോഹൻ സ്പീക്കിംഗ്....."

അങ്ങേ അററത്തുനിന്നൊരു കിളിക്കൊഞ്ചൽ:

"ഡാർലിങ്ങ്, ഐ ആം ലൂസി."

ലേശം മുമ്പുമാത്രം അവളുടെ ഗ്രീററിംഗ്സ് കിട്ടിയിരുന്നതിനാൽ പറഞ്ഞു: "ലൂസി! വിഷ് യു എ മെറി ക്രിസ്തുമസ്സ് ആൻറ് പ്രോസ്പറസ്സ് ന്യൂ ഇയർ."

"സേം ഡു യു, ശ്യാം—"

ഞാനന്വേഷിച്ചു:

"എന്താണു് വിളിച്ച കാര്യം?"

"ഇന്നൊന്നിങ്ങു വരാമോ? അഞ്ചുമണിക്കു്."

"എക്സ്ക്യൂസ് മി ലൂസി. ഐ ആം പെന്നിലെസ്സ് ടു ഡെ." ഞാൻ കാര്യം തുറന്നുപറഞ്ഞു. പണത്തിന്നാവശ്യമായാൽമാത്രമേ ലൂസി ഇങ്ങോട്ടാവശ്യപ്പെട്ടു.

പൊട്ടിച്ചിരികൾക്കിടയിൽ കേട്ടു:

"ടുഡെ യു ആർ മൈ ഗസ്റ്റ്—"

ഷേയ്‌വ് ചെയ്തു കുളിച്ചശേഷം എൻെറ ഏററവും ഭംഗിയുള്ള എനിക്കേററവും ഇഷ്ടപ്പെട്ട ക്രീംനിറത്തി

ലുള്ള പാൻറും വെള്ളഷർട്ടും ധരിച്ച്, ഇളംമഞ്ഞയിൽ ചുവപ്പു കള്ളികളുള്ള ടൈ ധരിച്ച് ഞാൻ തയ്യാറായി. കോട്ടുകൂടി ധരിച്ച് കണ്ണാടിയിൽ നോക്കിയപ്പോഠം എനിക്ക് എന്നെക്കുറിച്ചുതന്നെ മതിപ്പുതോന്നി. അപ്പോഠം ഞാൻ മന്ദഹാസത്തോടെ കരുതി:

ഈ ടൈ അഴിക്കുക ലൂസിയുടെ കൈകളായിരിക്കു മല്ലോ!

ഞാൻ ക്രിസ്തുമസ്സിന്ന് കൃതജ്ഞത പറഞ്ഞു.

മതപരമായ ചടങ്ങുകളിലൊന്നും ഞാനത്ര നിഷ്കർഷ കാണിക്കാറില്ല. എന്നാൽപോലും തിരുവോണവും വിഷുവും വാതില്ക്കൽവന്നു മുട്ടുമ്പോഠം വിവരണാതീതമായ ഒരാനന്ദം എനിക്കനുഭവപ്പെടാറുണ്ട്.

അതിനാൽ ക്രിസ്തുമസ്സെന്നു പറഞ്ഞപ്പോഴും എനിക്ക് ആനന്ദം തോന്നി.

ടാക്സിയിൽനിന്നിറങ്ങി ലൂസിയുടെ വീട്ടിലേയ്ക്ക് കയറുമ്പോഠം മുമ്പിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുമസ്സ് സ്റ്റാർ ആണ് എന്നെ എതിരേററത്.

പോർട്ടിക്കോവിൽ കോളിംഗ്ബെല്ലിൽ കയ്യമർത്തിയപ്പോഴേയ്ക്കും ലൂസിയുടെ മുഖം, തുറക്കുന്ന വാതിൽപ്പൊളികഠംക്കിടയിൽ കണ്ടു.

"ഞാൻ കരുതി, ശ്യാം, നിങ്ങഠം ലേററാകുമെന്ന്!"

"നിയല്ലേ വിളിച്ചത്; പിന്നെ—"

ഞാനല്പം തമാശകലർത്തി പറഞ്ഞു.

അകത്തെ മുറിയിൽ വിതാനിച്ച സെററിയിൽ അവളെന്നെ പിടിച്ചിരുത്തി. എന്നിട്ട് അകത്തേയ്ക്കു

നോക്കി വിളിച്ചു: "ആഗ്നസ്, കം ഹേയ്ർ...." എന്നോടു തിരിഞ്ഞ് എന്നിട്ടവൾ വിശദീകരിച്ചു: "എന്റെ സിസ്റ്ററാണ് ആഗ്നസ്—"

"എന്തുചെയ്യുന്നു?"

"കാളേജിൽ, സെക്കൻഡ് ബി. എസ്സ്.സി.യ്ക്കു"

ഞാൻ കുസൃതിയോടെ ചോദിച്ചു:

"അവൾക്കും ഗസ്റ്റൊന്നുമില്ലേ, ഇന്ന്?"

"അതില്ലാതിരിക്കാനല്ലേ ഞാൻ ജോലിചെയ്യുന്നതു്!" ലൂസിയുടെ ശബ്ദം പരുഷമായി തോന്നി. ഒരു കാര്യത്തിൽ എനിക്കു ലൂസിയോടു മതിപ്പാണ്. പറയാനുള്ളതു് വളച്ചുകെട്ടൽകൂടാതെ തുറന്നുപറയുമവൾ.

പെട്ടെന്ന് ആഗ്നസ് കടന്നുവന്നതിനാൽ ഞങ്ങളുടെ സംസാരം ഇടയ്ക്കുവെച്ചു മുറിഞ്ഞു. ലൂസി പരിചയപ്പെടുത്തി:

"മീററ് മിസ്റ്റർ ശ്യാം ചന്ദ്രമോഹൻ!"

ഇളം ചൂടുള്ള കൈപ്പത്തികളിലമർത്തി ഞാൻ:

"ഫ്രൻഡ്സ് കോൾ മി: ശ്യാം—"

"ഇതെല്ലാം അവളുടെ വേലയാണു്—" അലങ്കരിച്ച കൊച്ചു പുൽക്കൂടയിലേയ്ക്കു ചൂണ്ടി ലൂസി തുടർന്നു: "ക്വയററ് പ്രെട്ടി. ഈസ് ഇററ്?"

"നൊ ഡൗട്ട് എബൗട്ട് ഇററ്!"

വാസ്തവത്തിൽ ആ പുൽക്കൂട ഞാൻ ശ്രദ്ധിച്ചതു തന്നെ അപ്പോഴാണു്. മാലാഖമാരുടെ അകമ്പടിയോടെ കന്യാമറിയത്തിന്റെ മടിയിൽ, ജോസഫിന്റെ സാന്നിദ്ധ്യത്തിൽ കിടക്കുകയാണ് യേശു. എന്നെ ആക

ഷിച്ചതല്ല. ആടിയിളകുന്ന മെറി ക്രിസ്തുമസ്സ് എന്നെഴുതിപിടിപ്പിച്ച ബലൂണുകളും ഗിൽററിൻെറ നാടകളും ചുററിയ മെഴുകുതിരിക്കാലുകളും. ഇവയെല്ലാം ആഗ്നസ് ഫെർണാണ്ടസിൻെറ ഭാവനത്തരംഗങ്ങളാണല്ലോ.

റെക്കാർഡ്പ്ലേയറിൽനിന്നു് ശ്രുതിമധുരമായ സംഗീതം ഒഴുകി.

"എൻെറ ചെറിയ മുറി"യെക്കുറിച്ചും, "ഇന്നു രാത്രിയിൽ ചന്ദ്രപ്രകാശ"ത്തിൽ നടക്കാനിരിക്കുന്ന അനുരാഗരംഗങ്ങളെക്കുറിച്ചുമെല്ലാം മത്തുപിടിപ്പിക്കുന്ന സ്വരത്തിൽ പാട്ടുകൾ ഉയർന്നുവന്നു. എൽവിസ് പ്രസ്ലിയുടേയും ക്ലിഫ് റിച്ചാർഡിൻെറയുമെല്ലാം റെക്കാർഡു ചെയ്ത ശബ്ദങ്ങൾ പലതും അവിടെ വരുവാൻ കാരണം എൻെറ പണമാണല്ലോ എന്നു് കുറച്ചുനിമിഷത്തേയ്ക്കു് ഞാനോർത്തു. അപ്പോഴാണു് ലൂസി പറയുന്നതു്, ആഗ്നസ് അവളുടെ കോളേജിലെ ഒന്നാംകിട പാട്ടുകാരിയാണു പോലും.

"ഇനി ആഗ്നസ്സിൻെറ പാട്ടുകേട്ടിട്ടു് വേറെ കാര്യം!"

ലജ്ജയോടെയെങ്കിലും അവൾ തുടങ്ങി:

ജസ്റ്റ് റിമംബർ ഡാർലിങ്ങ്, റിമംബർ....
വെൻ സ്റ്റാർസ് സ്റ്റാർട്ടു് ടു ഷയിൻ
യുവർ ഹാർട്ടു് ബീററ്സ് ഫാസ്റ്റർ
റിമംബർ ഡാർലിങ്ങ്....ജസ്റ്റ്....

—മററൊന്നും വേണ്ട. ഓർമ്മിക്കുക അത്രമാത്രം!

ആഗ്നസ് പാടിക്കൊണ്ടിരുന്നപ്പോൾ, താടി കൈത്തടത്തിൽ താങ്ങി തലകുമ്പിട്ടിരിക്കുന്ന ലൂസിയെ ഞാൻ ശ്രദ്ധിക്കുകയായിരുന്നു.

ലൂസിയെക്കുറിച്ച് അന്നാദ്യമായി എനിക്കു സഹതാപംതോന്നി.

അനിയത്തിക്കായി എല്ലാം എല്ലാം അടിയറ വെക്കുന്ന ലൂസി! യൗവ്വനം ചിത്രപ്പണികൾ തുടങ്ങിയിരിക്കുന്ന ആഗ്നസ്സിൻെറ മുന്നിൽ ബലിയാടായി മാറുന്ന ഈ പെൺകുട്ടി!

വളരെ വൈകിയശേഷമാണ് ഡൈനിങ്ങ്ടേബിളിൽനിന്നെണീററത്. മുററത്ത് നക്ഷത്രവിളക്കിനുള്ളിൽ ഇലക്ട്രിക്ബൾബുകൾ അപ്പോഴും കത്തിക്കൊണ്ടിരുന്നു. അകലെയകലെനിന്നു തിരമാലകളുടെ ഇരമ്പം കാതുകളിലെത്തിയിരുന്നു.

ആഗ്നസ് യാത്രപറഞ്ഞ് അവളുടെ കിടപ്പറയിലേയ്ക്കുപോയി.

ഞാനാശംസിച്ചു:

"സ്വീററ് ഡ്രീംസ്!"

ലജ്ജയോടെമാത്രം മന്ദഹസിക്കാനറിയാവുന്ന അവളുടെ മുഖം വാതിൽക്കർട്ടൻകൾക്കുപിന്നിൽ മറഞ്ഞപ്പോൾ ഞാൻ ലൂസിയെ നോക്കി.

ലൂസിയുടെ ലിപ്സ്റ്റിക്കിട്ട ചുണ്ടുകളിലും, റൂഷ് പുരട്ടിയ അധരത്തിലും ആവശ്യത്തിലുമേറെ രക്തം പാഞ്ഞുകയറിയതായി തോന്നി ചുവപ്പും വെള്ളയും വരകൾ വിലങ്ങനെ പിടിക്കുന്നതായിരുന്നു അവളുടെ

ഭംഗിയുള്ള വസ്ത്രം. കണ്ണുകൾക്കുമേലിലൂടെ സ്വർണ്ണവർണ്ണത്തിലുള്ള മുടിയിഴകൾ പാറിവീണിരുന്നു.

മുറിയിൽ സുഖമായ ഇളംചൂട് നിറഞ്ഞുനിന്നു

ലൂസി ആ മുറിയിൽ കട്ടിലിൽ ബ്ലാങ്കറ്റുകൾ വിരിക്കാൻ തുടങ്ങി. അവളുടെ ചലനങ്ങൾ ആകർഷകങ്ങളായിരുന്നു. പ്രതീക്ഷകളും അഭിലാഷങ്ങളും ഒരു പുഷ്പംപോലെ വാടിപ്പോയ എന്നിൽ സുഖംപകരുന്ന നിമിഷങ്ങളൊരുക്കുന്ന ഈ പെൺകിടാവിനെ ഞാൻ നോക്കിയിരുന്നു. നന്മയുടെയും തിന്മയുടെയും നിർവ്വചനങ്ങൾ എത്ര പെട്ടെന്ന് മാറിപ്പോയിരിക്കുന്നു എന്നിൽ!

ഒരു നാലുവർഷം മുമ്പായിരുന്നെങ്കിലോ?

ബിന്ദു നഷ്ടപ്പെടുന്നതിനുമുമ്പ്.

ഞാൻ മനസ്സിനെ കടിഞ്ഞാണിട്ടു. ഇങ്ങനെ ചിന്തിക്കാൻ തുടങ്ങിയാൽ ഞാൻ ഞാനല്ലാതാകുന്നതാണനുഭവം. എന്നെ മറക്കുന്നതായിരിക്കുന്നു എന്റെ വിജയം. ഇപ്പോൾ ഇത്രമാത്രമേ ഓർക്കാവൂ: നീ ഇന്ന് ലൂസിയുടെ വിരുന്നുകാരനാണ്.

ലൂസിയുടെ വിരുന്നുകാരനെന്നാൽ എന്താണെന്ന് എല്ലാവർക്കുമറിയാം.

ലൂസി വിളിക്കുന്നതുകേട്ടാണ് ഞാൻ തിരിഞ്ഞു നോക്കിയത്:

"ഹല്ലോ, ശ്യാം—"

പച്ചവിരിപ്പിട്ട കട്ടിലിലേയ്ക്കാണ് ക്ഷണം.

ഞാൻ മന്ദഹസിച്ചു. അവളും.

ജാലകങ്ങളിലൂടെ നക്ഷത്രങ്ങൾ പൂത്തുനില്ക്കുന്ന ഒരു മുഴുവൻ ആകാശവും എനിക്കു കാണാം. പെട്ടെന്നു് അനിയത്തിയുടെ ചൈതന്യം എന്നെ വലയംചെയ്തതായി എനിക്കു തോന്നി. ഞാൻ കണ്ടിട്ടില്ലാത്ത ആ മുഖം.

"സ്വിച്ച് ഓഫ് ദ ലൈററ്, ലൂസി!"

വിളക്കു് കെട്ടു. പുൽക്കൂട്ടിലെ മെഴുകുതിരികൾക്കു നേരെ ലൂസി നടക്കുകയായിരുന്നു. ഞാൻ പറഞ്ഞു:

"അവ അങ്ങിനെതന്നെ നില്ക്കട്ടെ."

അകത്തുള്ള അരണ്ട വെളിച്ചവും, നിലാവിൻെറ നേർമ്മയും സമ്മേളിക്കുന്നതുനോക്കി മലർന്നുകിടക്കവേ ലൂസിയുടെ മുടിച്ചുരുളുകളിൽ ഞാൻ തടവി. പുൽക്കൂട്ടിൽ പിറന്നുകിടക്കുന്ന ജീസസ്സിനെ എനിക്കു കാണാം.

ഞാൻ വിളിച്ചു:

"ലൂസീ!"

"ഓ!"

"ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു!"

അവൾ മിണ്ടിയില്ല.

"ഞാൻ മതങ്ങളിലൊന്നും വിശ്വസിക്കുന്നില്ല ലൂസി. മനുഷ്യൻെറ നന്മയിൽമാത്രം!"

അവളത്ഭുതപ്പെടുകയാവും. ഞാൻ പറയേണ്ട വാക്കുകളല്ലല്ലോ ഇതു്.

"നീ നോക്കൂ. ആ നക്ഷത്രങ്ങളെ കണ്ടോ? നാം ജീവിക്കുന്ന ഈ ഭൂമി, നീ കിടക്കുന്ന കട്ടിൽ, നിന്നോടൊപ്പം ഞാൻ....എല്ലാം തികച്ചും യാദൃച്ഛികം, അർത്ഥശൂന്യം....എന്നു് ചിന്തിക്കാനാവുമോ നിനക്കു്?"

ഉത്തരത്തിന്ന് ഒരു നിമിഷം കാത്തു.

അവൾ എന്നോടൊന്നുകൂടി ചേൎന്നുകിടന്നതുമാത്രം. ഞാൻ തുടൎന്നു:

"എനിക്കാവില്ല അങ്ങനെ ചിന്തിക്കാൻ. എല്ലാം ചില കണക്കുകൂട്ടലുകളാണ്. ഞാനും നീയ്യും, ഈ ഭൂമിയും നക്ഷത്രങ്ങളും സൃഷ്ടിക്കപ്പെട്ടതു് ഈ നിമിഷത്തിന്നുമാത്രമല്ലായിരിക്കാം. പക്ഷേ, ഈ നിമിഷത്തിന്നു വേണ്ടിക്കൂടിയാണ്. നമ്മളൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ലെങ്കിൽ ഈയ്യൊരു നിമിഷവും ഉണ്ടാകില്ലായിരുന്നു!"

പുറത്തുനിന്നു് തണുപ്പുകാററു വീശി. വെളുത്ത ഭിത്തിയിൽ നിലാവു് നനുത്ത ചിത്രങ്ങൾ വരച്ചുവെയ്ക്കുകയാണ്. മെഴുകുതിരി മുക്കാലും കത്തിത്തീരാറായ്ക്കഴിഞ്ഞിരിക്കുന്നു. ആഗ്നസ്സിൻെറ മുറിയിൽ എന്തോ വീണുടഞ്ഞ ശബ്ദം കേട്ടു.

"ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു ലൂസി. ഈ കണക്കുകൂട്ടലുകളെല്ലാം നേരത്തേകൂട്ടി നടത്തിവെച്ചിട്ടുള്ളതു് ആ ചഹയനാണ്. സം സൂപ്പർ നേചറൽ പവ്വർ........യു ഗെററ് ഇററ്, ലൂസി?"

"യസ്സ്!"

"ആ ചഹയൻെറ കയ്യിൽനിന്നു് നമുക്കാൎക്കും മോചനമില്ല —"

ജാലകങ്ങളിലൂടെ നരിച്ചീറുകൾ പറന്നുമാറുന്നതു കണ്ടു. അവയുടെ നിഴലുകൾ ചന്ദ്രപ്രകാശം ചിത്രപടത്തിൽ ചുവരിൽ വരഞ്ഞു. അകലെ എവിടെയോ

നിന്നു് നേർത്ത ഒരു ശോകഗാനത്തിന്റെ ഈരടികൾ അകത്തേയ്ക്കു് ഇഴഞ്ഞു കടന്നുവരുന്നു....

ലൂസി എന്നോടു് ചേർന്നുകിടക്കുകയാണു്.

ക്രിസ്തുമസ്സ്‌രാത്രി അലിഞ്ഞുതീരുന്നു.

"ലൂസി—"

"ഓ!"

"നീ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ?"

"ഉണ്ടു്"

"എന്തുകൊണ്ടു്?"

"ദൈവം സ്നേഹമായതുകൊണ്ടു്!"

അവൾ മെല്ലെ കൈമുട്ടുകളിൽ മുഖമുയർത്തി. ഞങ്ങളുടെ കണ്ണുകൾ പരസ്പരമിടഞ്ഞു. ആകാശത്തിൽനിന്നു് പൊട്ടിവീണ ഒരു മാലാഖയാണു് അവളെന്നു് എനിക്കു തോന്നി. ഉണ്ണിയേശുവിന്റെ തലയ്ക്കുപുറമെന്നപോലെത്തന്നെ അവളുടെ ചുറ്റും പ്രകാശത്തിന്റെ ആ പരിവേഷം ഞാൻ കണ്ടു. അവളെ സ്പർശിക്കാൻ എനിക്കു ഭയം തോന്നി.

അവൾ പറഞ്ഞു:

"ഞാൻ സ്നേഹത്തിൽ വിശ്വസിക്കുന്നു ശ്യാം!—"

1960 ഏപ്രിൽ 26

ഇന്നു് ലൂസിയെ കണ്ടു.

അവൾ ഈ നഗരം വിടാൻ പോവുകയാണത്രേ.

അവളുടെ പ്രത്യേക ക്ഷണമനുസരിച്ചാണു് ചെന്നതു്. കുറച്ചു മാസങ്ങളായി ഞങ്ങൾതമ്മിൽ കണ്ടിട്ടു്.

അതിനാൽ അവളെ കാണാൻ തിരിച്ചപ്പോഠം എനിക്കു സന്തോഷം തോന്നി.

ലൂസി ലേശം തടിച്ചിരിക്കുന്നു.

വളരെയധികം പ്രസാദാത്മകമായിട്ടുണ്ട്. ആഗന സ് ഉണ്ടായിരുന്നില്ല. അവഠം ഏതോ ഓഫീസിലാണത്രെ. അവഠം ഡിഗ്രി എടുത്തതായി ലൂസി പറഞ്ഞ് മുമ്പേ ഞാനറിഞ്ഞിരുന്നു.

എനിക്കായി കോഫിയിൽ അവഠം പാലും പഞ്ചസാരയും ചേക്കുമ്പോഠം, സെററിയിൽ അഭിമുഖമായിരുന്ന ഞാനന്വേഷിച്ചു:

"പിന്നെ, എന്തുണ്ട് വിശേഷം?"

"നല്ലതുതന്നെ—" കവിളുകളിൽ നാണം അരിച്ചെത്തുന്നു. എൻെറ മുമ്പിൽ അവളെന്തിനു് ലജ്ജിക്കണം.

പിന്നെ, അവളുടേതല്ലാത്ത ഒരു ശബ്ദത്തിൽ പറഞ്ഞു: "ഞാൻ വിവാഹം കഴിക്കാൻ പോകുന്നു!"

"എന്തു്?"

"ഗോയിങ്ങ് ടു ബി എൻഗേജ്ഡ്; നെക്സ്ററ് മന്തു്."

അവളുടെ തുടുത്ത കൈപ്പടങ്ങഠം ഗ്രഹിച്ചു് ഞാൻ പറഞ്ഞു: "വിഷ് യു ആഠം ദ ലക്ക് ലൂസി........ആഠം ദ ബെസ്റ്റ്!"

ഞങ്ങഠംക്കിടയിൽ പൊടുന്നനവേ നിശ്ശബ്ദത വന്നു വീണു. ഇതാ, ഈ ലൂസി ഒരു ഭാര്യയും അമ്മയുമെല്ലാ

മാവാൻ തയ്യാറെടുക്കുകയാണ്. എനിക്കായി കിടപ്പറ ഒരുക്കിയിട്ടുള്ള ഇവരും, ഇനി ഭാവിവരനായി മണിയറയുമൊരുക്കും. അവളിൽ അയാൾക്ക് കുഞ്ഞുങ്ങളുണ്ടാവും. വെള്ളാരങ്കണ്ണുകളും ചെമ്പിച്ച മുടിച്ചുരുളുകളുമുള്ള പുണക്കുട്ടികൾ. അങ്ങനെ തലമുറകൾ തലമുറകളിലേയ്ക്ക് പടരും.

ഭൂതത്തിന്റെ അടച്ചിട്ട വാതിലുകൾക്കപ്പുറത്തു നിന്ന് എന്നെങ്കിലും അവൾ എത്തിനോക്കുമോ? ഇല്ലായിരിക്കും....ഇല്ലായിരിക്കും....

ബിന്ദു എത്ര സുഖമായി ജീവിക്കുന്നു; ഇന്ന്.

എന്റെ മനസ്സിൽ വിഷാദത്തിന്റെ ഒരു കടലിരമ്പി. നഗ്നമായ ആ വാസ്തവം വീണ്ടും കൺമുന്നിൽ തെളിയുകയാണ്. ഞാനാരുമില്ലാത്തവനാണ്. ഞാനാർക്കും വേണ്ടാത്തവനാണ്. എന്നെപ്രതി ഒരിററു കണ്ണീർ തൂകാൻമാത്രം ഈ ഭൂമിയിലിന്നാരുമില്ല. ഇത്രമാത്രം അനാഥമാക്കിയല്ലോ ഒരു ജീവിതം........നീ....എന്റെ ബിന്ദൂ!....

ലൂസിയുടെ ചോദ്യം കേട്ടാണന്നു്?

"ശ്യാം.—"

"എന്താണ്?"

"സത്യം പറയുമോ?"

"തീർച്ച!"

"ഹാവ് യു എവർ ലവ്ഡ് മി?"

"ഡെഫ്നിററ്ലി നോട്ട് ട്ടൂ!"

അതിന്നു മറുപടി പറയാൻ എനിയ്ക്കൊട്ടും വിഷമി ക്കേണ്ടതില്ലല്ലോ. ഞാൻ ജീവിതത്തിൽ ഒരാളെമാത്രമേ പ്രേമിച്ചിട്ടുള്ളു. ഒരു പുരുഷന്നു് ഒരു പെൺകുട്ടിയെ മാത്രമേ യഥാർത്ഥമായി പ്രേമിക്കുവാൻ കഴിയുകയുള്ളു എന്നുമുണ്ടാകാം.

സിഗരററിന്റെ ചാരം ആഷ്ട്രേയിൽ തട്ടിയിട്ടു കൊണ്ടു് പകുതി തമാശയായി ഞാൻ ലൂസിയോടു് ചോദിച്ചു: "ഇനി നീയെന്നെ പ്രേമിച്ചിട്ടുണ്ടെന്നു് പറയുമോ ലൂസീ?"

കുറച്ചുനേരം നിശ്ശബ്ദതയായിരുന്നു.

പിന്നെ വികാരപൂർണ്ണമായ സ്വരത്തിൽ വിറങ്ങലി യായി അവൾ പറഞ്ഞു:

"മാപ്പു് തരൂ ശ്യാം. ഐ ഡൗട്ടു് സൊ!"

അത്ഭുതത്തോടെ ഞാൻ തരിച്ചിരുന്നുപോയി.

അവൾ പെട്ടെന്നു തലയുയർത്തി. വാശിയോടെ ന്നോണം പറഞ്ഞു: "ഇല്ല ശ്യാം. ഇല്ല ഞാനൊരി ക്കലും നിങ്ങളെ പ്രേമിച്ചിട്ടില്ല....നെവർ....നെവർ...."

ഒരുതുള്ളി കണ്ണീർ അവളുടെ കണ്ണിൽ ഉരുണ്ടുവീഴു ന്നതു് ഞാൻ കണ്ടു.

1960 ആഗസ്റ്റ് 18

ഇന്നു് ലൂസിയുടെ വിവാഹമാണു്.

നേരം വെളുത്തു. എനിക്കു് വിശേഷിച്ചൊന്നും തോന്നിയില്ല. മറെറാരു ദിവസം. അത്രമാത്രം ഇങ്ങ നെ തോന്നുന്നതു് ഞാനൊരിക്കലും അവളെ പ്രണയി ച്ചിട്ടില്ലാത്തതിനാലായിരിക്കാം. എന്തെന്നാൽ ഏഴു

വഷംമുമ്പു നടന്ന മറെറാരു വിവാഹത്തിൻെറ പുലരി ഇന്നുമെൻെറ ഓമ്മയിലുണ്ട്. ബിന്ദുവിൻെറ വിവാഹ ദിവസം. അന്നു്, ഇന്നേരത്തു് ഞാൻ ഭ്രാന്തിൻെറ വക്കി ലെത്തിക്കഴിഞ്ഞിരുന്നു.

മുറി പൂട്ടി പുറത്തിറങ്ങുമ്പോറം ഇത്രമാത്രം ഓമ്മ വെച്ചു. ഇന്നു മറക്കാതെ ടെലഗ്രാം ചെയ്യണം.

കോഡ്നമ്പർ സികസ്റ്റീൻ—

—മെ ഗോഡ്സ് ചോയ്സസ്റ്റ് ബ്ലസ്സിംഗ്സ് ബി ഷവേർഡ് ഓൺ ദ ന്യൂലി മാരേഡ് കപ്പിറം....

ഇനിയൊരിക്കലും ഞാൻ ലൂസിയെ കാണില്ല.

എഴുതാനിരിക്കുന്ന ഒരു പേജിൽ:

മിസ്സ്. ലൂസി ഫർണാണ്ടസ്സ്, തെററിപ്പോയി, മിസ്സിസ്. ലൂസി ഡിസ്സോസ, നീയിന്നെവിടെയാണു? റെക്കാർഡ്പ്ലയറിൻെറ യാന്ത്രികമായ ശബ്ദവീചികറം 'കറുത്ത ചന്ദ്രനെ'ക്കുറിച്ചു് ഗാനമാലപിക്കുമ്പോറം, കിടപ്പുമുറിയിൽ മിസ്റ്റർ ആൽബർട്ട് ഡിസ്സോസയുമായി ചൂട് പകന്നുകൊടുക്കുമ്പോറം; നീയൊരിക്കൽ പ്രേമിച്ചു പോയിരുന്ന, നിന്നെയൊരിക്കലും പ്രേമിച്ചിട്ടില്ലാത്ത ഒരു മനുഷ്യജീവിയെ നീയോക്കുമോ?

എന്നെ—

മിസ്റ്റർ ശ്യാം ചന്ദ്രമോഹനെ—

നിന്നെ ഞാനിന്നുമോമ്മിക്കുന്നു, ലൂസി.

ഓമ്മിക്കുന്നു.

മാപ്പു് തരിക!

## എട്ട്

അകത്തേയ്ക്കു കയറിവന്നു് പയ്യൻ ചോദിച്ചു:

"എന്തു് വേണം സാർ—"

"നിയ്യീ മുറിയൊന്നടിച്ചുവാരു."

"എന്തു്!"

തല മുൻകൂട്ടി തിരിച്ചുപിടിച്ചിരുന്നതിനാൽ അവന്റെ കണ്ണുകളിലെ ചോദ്യഭാവം കലന്ന അത്ഭുതം കാണാതിരിക്കാൻ കഴിഞ്ഞു.

അല്ലെങ്കിൽ അവനോടെന്തു പറയാൻ!

അവനുണ്ടോ മനസ്സിലാവുന്നു

വർഷങ്ങൾക്കുശേഷം ഇന്നിതാ ഈ മുറിയിൽ ഒരു പെൺകുട്ടി വരാൻപോകുന്നു, എന്നു പറഞ്ഞാലും അവനിതുപോലെ മിഴിച്ചുനില്ക്കുമായിരിക്കും. അവൻ ചെറുപ്പമല്ലേ:

അയാൾ വരാന്തയിൽ ഇറങ്ങി.

പയ്യൻ മുറിയടിച്ചുതീരുംവരെ ഇവിടെ നില്ക്കാം.

ഉച്ച പിന്നിട്ടുകഴിഞ്ഞ പകൽ കത്തിയെരിയുകയാണു്. നീലച്ച ആകാശത്തു് അവിടവിടെ പാറി നടക്കുന്ന വെണ്മേഘങ്ങൾ ഇളകാത്ത കായൽജലത്തിൽ പൊഴിഞ്ഞുവീണ മുല്ലപ്പൂക്കളെപ്പോലെയുണ്ടു്.

യന്ത്രശാലയുടെ മുഴക്കം അന്തരീക്ഷത്തിലിഴയുന്നു.

മറെറാരു യന്ത്രംപോലെ വൃദ്ധൻ വാതില്ക്കൽ കാവലിരിക്കുന്നു.

എല്ലാം വളരെ ശാന്തമായതായി തോന്നി. വെയിലിൽ ആലസ്യപൂർവ്വം മയങ്ങിനില്ക്കുന്ന പ്രകൃതിയെപ്പോ

ലെതന്നെ. ഒരുപക്ഷെ തന്നിലെ ശാന്തത ഇന്നു് അവ യിലേയ്ക്കും സംക്രമിച്ചതാകണം. ഇരുപതുകഴിഞ്ഞ കാമുകൻെറ ഭോരത്തിളപ്പില്ലല്ലോ തനിക്കു്.

ഒതുക്കുകഠം ചവിട്ടിക്കയറുന്ന ശബ്ദം കേട്ടു.

അയാഠം തലതിരിച്ചതു് ചെറുപ്പക്കാരൻെറ മന്ദഹാസം കാണ്മാനാണു്.

"എന്തുണ്ടു് വിശേഷം?"

വെറുതെ ചോദിച്ചു.

"എല്ലാം ശരിപ്പെടുന്ന മട്ടുണ്ടു്, സാർ."

ചെറുപ്പക്കാരൻെറ കണ്ണുകളിൽ പ്രകാശമുണ്ടായിരുന്നു. എല്ലാം ശരിപ്പെടാറായെന്നാണല്ലോ പറഞ്ഞതു്. ഇതാ, വാഗ്ദത്തഭൂമിയിലേയ്ക്കു് ഒരു വിളിപ്പാടുകൂടി അടുക്കുകയാണവർ നല്ലതുവരട്ടെ, സുഹൃത്തേ!

കഴിഞ്ഞ നിരത്തിലൂടെ ഭാരം വലിച്ചു് നീങ്ങുന്ന ഉന്തുവണ്ടിക്കാരനെ നോക്കി അവർ നിന്നു. ഒരു ചെറിയ പെൺകുട്ടി അവളേക്കാളും ചെറിയൊരു കുഞ്ഞിനെ ഒക്കത്തുവെച്ചു് നടന്നുനീങ്ങുന്നതു് കണ്ടു. അകലെ അവഠം മറഞ്ഞപ്പോഠം താടിവളർത്തിയ ഒരു പിച്ചക്കാരൻെറ വരവായി. ഒന്നോ രണ്ടോ കഴിഞ്ഞ ടാക്സികഠം വരികയും, മെല്ലെ ടാക്സിസ്റ്റാണ്ടിൽ വരിവരിയായിട്ടിരിക്കുന്ന കാറുകളുടെ ഏററവും പിന്നിൽ സ്ഥലം പിടിക്കുകയും ചെയ്തു

മുറിയടിച്ചുവാരി പയ്യൻ പോയപ്പോഠം പോക്കററിൽനിന്നു് ഒരു നാലണത്തുട്ടു് അവനു നല്കി. അവൻെറ കണ്ണുകളിൽ ആനന്ദം തളിരിടുന്നതു കണ്ടു.

ചെറുപ്പക്കാരൻ ചോദിച്ചു:

"ഇന്നോഫീസില്ലേ?"

"ഉണ്ടു്." വാച്ചിൽ നോക്കി അയാഠം തുടന്നു: "സമയം ഇനിയുമുണ്ടല്ലോ."

വൃക്ഷത്തലപ്പുകഠംക്കു മുകളിൽ ഒററപ്പെട്ടൊരു കാക്ക പാറിമാറി. ചെറുപ്പക്കാരൻെറ മുറിയിൽ വളകിലുക്കവും വാതിൽ തുറക്കുന്ന ശബ്ദവും കേട്ടു. ചെറുപ്പക്കാരൻ അകത്തോട്ടു നടന്നപ്പോഠം കണ്ണുകഠം പിൻതുടന്നു. വാതിൽക്കീറുകഠംക്കു പിന്നിൽ മിന്നിമായുന്ന ഒരു മുഖം കണ്ടു

അയാഠം മുറിയിൽ മടങ്ങി ഫാനിനു കീഴെ ഇരുന്നു.

തണുത്ത നിമിഷങ്ങഠം ഇവിടെ തളംകെട്ടി നില്ക്കുന്നു.

കാലത്തിൻെറ ഒരേടുപോലെ—

ലേശംകഴിഞ്ഞു് ചെറുപ്പക്കാരൻ വീണ്ടും വന്നു. മുറിക്കു മുന്നിലെത്തി ചോദിച്ചു:

"അകത്തു് വരട്ടെ, സാർ—"

"വരു."

അകത്തു കയറി.

കയ്യിൽ ചെറിയൊരു പൊതിയുമുണ്ടു്.

അയാഠം ചോദിച്ചു:

"എന്താണു് കയ്യിൽ?"

ചെറുപ്പക്കാരൻ പൊതിയഴിച്ചുകൊണ്ടു് സ്നേഹത്തോടെ പറഞ്ഞു: "സാറിനു് അവഠം തന്നയച്ചതാണു്."

മധുരിക്കുന്ന ആ പലഹാരം അയാൾ വായിലിട്ടു.

"നന്നായിട്ടുണ്ട്."

"സ്മൃതിയുണ്ടാക്കിയതാണ്—"

ചെറുപ്പക്കാരൻ അഭിമാനത്തോടെ പറഞ്ഞു.

എന്നാൽ നല്ല കൈപ്പുണ്യമുള്ള പാചകക്കാരിയാകണം സ്മൃതി. ഒററയ്ക്കൊരിക്കലും മുറിക്കു വെളിയിലിറങ്ങി കണ്ടിട്ടില്ലാത്ത ആ പെൺകുട്ടിയെക്കുറിച്ച് അയാൾക്കു മതിപ്പുതോന്നി. പിന്നെ തന്നെക്കുറിച്ച് ശ്രദ്ധയും നല്ല അഭിപ്രായവും സ്നേഹവുമുള്ള ആ ചെറുപ്പക്കാരനെയോക്കുമ്പോൾ ആത്മനിന്ദയും.

"ഭക്ഷണമെല്ലാം അവളാണുണ്ടാക്കുക, സാർ."

"മുറിയിൽവെച്ചോ?"

"അതെ സാർ. സ്റ്റൌവുണ്ട്...." ലേശം വിമ്മിഷ്ടത്തോടെ തുടർന്നു: "മാസംതോറും വാടക കൊടുക്കാൻ തന്നെ പണിപ്പെടുന്നു. അപ്പോൾ —"

അയാൾ നിർത്തി.

വെയ്ററർ കടന്നുവന്നു.

"എന്തിനാണ് സാർ, വിളിച്ചതു്?"

"കുറച്ച് ചന്ദനത്തിരി കൊണ്ടുവരൂ!"

വെയ്ററർ പോയപ്പോൾ അയാൾ ചെറുപ്പക്കാരനോടു പറഞ്ഞു: "ഇവിടെയിന്നൊരാൾ വരുന്നുണ്ട്."

ആരെന്നു ചെറുപ്പക്കാരൻ ചോദിച്ചില്ല.

അതിനാൽ അയാൾതന്നെ കൂട്ടിച്ചേർത്തു:

"എൻെറ കസിനാണ്—"

കുറെ കഴിഞ്ഞു് താനും നിർമ്മലയുംകൂടി വരുന്നതു കണ്ടാലും ഇവർ കൂട്ടത്തിലാണെന്നും ധരിക്കാതിരിക്കട്ടെ എന്നുള്ള ഒരാഗ്രഹവും അതിലുണ്ടായിരുന്നു. അറിയായുണ്ടായതാണെങ്കിലും ആ നല്ല അഭിപ്രായം കളഞ്ഞുകുളിക്കരുതല്ലോ.

പലഹാരത്തിൽനിന്നു് അവസാനത്തെ കഷണവും എടുത്തു വായിലിട്ടു് അയാൾ ചോദിച്ചു: "നിങ്ങൾക്കിന്നൊരു കത്തുണ്ടായിരുന്നല്ലോ—"

"കിട്ടി. അമ്മയുടേതാണു്."

"എന്നോടഡ്രസ്സ് ചോദിച്ചിരുന്നു."

അയാൾ തിരിഞ്ഞു് ഒരു സിഗററ് കൊളുത്തുമ്പോൾ തികച്ചും അർത്ഥശൂന്യമായി കൂട്ടിച്ചേർത്തു: "വിശേഷിച്ചൊന്നുമില്ലല്ലോ—"

ചെറുപ്പക്കാരൻ നിശ്ശബ്ദനായി.

പിന്നെ മെല്ലെ പറഞ്ഞു:

"വീടൊഴിപ്പിച്ചുകൊണ്ടുപോയി സർ. സ്മൃതിയുടെ അച്ഛനു് പണയത്തിലായിരുന്നു. അദ്ദേഹം...." ചെറുപ്പക്കാരൻ നിർത്തി.

എല്ലാം മനസ്സിൽ വ്യക്തമാണു്.

പ്രതികാരം എന്ന വികാരം, കഷ്ടം.

"അമ്മയെ ഇങ്ങോട്ടു കൊണ്ടുവരാമായിരുന്നു, പക്ഷേ...."

വയസ്സുകാലത്തു താങ്ങും തണലുമാവുമെന്നു കരുതിയ, ആറരുനോററു വളർത്തിയെടുത്ത ആശാകേന്ദ്രം

താരും തളിരുമണിയാതെ തളൎന്നുനില്ക്കുന്ന ദയനീയ ചിത്രം. എല്ലാം ഒരൊററ വികാരത്തിൻെറ പേരിൽ, പ്രേമം.

അയാഠം ആ വികാരത്തെ ശപിച്ചു.

കാല്ക്കീഴിൽ ഞെരിയുന്ന മണ്ണട്ടകളെപ്പോലെ വഷ്ങ്ങഠം തന്നിൽ മരിച്ചുവീണതു് മറെറന്തിൻെറ പേരിലായിരുന്നു? അഭിലാഷങ്ങഠം അഭിശപ്തമായ ഒരു ദുസ്വപ്നംപോലെ വിറങ്ങലിച്ച മൂകസാക്ഷികളായി പ്രതിക്കൂട്ടിൽ നില്ക്കുമ്പോഠം സമാധാനിപ്പിക്കുന്നു: വിധിയിതാണു്; നിൻെറ കുററമൊന്നുമല്ലല്ലോ.

ശിശിരത്തുവിൽ ഇലകൊഴിഞ്ഞുനില്ക്കുന്ന മരംപോലെ വിളറിവെളുത്ത ഈ മനുഷ്യനു് മറെറാരുവിധം സമാധാനിക്കാം—വസന്തം ഇനിയും വരുമല്ലോ.

അകന്നൊരു ബന്ധുവിൻെറ വീട്ടിൽ, ജനൽപ്പൊളികഠം കരയുമ്പോഴെല്ലാം മകൻെറ കാൽപ്പെരുമാററം കേഠംക്കുന്ന ആ അമ്മയെ അന്നവന്നു് കൂട്ടിക്കൊണ്ടുവരാമല്ലോ സ്നേഹം ഫലനീഭവിച്ച ആ ശരീരത്തെ ചേൎത്തുപിടിച്ചു് ആനന്ദാശ്രുക്കളൊപ്പിമാററി അഭിമാനഭരിതമായ സ്വരത്തിൽ മന്ത്രിക്കാമല്ലോ, ഇതാ അമ്മെ ഞാനുണ്ടാക്കിയ വീടു്.

വിളറി ശുഷ്കിച്ച ആ പാദങ്ങഠം നമസ്കരിക്കുന്ന സ്മൃതിയെ സ്നേഹത്തോടെ അമ്മ പിടിച്ചെണീപ്പിക്കുമ്പോഠം കൌമാരകുതൂഹലത്തോടെ ചോദിക്കാമല്ലോ—അമ്മയ്ക്കിവളെ ഇഷ്ടായോ?

പിന്നെ,

പരവതാനിയിൽ പതിയുന്ന പിഞ്ചുകാലടികൾ.

— എൻെറ കഞ്ഞുങ്ങൾ. എൻെറയും സ്മൃതിയുടെയും.

"അമ്മൂമ്മെ, നിക്കൊരു കഥ പറഞ്ഞുതരു."

"ഏതു് കഥാണു് മോനു് വേണ്ടതു്?"

"മാണിക്യക്കൊട്ടാരത്തില് താമസിക്കണെ രാജകുമാരീടെ—"

"അമ്മൂമ്മ മറന്നല്ലോ മോനേ!"

"നുണ പറയ്ണു്."

"അല്ല മോനെ. നിൻെറച്ഛനോട്ടു് ചോദിക്കു്."

"അച്ഛനറിയ്യോ അമ്മൂമ്മെ?"

"പിന്നെ, അവനല്ലുണ്ടാക്കാ അറിയ്യാ!"

....അച്ഛനറിയുന്ന ആ കഥ.

കഥയല്ല, വാസ്തവം.

കഥ, വാസ്തവമാവരുതെന്നുണ്ടോ?

ലൈലയുടെയും മജ്നുവിൻെറയും കഥയാണു്, എൻേറതല്ല.

പണ്ടുപണ്ടൊരു രാജ്യത്തു് ഒരു രാജകുമാരിയുണ്ടായിരുന്നു. ലൈലസുന്ദരി. രാജാവിൻെറയും രാജ്ഞിയുടെയും കഥയല്ല, ഞാൻ പറയുന്നതു്. യുദ്ധങ്ങളുടെയും കൊട്ടാരത്തിലെ ഉപജാപങ്ങളുടെയും കഥയുമല്ല പ്രേമത്തിൻെറ കഥ ലൈല എന്ന സുന്ദരിയുടെ പ്രണയകഥ അവൾ രാജകുമാരിയായതു് എൻെറ കുററമല്ല.

അവളുടെയും കുററമല്ല. അവരം ഖായസ്സ് എന്ന ചെറുപ്പക്കാരനെ പ്രേമിച്ചതും ആരുടെയും കുററമല്ല. ഖായസ്സ് നിർദ്ധനനായിരുന്നതിലും ആർക്കും പങ്കില്ല. കുററമെല്ലാം ദൈവത്തിൻെറ ചുമലിൽ ചുമത്തുന്നു ഞാൻ.

എതിർപ്പുകളെ തൃണവൽഗണിച്ച് ഖായസ്സ് ലൈലയെ തന്നോടൊപ്പം കൊണ്ടുപോന്നു മക്കളെ. കത്തുന്ന എരിതീയുടെ മദ്ധ്യത്തിൽ ഖായസ്സ് സ്വന്തം ലോകം നിർമ്മിച്ചു മക്കളെ. ആഞ്ഞടിക്കുന്ന മണൽക്കാററില്ല. മുറിയിൽ ബന്ധനസ്ഥയായ രാജകുമാരിയില്ല. പാടിപ്പാടി മരുക്കുന്നുകളിൽ തളർന്നു വശനായി വീഴുന്ന കാമുകനുമില്ല.

"മുത്തശ്ശി നുണ പറയണ്ട."

"അല്ല മക്കളെ—"

"ഇങ്ങനല്ലല്ലൊ ടീച്ചറു പറഞ്ഞുതന്നത്."

"ദ് നിൻറച്ഛൻ പറഞ്ഞുതന്നതാണ്!"

"അച്ഛന് തെററീതാവും."

"അല്ല മക്കളെ. ഇദ് പുതിയ കഥയാണ്!"

—പുതിയ കഥ....

ഞാനും നിങ്ങളും കഥാപാത്രങ്ങളായ കഥ

കഥയല്ല. വാസ്തവം.

അല്ലേ, ചെറുപ്പക്കാരാ പറയൂ!

ചന്ദനത്തിരികളുടെ സുഗന്ധംപേറുന്ന വായു പുറത്തെ വരണ്ട അന്തരീക്ഷത്തിലേയ്ക്കു വാതിൽക്കീറുകളുടെ പഴുതുകളിലൂടെ ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ പരന്നുപടന്നു.

വാതിൽക്കീറുകറം പൂട്ടി താക്കോൽ പോക്കററിലി ട്ടപ്പോറം കരുതുകയായിരുന്നു: പരിചയമുള്ള ആരെയും കാണാതിരിക്കട്ടെ.

ചെറുപ്പക്കാരന്റെ മുറി അടഞ്ഞുകിടക്കുന്നു.

മുറിക്കകത്തു്....

അവളും അയാളും.....

മധുവിധുവെക്കുറിച്ചു് എന്തെങ്കിലുമറിയുമോ നിങ്ങറംക്കു്? കഷ്ടംതന്നെ. അടഞ്ഞ വാതില്പ്പീറുകറം ക്കകത്തു നടക്കുന്ന അനുരാഗലീലകളുടെ ശാലീനതയാന്ന മന്ദഹാസം, എന്നാണു് നിങ്ങളുടെ വാതില്ക്കൽ മുട്ടി വിരുന്നു വിളിക്കുക? നിങ്ങളുടെ വാതില്ക്കൽതന്നെ. സംശയമോ?

—ഇല്ല. എനിക്കതൊന്നുമിനിയില്ല. അല്ലേ ബിന്ദൂ?

ചന്ദനത്തിരികളുടെ തീക്ഷ്ണമായ ഗന്ധം.

അനിയത്തിയുടെ ചൈതന്യം.

തളരാത്ത പാദങ്ങളോടെ പടികളിറങ്ങുക. മരിക്കാനനുവദിക്കാതിരിക്കുക ആനന്ദത്തെ. സമയം തെററിക്കരുതു്. കൃത്യനേരത്തുതന്നെ ചെല്ലണം. എന്താണു നിമ്മലേ നീ പറയുന്നതു്?

—ഐ വിൽ ബി വെയററിംഗ്!

ഞാൻ കാത്തിരിക്കും.

നിങ്ങളെ കാത്തിരിക്കും.

ഇന്നൊരൊററ രാത്രിമാത്രം........

ഒമ്പതു്

നിർമ്മലയുടെ കൈപ്പത്തികൾക്കു് ഇളംചൂടുണ്ടു്.

കടലിനെ പുല്കുന്ന കായലിന്റെ കരയിൽ നില ക്കടല കൊറിച്ചുകൊണ്ടു ചേർന്നിരിക്കുമ്പോൾ മാറിൽ നിന്നൂർന്നുവീഴുന്ന പട്ടുസാരിയെക്കുറിച്ചു് വിഷമിക്കേണ്ട തില്ലല്ലോ. ദന്തംകൊണ്ടു് കടഞ്ഞെടുത്തതെന്നോണമുള്ള അഴകൊത്ത ദേഹത്തിൽ അലങ്കരിക്കുക എളുപ്പമാണു്.

നീലത്തിരമാലക്കൈകൾ ഇളകിയാടുന്നു.

അകലെ തീപ്പന്തുപോലെ മുങ്ങിമറയുന്ന സൂര്യബിം ബത്തിനു് പറയാനുള്ള കഥകൾ കേട്ട കാതുകൾ ഉണ്ടാ യിരുന്നെങ്കിൽ. നങ്കൂരമിട്ടിരിക്കുന്ന കപ്പലുകളിലെ പുക ക്കുഴലുകൾക്കുപരി ചെറിയൊരു കാർമേഘം പാറുന്നു. വെള്ളത്തിലേയ്ക്കുന്തിനില്ക്കുന്ന കടല്പാലത്തിൽ തിരകൾ സംഗീതം ചെയ്യുന്നുണ്ടു്. ദീപസ്തംഭം ഇനിയും വെളി ച്ചത്തിന്റെ കണ്ണുകൾ തുറന്നിട്ടില്ല.

“ശ്യാം!”

ചന്ദനത്തിന്റെ കുളുർമ്മയുള്ള വിരൽത്തുമ്പുകളാൽ മുഖം തന്റെനേരെ തിരിച്ചവൾ ചോദിക്കുന്നു. പിൻ കഴുത്തിലെ നേരിയ നീലരോമങ്ങളിൽ തലോടി അ യാൾ:

“എന്താണു് നിർമ്മലേ?”

“പതിവില്ലാത്ത ഈ മൌനം?”

“ഓ. ഒന്നുമില്ല.

“ഒന്നും—”

വെള്ളത്തിലേയ്ക്കുന്തിനില്ക്കുന്ന കറുത്ത പാറക്കെട്ടിന്റ പുറത്തു നിന്നുകൊണ്ടു് ഒരാറം ചൂണ്ടലെറിയുന്നുണ്ടു്. അയാളുടെ തലയിലെ തുണിക്കെട്ടിന്റെ അഗ്രങ്ങളും, കറുപ്പു കള്ളികളുള്ള ഉടുമുണ്ടും ഇരമ്പിയടിക്കുന്ന കാററിൽ പാറിക്കളിക്കുന്നു. അയാറംക്കു് മത്സ്യങ്ങളെ കിട്ടുമോ? ഇത്ര വിശാലമായ ജലപ്പരപ്പിൽ ഇത്രയധികം ഇരകളുള്ളപ്പോറം എന്താണയാളുടെ ചൂണ്ടയിൽ കടിക്കാൻമാത്രമുള്ള നിർഭാഗ്യം ചെയ്തതു്?

"ശ്യാം?"

"ങ്ങും—"

"ഇതിന്നാണോ എന്നെ വിളിച്ചതു്?"

അല്ല നിമ്മലേ.

ഇതിന്നല്ല നിന്നെ വിളിച്ചതു്.

പക്ഷെ, നീതന്നെയല്ലേ എടുത്തിട്ടതു്.

"ലെററ് അസ് ഗോ ദ ലെയിക്ക സൈഡ്—"

കായൽതീരത്തു് കുഴമണലുണ്ടു്. അങ്ങേപ്പുറം പൂന്തോട്ടങ്ങളും ജലധാരായന്ത്രങ്ങളും വളർത്തിയിട്ടുണ്ടു്. നഗരത്തിലെ ഇണകറംക്കിരിക്കാനും ഹൃദയം പകരാനും സൌകര്യങ്ങറം നഗരാദ്ധ്യക്ഷന്മാർ ചെയ്തുവച്ചിട്ടുണ്ടു്. ഇരുളായാൽ ഡ്യൂംലൈററുകറം തെളിയും. ജലധാരകളിൽ വർണ്ണവൈവിദ്ധ്യംവരുത്തുന്ന വിളക്കുകറംക്കു് ജോലിയാവും.

മെയ്യുരുമ്മിനടക്കുന്ന സ്ത്രീപുരുഷന്മാർ ഭംഗി തുന്നിച്ചേർക്കുന്നു.

അയാഠം ഒരു ഉരുണ്ട കല്ലെടുത്തു് വെൽവെററ് പോലെ ഇളകിത്തിളങ്ങുന്ന ജലപ്പരപ്പിലേയ്ക്കു് വലിച്ചെറിഞ്ഞു. അലകളുണ്ടാവുകയാണു്. വൃത്തത്തിൽ. വലുപ്പത്തിൽ. അകലത്തിൽ. വളഞ്ഞുപുളയുന്ന പാമ്പിന്റെ നടപ്പുറംപോലെ ജലപ്പരപ്പു് ഇളകി ചാഞ്ചാടുന്നു. അയാഠം ചൂണ്ടിക്കാണിച്ചു് പറഞ്ഞു:

"നോക്കു നിമ്മലേ!"

"എന്തു്?"

"അലകഠം...."

"—?"

"അലകഠം കണ്ടില്ലേ. ഒരൊററ ബിന്ദുവിൽ നിന്നു്, ഒരൊററ ചലനത്തിൽനിന്നു്. അനന്തതകളിലേയ്ക്കു്. അറിയാത്ത കരകളിലേയ്ക്കു്. നോക്കു; ജീവന്റെ സ്പുരണംപോലെത്തന്നെ!"

അവഠം അയാളുടെ മുഖത്തു് അത്ഭുതത്തോടെ മിഴിച്ചുനോക്കി. കൊഴിഞ്ഞുപോയൊരു യൗവ്വനംമാത്രം കൈമുതലുള്ള, കാലത്തിന്റെ വൈരൂപ്യം മുഴുവൻ മുഖത്തു കോരിച്ചൊരിഞ്ഞ ഈ മനുഷ്യനെന്തുപററി?

"നിമ്മലേ, ഇവ സ്നേഹത്തിന്റെ അലകളാണു്.... ആരംഭിക്കുന്നതു് ചുരുങ്ങിയ, വ്യക്തമായൊരു ബിന്ദുവിൽനിന്നാകാം. ബട്ടു് ഇററു് എൻഡ്സ് ഇൻ ഇറേറർണിററി........ഇൻഫിനിററി...."

ആകാശത്തു് സാന്ധ്യനക്ഷത്രം കൺതുറന്നു. ഇളം കാററു് വീശി.

"ഓർ ഇററു് നെവർ നെവർ എൻഡ്സ്....,"

വർഷങ്ങൾക്കും യുഗങ്ങളിലേയ്ക്കും യുഗാന്തരങ്ങളിലേയ്ക്കും വഴുതിവീണേക്കാം. കാലത്തിൻെറ നിയന്ത്രണത്തിലല്ലാത്ത കാലത്തിൻെറ മരണശേഷവും അവശേഷിക്കുന്ന ഒരു സത്യം. ദ ഹോൾ ട്രൂത്ത്....

അവസാനിക്കാത്ത സത്യം.

അവശേഷിക്കുന്ന സത്യം.

സത്യം. സത്യം മാത്രം.

— നിന്നെ തളർത്തിയ സത്യം!

ദുഃഖത്തിൻെറ കല്പടവുകളിൽ കയറിയിട്ടില്ലാത്തവൾ. സുന്ദരി. വളരെവളരെ ചെറുപ്പം. കായൽത്തീരത്തെ കുഴമണലിൽ കൈവിരൽത്തുമ്പുകൊണ്ടു് ചിത്രങ്ങൾ വരയ്ക്കാൻ താല്പര്യമുള്ളവൾ. വെളുത്തു് വൃത്താകൃതിയിലുള്ള മുഖം. ചന്ദ്രനെപ്പോലെ. നക്ഷത്രങ്ങളുടെ തിളക്കമുള്ള കണ്ണുകൾ. ചിതറിവീണു് നെററിയിലും മുഖത്തിൻെറ പാർശ്വങ്ങളിലും ഇക്കിളിപ്പെടുത്തുന്ന അളകങ്ങൾ.

എന്നെ നിങ്ങളെന്തു വിളിക്കുന്നു?

ബിന്ദൂ....പ്രിയപ്പെട്ട ബിന്ദൂ....

ശരി.

ഞാനെൻെറ കഥ പറയാം. നമ്മുടെ സ്നേഹത്തിൻെറ കഥ.

ഞാൻ നിങ്ങളെ കണ്ടുമുട്ടിയതെന്തിനാണു് ശ്യം?

ശ്യാം ചന്ദ്രമോഹൻ.

സുന്ദരമായ പേരു്!

കുഴമണലിൽ കൈവിരൽത്തുമ്പാൽ വരച്ചിട്ടവാൻ എന്തു സുഖമാണു്! എന്തു ചന്തമാണു്!

—മിസ്റ്റർ ശ്യാം ചന്ദ്രമോഹൻ.

—മിസ്സിസ് ബിന്ദു ചന്ദ്രമോഹൻ.

ഹായ്! നിങ്ങളെന്തിനാണെൻെറ കൈത്തണ്ടയിൽ കയറിപ്പിടിക്കുന്നതു്? നിങ്ങൾ എന്താണു് പൊട്ടിച്ചിരിക്കുന്നതു്? നിങ്ങളുടെ ചുണ്ടുകൾ എൻെറ മുഖത്തോടു് അടുപ്പിക്കുകയാണല്ലോ. ഓ, സിഗററിൻെറ സുഗന്ധംപുരണ്ട സാക്ഷാല്ക്കാരത്തിൻെറ വാക്കുകൾ:

ഞാൻ സ്നേഹിക്കുന്നു, എൻെറ ബിന്ദുവിനെ—

പറയരുതേ, ശ്യാം!

ദയവുചെയ്തു് പറയരുതേ.

—പ്ലീസ്....പ്ലീസ് ഫോർ ഗിവ് മി!

ഗുഡ്ബൈ, മിസ്റ്റർ ശ്യാം! ഗുഡ്ലക്ക്.

പുഷ്പിച്ചുനില്ക്കുന്ന പ്രപഞ്ചത്തിൻെറ എല്ലാ പൂക്കളും ഒന്നിച്ചു് കൊഴിഞ്ഞുവീണു. ഒരുനിമിഷം. ഒരു സ്വപ്നത്തിൻെറ കാമ്മയവസാനിക്കുന്ന ഒരു വിനാഴിക. ഒരു ശബ്ദത്തിൻെറ അവസാനം. ഒരു സത്യത്തിൻെറ ആരംഭം.

ആരംഭം....അവസാനം....

അവസാനം....ആരംഭം....

—ശ്യാം യാത്ര പറയുന്നു. ഗുഡ്ബൈ!!

"ശ്യാം—?"

"എന്താണു നിർമ്മലേ?"

"എന്താണിന്നു് മനസ്സിൽ—സം തിംഗ് എക്സ്ട്രാ ഓർഡിനറി?"

"ഓ. നത്തിംഗ്!"

ഒന്നുമില്ല—

ഒന്നുമല്ലാത്തതെന്താണു്?

ഒരു ചെറിയ ഗൃഹം. പരവതാനി വിരിച്ച നിലത്തു് പതിയുന്ന വെളുത്തുതുടുത്ത കാല്പത്തികൾ. ഇളം പച്ചക്കുട്ടെന്നകൾ ഭംഗിയിൽ വിടർത്തിയിടുന്ന കരിവളകളണിഞ്ഞ കൈത്തണ്ടകൾ. എൻെറ മകനെ താരാട്ടു പാടി ഉറക്കുന്ന ഈണത്തിലുള്ള ഗാനം. എൻെറ ചുണ്ടിൽ ചുംബനമൂട്ടുന്ന ഇളംചൂടുള്ള അധരപാണികൾ. എനിക്കു് വെച്ചുവിളമ്പിത്തരുന്ന, എനിക്കായി അണിഞ്ഞൊരുങ്ങി കാത്തിരിക്കുന്ന........എനിക്കായി....എനിക്കായി....ഓ! ഒരു പെൺകുട്ടി. ഞാനവൾക്കു് ഭംഗിയോലുന്ന ഒരു പേർ കൊടുത്തിരുന്നു.

എൻെറ സ്വപ്നം—

എൻെറ ബിന്ദു!

ഇരുൾ പരന്നു. നിരന്നുനില്ക്കുന്ന കാർമേഘങ്ങളില്ല. വിരിച്ചിട്ട ഓണപ്പൂക്കളെംപോലെ വെട്ടിത്തിളങ്ങുന്ന ആകാശംമാത്രം.

ബീച്ച്റോഡിലൂടെ ഓടിയകലുന്ന കാറുകളുടെ ഹെഡ്ലൈററുകൾ കാഷ്വറീനകളുടെ വിള്ളലിലൂടെ പരന്ന വിശാലതയിലേയ്ക്കും വെളിച്ചത്തിൻെറ കിരണങ്ങൾ വിതറുന്നു. അയാളുടെ മനസ്സിൽ മധുരമധുരമായൊരു ദുഃഖം വിതുമ്പി.

"നിർമ്മലേ?"

"ഓ—!"

"ഐ വൺസ് ഡ്രീംററ് ഓഫ് മെയ്ക്കിംഗ് ഫിലിംസ്!"

"ഗുഡ് ഹെവൻസ്!"

"സാധിക്കാത്ത ആഗ്രഹങ്ങളുടെ കൂട്ടത്തിൽ ഒന്നായിരുന്നു അതും—"

കുറച്ചു കടൽക്കാക്കകൾ അകലെ പാറുന്നതു് കണ്ടു.

"ആഗ്രഹങ്ങളില്ലാത്തവർ ഭാഗ്യവാന്മാരാണു്!"

അയാൾ പോക്കററിൽനിന്നു് അവിടവിടെ സ്വർണ്ണത്തിൻെറ തകിടുകളടർന്നുപോയ സിഗാററ്കേസ്സെടുത്തു തുറന്നു. വിലകുറഞ്ഞ താണതരം സിഗാററ് വിദേശനിർമ്മിതമായ ഭംഗിയോലുന്ന ലൈററർകൊണ്ടു കൊളുത്തി. തീ കത്തിക്കുമ്പോൾ സംഗീതം ചൊരിയുന്ന ലൈററർ കാററിന്നെതിരെ കൈപിടിച്ചുകൊടുത്തതവളാണു്.

നൈമിഷികമായ ആ പ്രകാശത്തിൽ അവളുടെ കൈരേഖകഠം തെളിഞ്ഞുകണ്ടു.

പണ്ടൊരിക്കൽ ഷീറൊവിൻെറ ഹസ്തരേഖാ ശാസ്ത്രം വായിച്ചിട്ടുണ്ടു്. കൈമുതൽ ഏറെയൊന്നുമില്ല. കുറച്ചു് പേരുകഠം. മൌണ്ടു് ഓഫ് മെർക്കുറി....ഗർഡിൽ ഓഫ് വീനസ്സ്....ഹെഡ്ലൈൻ.

മെർക്കുറിയിൽ കറുത്ത പുള്ളികളുള്ളവർ....

വിൽ റുയിൻ ദ റെപ്യൂട്ടേഷൻ....

തനിക്കെന്തേ ആ പുള്ളികളില്ലാതെപോയി? ഇനിയും വരുമായിരിക്കാം ഇന്നെല്ലാം മറന്നുകഴിഞ്ഞു. അല്ലെങ്കിൽ നിർമ്മലയുടെ കൈയും നോക്കിക്കൊടുക്കാമായിരുന്നു. പണ്ടു്, ഒരു പെൺകുട്ടിയുടെ ഇളംപൂട്ടുള്ള കൈപ്പടങ്ങഠം നോക്കിക്കൊടുക്കുകയുണ്ടായിട്ടുണ്ടു്. സിഗററ് കത്തിക്കുമ്പോഠം വീശിക്കെടുത്തുമായിരുന്ന കൈകഠം—

"നിർമ്മലേ, നിനക്കറിയാമോ?"

"എന്തു്?"

"പണ്ടു്, ഞാനുമൊരു പെൺകുട്ടിയെ പ്രേമിച്ചിരുന്നു!"

"ഓ! മൈ ഗുഡ്നസ്സ്!"

"അതേ നിർമ്മലേ. ഈ കുഴമണ്ണിലിരുന്നുകൊണ്ടു് ഈ പൂന്തോട്ടത്തിൽ ചേർന്നുനടന്നുകൊണ്ടു്, ഈ നഗരത്തിൽവെച്ചു്....പക്ഷെ...."

"അവളിന്നു് വിവാഹിതയാണു്. ആ കുഞ്ഞുങ്ങഠം വീണ്ടും ഭാര്യമാരും ഭർത്താക്കന്മാരുമാകും. അവർക്കു് വീണ്ടും—"

കത്തി പാതിമാത്രമായ സിഗററ് അയാഠം വലിച്ചെറിഞ്ഞു. തണുത്ത മണലിൽകിടന്നു് അതു് എരിയുകയും പുകയുയരുകയുംചെയ്തു.

സന്ധ്യ ഇരുണ്ടുകൂടുകയാണു്.

കളിരൊരുക്കുന്ന രാവു്.

"നിറവേറാത്ത അഭിലാഷങ്ങളോടെ ആർക്കും ഇവിടം വിടാനാവില്ലെന്നു പറയുന്നതു് നേരാണോ? മരണശേഷവും ജീവനും ചൈതന്യവും, ശരീരവും ശബ്ദവുമില്ലാത്തൊരു ശക്തിയായി ഇവിടെ തങ്ങുമെന്നു് നീ വിശ്വസിക്കുന്നുണ്ടോ നിർമ്മലേ....? യസ്സ്, യു കേൻ കോഠം ഇററ്....വാട്ട്....സ്പിരിട്ട്സ്—"

ഐ....ഐ ഡോൺട് നൊ!"

"ബട്ട് ഐ ബിലീവ് ഇററ്. ഇങ്ങിനെ എനിക്കിവിടം വിടാനാവില്ല. അതു് സത്യമാണു്. ഞാൻ വീണ്ടും ജനിച്ചേക്കാം. ഒരമ്മയുടെ ഗർഭപാത്രത്തിൽ നിന്നു് ഒരമ്മയുടെ മകനായി ശരീരത്തോടും ശബ്ദത്തോടും ശക്തിയോടുംകൂടി. അല്ലെങ്കിൽ—"

"ഓ! അല്ലെങ്കിൽ ഞാനിവിടെത്തന്നെ അലഞ്ഞുതിരിയുമായിരിക്കും. ഈ മണ്ണിൽ. ഈ പൂന്തോട്ടത്തിൽ. ഈ....ഈ...."

അയാഠം നിർത്തി.

അവഠം എഴുന്നേററു:

നേരിയ മഞ്ഞസാരി മെല്ലെ കടഞ്ഞു. മണൽത്തരികഠം തെറിച്ചുവീണു. പച്ചബ്ലൌസിൻേറയും പച്ചക്കരയുള്ള മഞ്ഞസാരിയുടേയും ഇടയിൽ നനുത്ത രോമ

ങ്ങളും വാഴക്കുമ്പിൻെറ നിറവുമുള്ള അടിവയർ കാണാം. ബ്ലൗസിന്നടിയിലൂടെ ബ്രാസിയറിൻെറ സ്ട്രാപ്പുകളും.

അവളുടെ മാറിടം ഉയൻുവിതുമ്പുന്ന ഒരു ദുഃഖമാണു്:

"എഴുന്നേൽക്കു ശ്യാം —"

"എങ്ങോട്ടേയ്ക്കു്?"

"ലെററ് അസ് ഗോ ടു ദ തിയററർ"

"എവിടെ?"

അവറം പറഞ്ഞുകൊടുത്തു.

ഒരു പാവയെപ്പോലെ അയാളനുഗമിച്ചു.

രക്തോഭമായ സന്ധ്യാംബരത്തിൻെറ പശ്ചാത്തലത്തിൽ നഗരം ഉറങ്ങിക്കിടക്കുന്നൊരു യന്ത്രശാലയെപ്പോലെ തോന്നിച്ചു. മാനമുരുമ്മിനില്ക്കുന്ന പുകക്കുഴലുകറം തിളങ്ങുന്ന മേഘങ്ങറംക്കെതിരെ കറുത്തിരുണ്ടു നിന്നു.

താഴെ വെളിച്ചത്തിൻെറ ലക്ഷം ലക്ഷം കണ്ണുകറം ചതഞ്ഞ നക്ഷത്രങ്ങളെപ്പോലെ കാണായി. സ്ത്രീയുടെയും പുരുഷൻെറയും ഒററയ്ക്കും കൂട്ടായുമുള്ള ഈ യാത്രകറം എങ്ങോട്ടാണു്? നൂററാണ്ടുകറംക്കുശേഷവും ഈ തെരുവീഥികറം ഇങ്ങിനെതന്നെ നിറഞ്ഞൊഴുകുമായിരിക്കാം. ഈ മണൽത്തരികറംക്കെന്തെങ്കിലും അന്നോർമ്മ കാണുമോ ഇതെല്ലാം? എത്ര നീളംകുറഞ്ഞ ഒരു വികാരമാണോർമ്മ!

പടിഞ്ഞാട്ടു പോകുന്ന വീതികുറഞ്ഞ തെവിടിസ്ത്രീ ത്തെരുവുകളിൽനിന്നു് ജമന്തിപ്പൂക്കളുടെ ഹൃദയഹാരി യായ മണമൊഴുകിവരുന്നു.

വിലപേശുന്ന ദല്ലാളുകളുടേയും, സ്വന്തം രഹസ്യ ങ്ങരം നാണയത്തുട്ടുകരംക്കായി കൈമാററംചെയ്യുന്ന സ്ത്രീകളുടേയും ശബ്ദം കാതിലെത്തുന്നതായി തോന്നി. ഇവിടെ അമ്മയും അച്ഛനും കുടുംബങ്ങളുമില്ല. അച്ഛ നെയറിയാത്ത മകൻ. അച്ഛനറിയാത്ത മകൻ. മക ന്റെയച്ഛനെ അറിയാത്ത അമ്മ.

പുരുഷനും സ്ത്രീയും.

ആദാമും ഹവ്വയും ചെയ്ത പാപം—

"ബാബുസാഹ്ബ്!"

ആരംക്കൂട്ടത്തിൽനിന്നാരോ വിളിച്ചു. അയാരം ഞെട്ടലോടെ തിരിഞ്ഞു. അവൻ.

"എന്താണു് വിശേഷം?" അയാരം പരിഭ്രമം മൂടിക്കൊണ്ടു് തുടർന്നു: "നീയെപ്പോഴാണു് പോവു ന്നതു്?"

"നാളെത്തന്നെ ബാബുജി!"

"നല്ലതു് വരട്ടെ—"

പെട്ടെന്നു് അറിയാത്ത ഭാഷയിൽ ആരോ ശാപ വചനങ്ങരം പറയുന്നതു കേട്ടു. ഭാഷ അറിയാത്തതാവാം. ശബ്ദങ്ങരംക്കും അത്ഥം പകരാനുള്ള കഴിവുണ്ടല്ലോ. അവൻ കുററബോധത്തോടും താഴ്മയോടും തിരിഞ്ഞു.

മാലയെന്നോ ചമ്പയെന്നോ അയാരം മനസ്സിൽ സങ്കല്പിച്ചിരുന്ന ആ സ്ത്രീയെക്കണ്ടു.

കറുത്തതടിച്ച് ഉയരംകുറഞ്ഞ ക്രൗര്യമാൻ കണ്ണുകളുള്ള ഒരു സ്ത്രീ. ആജ്ഞാപിടിച്ച് അവനിരിക്കുന്ന വണ്ടി തള്ളുകയാണ്. അവനവളെ അനുസരിക്കണം. അവൻെറ രക്ഷകയാണല്ലോ അവർ.

വെപ്പാട്ടിമാരുടെ ചൊല്ലടിയിൽനിന്ന് ചുവടനങ്ങാത്ത മനുഷ്യദേഹങ്ങളുടെ കഥകളറിയുന്നതുകൊണ്ട് ഇന്നത്ഭുതമില്ല. മാത്രമോ? ഇവിടെ പിച്ചക്കാശിൻെറയും ആഹാരത്തിൻെറയും പ്രശ്നവുമുണ്ട്.

"പിന്നെക്കാണാം ബാബുജി!....പിന്നെ...." അവനും പോയി.

നഗരത്തിൻെറ ഇരുട്ടിൽ തന്നെനോക്കി പുഞ്ചിരിക്കുന്ന രണ്ടുവരിപല്ലുകൾ തിളങ്ങിനില്ക്കുന്നു.

സിനിമ തുടങ്ങിക്കഴിഞ്ഞിരുന്നു.

ബാൽക്കണിയിലേയ്ക്ക് കോവണിപ്പടികൾ കയറുമ്പോൾ ഇരുളിൽ നിർമ്മലയുടെ ശരീരം ആവശ്യത്തിലധികം സ്വശരീരത്തോട് ഉരുമ്മുന്നതായി തോന്നി. മിനുപ്പുണ്ട്. സുഖമമായ ഇളംചൂടും. കോരിത്തരിപ്പെന്ന വികാരം.

സുന്ദരിയായ ഒരു പെൺകിടാവിനോടൊത്ത് നടന്നുപോവുമ്പോൾ പതിക്കുന്ന അസൂയാനിർഭരങ്ങളായ കണ്ണുകളെപ്രതി അഭിമാനം തോന്നേണ്ടതാണ്. ഇന്നതില്ല.

ടാഹിററി ദ്വീപിൽ കടൽക്കോളിൽപ്പെട്ട് വഴി തെററി കയറിച്ചെന്ന നാവികസംഘത്തിൻെറതാണ് കഥ മാറുമറയ്ക്കാത്ത നാടൻസുന്ദരികൾ കുഴഞ്ഞുഞ്ഞാലാ

ടുന്നു. അവരുടെ നഗ്നങ്ങളായ ചെമ്പിന്റെ നിറമുള്ള അഴകൊത്ത കാലുകൾ സിരാചക്രങ്ങളിൽ വികാരം ഊതിക്കയറുന്നു. വിചിത്രവേഷങ്ങൾ ധരിച്ച അരോഗദൃഢഗാത്രരായ യുവാക്കൾ പ്രാകൃതങ്ങളായ സംഗീതോപകരണങ്ങളിൽനിന്നു് മത്തുപിടിപ്പിക്കുന്ന ശബ്ദസരിത്തൊഴുക്കുന്നു.

അപ്പോൾ—

പൊന്തക്കാടുകൾക്കുപിന്നിൽ നാടൻസുന്ദരിയുടെ അരയാടകളഴിക്കാൻ കയ്യുയത്തുന്ന, വികാരോഷ്മളമായ നിശ്വാസത്തോടെ അവളുടെ ചെഞ്ചുണ്ടുകളുടെ മാധുരിയാസ്വദിക്കാനൊരുമ്പെടുന്ന കപ്പിത്താൻ....

സ്പർശിക്കാൻ കൊതിക്കുന്ന, സ്പർശനത്തിനു് കൊതിക്കുന്ന നിർമ്മലയുടെ കൈപ്പത്തികൾ അയാളുടെ തണുത്തു് ലോഹംപോലെ കിടക്കുന്ന പരുത്ത കൈകളെ തിരഞ്ഞു. അയാൾക്കു മനസ്സിലാവും വികാരം.

ഇന്നലെയും നാളെയും അവൾക്കു് മററു പുരുഷന്മാരായിരിക്കും കാത്തിരിക്കാൻ. ഇന്നവൾ ഉടുത്തൊരുങ്ങിയതു് അയാൾക്കുവേണ്ടിമാത്രമാണു്. ഇന്നൊരു ദിവസത്തേയ്ക്കു് അവളുടെ രഹസ്യങ്ങൾ അയാളുടേതുകൂടിയാണു്. അവളുടെ ഉരുണ്ടുയന്ന മാറിടങ്ങളും അവയ്ക്കുകീഴെ ത്രസിക്കുന്ന ഹൃദയവും അയാളുടെ ശരീരത്തിന്റെ ചൂടിൽ പുളകംചൂടാൻ കാത്തുനില്ക്കുന്നു.

വേണ്ടതെന്തെന്നുമയാൾക്കറിയാം. രസമാപിനിയിലെന്നോണം ഊതിയുയരുന്ന ഈ വികാരോഷ്മളതയെ മുമ്പും പരിരംഭണം ചെയ്യാത്തതൊന്നുമല്ലല്ലോ!

പക്ഷേ....

—നിങ്ങൾ നിങ്ങളല്ലാതായിക്കഴിഞ്ഞിരിക്കുന്നു; ഇന്ന്!

വഷങ്ങൾക്കപ്പുറകിൽ ഒരു ശവകുടീരം കാണുന്നു. അവിടെ അടക്കിയിട്ടുള്ളതു് ജീവനുള്ള രണ്ടു് മൃതദേഹങ്ങളെയാണു്. ആ ശവകുടീരത്തിൽനിന്നു് അപാരതകളിലേയ്ക്കൊഴുകുന്ന ഒരു ഗാനത്തിൻെറ നേത്ത ഈരടികൾ കേൾക്കുന്നു. ആ ഗാനം ഒരു പ്രേമഗാനമാണു്. നിനക്കു് മനസ്സിലായേക്കാനിടയില്ലാത്ത ഗാനം.

—എന്നെ തകത്തിയ ഗാനം!

ഇരുട്ടിൽ, ഈർപ്പ നിറഞ്ഞ അന്തരീക്ഷത്തിൽ ചുണ്ടിലമരാത്ത ചുണ്ടുകളെക്കുറിച്ചു് നിമ്മല, കുട്ടി അത്ഭുതപ്പെടേണ്ട. മാറിടങ്ങളെ പുളകംചൂടിക്കാത്ത കൈകളെ കുററപ്പെടുത്തുകയുമരുതു്. മാപ്പുചോദിക്കുന്നു; പ്രതീക്ഷകളെ തകക്കേണ്ടിവന്നതിൽ.

സിനിമ കഴിഞ്ഞു.

പുറത്തിറങ്ങി.

റസ്റ്റോറണ്ടിലെ എയർകണ്ടീഷൻചെയ്ത മുറിയിലിരുന്നു് ഭക്ഷണം കഴിച്ചു. കൗണ്ടറിൽ ബില്ലു് പേചെയ്തു പുറത്തിറങ്ങുമ്പോൾ അയാൾ ചോദിച്ചു: 'വാട്ട്' നെക്സ്റ്റ്?"

"ടു യുവർ പ്ലെയ്സ്—"

നിങ്ങളുടെ മുറിയിലേയ്ക്കു്!

രാത്രിയിൽ, ഏകാന്തതയിൽ, തൻെറ മുറിയിൽ, തൻെറ കിടക്കയിൽ, തൻെറ ശരീരത്തോടുരുമ്മി....

ആരാണു്?

നിർമ്മല—

അവരം തന്റെ ആരുമല്ല. താനവളെ പ്രേമിക്കു ന്നില്ല. വിവാഹം ചെയ്യാനും പോകുന്നില്ല. അവരം ഒരുരാത്രിയുടെ കാമുകിമാത്രമാണു്. ശരീരാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്ന സ്ത്രീരൂപത്തിലുള്ള വികാരം. കറൻസി നോട്ടുകളുടെ കാമുകി.

തണുത്ത ഈ രാത്രിയിൽ നേർത്ത പുകപടലങ്ങരം പോലെ വെൺമേഘങ്ങരം ഗതികിട്ടാത്ത പ്രേതങ്ങളായ ലയുന്നു. രാത്രിക്കായിരം കണ്ണുകളുണ്ടു്. തന്റെ മുറി യിൽ തണുവും ഏകാന്തതയും ഇരുട്ടും മാത്രമാവാം കൂട്ടി നുള്ളതു്.

നിർമ്മലയ്ക്കു് ഒരു സ്ത്രീയുടെ ശരീരവും ഹൃദയവും വികാരവും കാണും. നിർമ്മലയ്ക്കു് ഒരു ചേച്ചിയുടെ വികാരവും ആത്മാവും ഉത്തരവാദിത്വങ്ങളും കാണും. നിശീഥിനിയുടെ ഏകാന്തനിർമ്മലങ്ങളായ നിമിഷങ്ങ ളിൽ നിഷ്ക്കളങ്കതയുടെ കണ്ണീർ നിർമ്മലയുടെ കണ്ണുകളിലും തളംകെട്ടിക്കാണും.

ചേച്ചിയുടെ കടപ്പാടുകളെപ്രതി സ്ത്രീയുടെ ശരീരം വിലയ്ക്കു് വെയ്ക്കുക....

ബസ്സ്സ്റ്റോപ്പിൽ തിരക്കില്ല.

തണുത്ത ഉരുക്കുതൂണിൽചാരി അയാരം ചോദിച്ചു: "നിർമ്മലേ, നിന്റെ അടുത്ത ബസ്സെപ്പഴാണു്?"

"—എന്റെ ബസ്സോ?"

"യസ്സ്. വൈ ഡൗട്ടു്?"

ബസ്സ് വന്നുനിന്നു. മനമില്ലാമനസ്സോടെ അകലുമ്പോഴും വീശുന്ന വിരലുകൾ തണുപ്പാർന്ന അന്തരീക്ഷത്തിൽ അക്ഷരങ്ങൾ വരച്ചു:

ഗുഡ് ബൈ....ഗുഡ് ലക്ക്....

ഇനി—

അയാൾ നടന്നു. കാലടികൾ ഒഴിഞ്ഞ തെരുവുകളിലെ ഫുട്പ്പാത്തുകളിൽ അസുഖകരമായ ശബ്ദത്തോടെ പതിച്ചുകൊണ്ടിരുന്നു. തെരുവുകൾ കടന്നുപോയി. നിശയിലും നിദ്രയിലുമാണ്ട നഗരത്തിന്റെ നെഞ്ചിൽ ചവുട്ടി അയാൾ നടന്നു....

അകലെനിന്നു് പള്ളിമണികൾ ശബ്ദിച്ചു. ശാന്തമായ അന്തരീക്ഷത്തിൽ ശബ്ദവീചികൾ കോളിളക്കങ്ങളുണ്ടാക്കി

ഡിസംബർ 31....രാത്രി പന്ത്രണ്ടുമണി....

അയാളുടെ കാല്ക്കീഴിൽ പ്രപഞ്ചംകിടന്നു് വിറകൊണ്ടു.

## പത്തു്

വർഷങ്ങൾ വർഷങ്ങളോടു് വിടപറയുന്ന വിനാഴികകളെക്കുറിച്ചു് ചിന്തിച്ചിട്ടുണ്ടോ? യുഗങ്ങൾ യുഗങ്ങളിലവസാനിക്കുകയും ആരംഭിക്കുകയുംചെയ്യുന്ന നിമിഷങ്ങൾ.

കാലത്തിൽനിന്നും തെറിച്ചുവീണ ഒരു ബിന്ദു. യുഗങ്ങളെയും യുഗാന്തരങ്ങളേയും വിളക്കിച്ചേർക്കുന്ന ഒരത്ഭുതം. കല്പാന്തകാലങ്ങളുടെ ഇടതടവില്ലാത്ത ഒഴുക്കിന്നു് നിദാനമായ ഒരു നിമിഷം....

ആ നിമിഷം!

നിങ്ങൾ നിങ്ങളിലവസാനിക്കുന്ന നിമിഷം.

നിങ്ങൾ നിങ്ങളിലാരംഭിക്കുന്ന നിമിഷം.

ഭാഗം രണ്ട്:

# മേയ് 13

## പതിനൊന്ന്

പുതുമഴയും കാത്തിരുന്ന പുൽക്കുമ്പിനെപ്പോലെ ഞെട്ടലോടുണർന്നപ്പോഠം കണ്ടു, പ്രഭാതം വന്നിരിക്കുന്നു. എഴുന്നേററ് ഒരു സിഗരററിന്നു് തീകൊളുത്തിക്കൊണ്ടു് ജാലകം തുറന്നിട്ടു.

കിഴക്കൻ ചക്രവാളത്തിൽ ചുവപ്പ്ചൂടിയ മേഘലക്ഷങ്ങഠം പാറുന്നു. കുളർമ്മയുള്ള കാററ് കുളിർ ചൊരിയുന്നു.

പാത വിജനമാണു്. പ്രഭാതപത്രങ്ങഠം വെച്ചു കെട്ടിയ സൈക്കിളുമായി ഒരു പയ്യൻ കടന്നുപോയി. മഞ്ഞിൽ കുതിന്ന മൺതരികളിൽ പാമ്പിഴഞ്ഞ പാടു പോലെ സൈക്കിഠംചക്രങ്ങഠം പതിഞ്ഞുകിടന്നു.

സിഗരററിൻെറ ധൂമപടലങ്ങഠം പ്രഭാതവായുവിന്നു് സുഗന്ധമേകി.

ഇന്നു് വളരെ നേരത്തേ എഴുന്നേററിരിക്കുന്നു. ഇന്നലെ പകൽമുഴുവൻ കിടന്നുറങ്ങിയിരുന്നതിനാലാവാം; കഴിഞ്ഞുപോയ ആഴ്ചകളിലവസാനിച്ചിരുന്ന കുറേ ദിവസങ്ങഠംക്കും പറയാനുള്ള കഥ വ്യത്യസ്തമല്ല.

ഇന്നു് വളരെ ശാന്തി തോന്നുന്നു.

മുഖം കണ്ണാടിയിൽ നോക്കി. ആ പ്രതിഫലനം കണ്ടപ്പോൾ ലജ്ജിച്ചുപോയി. ഇതും താൻതന്നെ യാണോ? വളൎന്നു നീണ്ട താടിയും മേൽച്ചുണ്ടുകളെ മൂടുന്ന മീശയും വിരൂപമാക്കുന്ന ഈ മുഖത്തിന്റെ ഉടമസ്ഥത ഇഷ്ടമില്ല.

ഷേവ്ചെയ്യാനിരുന്നു.

ഇലക്ട്രിക ഷേവറിന്റെ കറകറശബ്ദം ഉയരുന്നു. ഇളംചൂടുള്ള വെള്ളംകൊണ്ടു് മുഖം നല്ലവണ്ണം കഴുകി മിററിൽ നോക്കിയപ്പോൾ അയാളെ ലജ്ജിപ്പിച്ചുകൊണ്ടു് ഒരാഗ്രഹം ഉയൎന്നു. വളരെ നാളുകൾക്കുശേഷം അന്നു് മുഖത്തു് പൗഡറും സ്നോയും പുരട്ടുമ്പോൾ കണ്ണു കളിൽ പ്രകാശവും കൈവിരൽത്തുമ്പുകൾക്കു് വിറയലു മുണ്ടായിരുന്നു.

സെററിയിലിരുന്നപ്പോഴേയ്ക്കും ചാരിയിട്ട വാതിലു കൾ കൊട്ടിക്കൊണ്ടു് ആരോ തുറന്നു. വെയ്ററ റാണു്.

"ഗുഡ്മോണിംഗ്, സാർ!"

"മോർണിംഗ്."

കപ്പും സോസറും മേശപ്പുറത്തുവെയ്ക്കുമ്പോൾ അ ത്ഭുതത്തോടെ ചോദിച്ചു: "സാർ, ഇന്നു് നേർത്തെ എണീററല്ലോ!—"

"ങും."

തികച്ചും യാന്ത്രികമായി മൂളി.

തുടരാനാഗ്രഹമില്ല. വെയ്ററർ പോയി.

അഭിമുഖമായി കാണുന്ന ജാലകത്തിലെ അഴുക്കു പുരണ്ട വിരിയിൽ ഇളംകാററു് താളംപിടിക്കുകയാണു്. അയാൾ ജാലകവിരിപ്പുകൾ പാടെ മാററി. ഉറക്കെഴുന്നേല്ക്കുന്ന നഗരത്തിൻെറ സുന്ദരമായ മുഖം. കരുക്കുകയും വെളുക്കുകയും, കരയിക്കുകയും സാന്ത്വനമേകുകയും ചെയ്യുന്ന ഒരു മഹച്ഛക്തിയുടെ സന്നിധാനത്തിൽ തലകുമ്പിട്ടു് വിനയസമേതം നില്ക്കുന്നതായി തോന്നി. അത്ഭുതത്തോടെ മനസ്സിലാക്കി: ഞാനീ നഗരത്തെ സ്നേഹിക്കുന്നുണ്ടു്!

മധുരമായ ദുഃഖം മനസ്സിൽ വിടൎന്നു.

പിൻപുറത്തു് വെള്ളം വററിയമൎന്ന തടാകത്തിലെ ഉണങ്ങിവരണ്ട മൺകട്ടകൾക്കിടയിൽ കാണുന്ന വിള്ളലുകളെന്ന ശൂന്യത, ജ്യോമട്രിക്ലാസുകളിൽ വരച്ചിട്ടിരുന്ന വിചിത്രങ്ങളായ രൂപങ്ങൾ നിർമ്മിക്കുന്നു. പച്ചപ്പായ ലിലകളും അവയുടെ ഊതനിറത്തിലുള്ള വാസന്തഭംഗികളും ഇല്ലാത്തതുപോലെത്തന്നെ, വിരുന്നെത്തുന്ന വൎണ്ണാഞ്ചിതങ്ങളായ ചിറകുകളുടെ ഉടമസ്ഥരായ ചിത്രശലഭങ്ങളെയും കാണ്മാനില്ല. ആരോ തീ കാഞ്ഞതിനെ അനുസ്മരിപ്പിച്ചുകൊണ്ടു് നേരിയ പുകപടലങ്ങൾ ഒഴുകി നടക്കുന്നു.

താഴെനിന്നു് പ്ലേററുകളും ടാക്സികാറുകളുടെ ഹോണുകളും ശബ്ദമുയൎത്തിക്കൊണ്ടിരുന്നു.

റേഡിയം ഡയലുള്ള റിസ്റ്റ്വാച്ചിൽ, മണിക്കൂറുകളെ തിരിക്കുന്ന സൂചികൾ എട്ടിൽ വന്നുനിന്നപ്പോൾ യന്ത്രശാലയിൽനിന്നുള്ള സൈറണുകളുടെ മൂളക്കം കാതിലെത്തി.

രണ്ടാഴ്ചകളോളം നീണ്ടുനിന്ന നിശ്ശബ്ദതയ്ക്കുശേഷം യന്ത്രശാല വീണ്ടുമിതാ സജീവമായിരിക്കുന്നു—

യന്ത്രത്തറികളിൽ വീണ്ടും നൂലിഴകൾ മിനുസമുള്ള മനോഹാരിതകൾ നെയ്യാൻ തുടങ്ങിക്കാണും. കൃത്യമായി മുഴങ്ങുന്ന സൈറനുകൾ കേൾക്കുമ്പോൾ പറവപ്പററങ്ങളെപ്പോലെ മനുഷ്യശതങ്ങൾ പ്രവൃത്തിയുടെ ഈ ലോകത്തിലേയ്ക്കു് നടന്നുചെല്ലുന്നു. ഗേററുകളടഞ്ഞാൽ പട്ടുനൂൽപ്പുഴുക്കളെപ്പോലെ പ്രവർത്തിക്കുവാൻ തുടങ്ങുന്ന ഇവക്കൊരിക്കലും വർണ്ണശബളിമയുടെ ചിറകുകൾ കിട്ടില്ല.

അവസാനത്തെ മനുഷ്യനും അകത്തായപ്പോൾ ഗേററ്കീപ്പർ ചങ്ങലക്കൊളുത്തുകൾ പൂട്ടിയിട്ടു.

തിളങ്ങുന്ന കണ്ണുകളും, സമൃദ്ധമായി നെററിയിലുതിർന്നുകിടക്കുന്ന മുടിയുമുള്ള ഈ ചെറുപ്പക്കാരൻ മറെറാരു ചങ്ങലക്കണ്ണിമാത്രമല്ലേ? അയാളിട്ടിരിക്കുന്ന ഈ പുതിയ കാക്കിക്കുപ്പായം പഴകുന്നതോടൊപ്പം അയാളും മാറിക്കഴിയും. പിന്നെ?

ഭാവിയിലേയ്ക്കു കാണുമാൻ കണ്ണുകളുണ്ടായിരുന്നെങ്കിൽ!

ചവിട്ടടിയിലെ മൺതരികൾ രക്തംപുരണ്ടവയാണു്. നൂററുകു് ദുഃഖങ്ങളുടെ കണ്ണുനീരും നെടുവീർപ്പുകളുടെ ഊഷ്മളതയും അവയിലിനിയും ബാക്കിയാവും. കാൺക്രീററുകൊണ്ടു് പടുത്ത കാവൽമാടത്തിൻെറ കരിങ്കൽ ചില്ലുകളെങ്കിലും ഓർക്കുന്നുണ്ടാവും ആ കഥ. തെ

ളിഞ്ഞുവീണ മഞ്ഞ ഡായലിപ്പൂവിതളുകളെങ്കിലും കൊതിച്ചിരുന്ന ഒരു സ്വപ്നമുണ്ട്.

ഒരു വൃദ്ധന്റെ സ്വപ്നം.

— നിന്റെ പൂർവ്വികന്റെ സ്വപ്നം!

അയാൾ വിഷാദത്തോടെ സെററിയിൽ വന്നിരുന്നു. ഓർമ്മിക്കുവാൻ ശ്രമിക്കുക വിഷമകരമായ ഒരേർപ്പാടാണെപ്പോഴും. പലപ്പോഴും ദുസ്സാദ്ധ്യംതന്നെ. പക്ഷേ, വെറും ഒരാഴ്ചമുമ്പ് നടന്നതിനാലായിരിക്കാം മനസ്സിൽ നനുത്ത ചില പോറലുകളായി എല്ലാം ബാക്കിനില്ക്കുന്നത്.

മുദ്രാവാക്യങ്ങളുടെ മുഴക്കമായിരുന്നു പതിവിനു വിപരീതമായി അന്ന് കണ്ണുകളെ ഉണർത്തിയതു്. നീണ്ട തെരുവീഥികളിലൂടെ ഘോഷയാത്രകളായ ഈ മനുഷ്യർ ഉറുമ്പിൻപററങ്ങളെപ്പോലെ നീങ്ങി. ദിഗന്തങ്ങളെ വിറകൊള്ളിക്കുന്ന ശബ്ദങ്ങളുയർന്നപ്പോൾ ആശ്ചര്യപ്പെട്ടു

എവിടെനിന്നു വരുന്നു ഈ ശബ്ദം?

വലിയ കൊടിയൊന്നുയർത്തിപ്പിടിച്ച് മുന്നിൽ നടന്നിരുന്ന മനുഷ്യൻ ഇടയ്ക്കിടെ മന്ദഹസിച്ചിരുന്നു. വിപ്ലവത്തിന്റെ പ്രവാചകനായിരിക്കാം ഇയ്യാൾ. വീറും വീര്യവും പകരുന്ന ദൈവദൂതൻ. അയാളുടെ ഉരുണ്ടുകൊഴുത്ത മാംസപേശികളിലും ഉലയാത്ത വസ്ത്രങ്ങളിലും സ്വേദകണങ്ങൾ ഉരുണ്ടുവീണു.

പാതയ്ക്കിരുപുറവും ഒരു കാഴ്ചബംഗ്ലാവിലേയ്ക്കെന്നോണം നോട്ടമിട്ടുനില്ക്കുന്ന കണ്ണുകൾ വിടർന്നുനിന്നിരുന്നു.

അവർ തിരക്കി:

ഇവക്കെന്തുവേണമാവോ! —

അടക്കിയ ചിരികൾ ഉയന്നു. തീൻമേശകളിൽ നിന്നു് വീഴുന്ന എച്ചിലിലകൾക്കുവേണ്ടി കടിപിടി കൂട്ടുന്നവക്കോ ആക്രോശിക്കാനധികാരം? കാററിലിള കുന്ന അലമാലക്കൈകൾ കാററവസാനിക്കുമ്പോൾ ശാന്തതയിലലിയാതെന്തുചെയ്യാൻ.

കൊംളോസിയത്തിൽ സിംഹങ്ങളോടു മല്ലടിക്കാൻ മനുഷ്യനെ വലിച്ചെറിഞ്ഞ സംസ്കാരത്തെ കുററപ്പെടു ത്തി ഉയരുന്ന നാവുകളെ, ലജ്ജിക്കുക! ലജ്ജിക്കുക!! ഇവിടെ നിങ്ങൾക്കുചുററും ഒരു കൊളോസിയം നിമ്മി ച്ചിട്ടുള്ളപ്പോൾ.

അന്നും സൈറൻ മുഴങ്ങി. യന്ത്രശാല ശൂന്യം.

ഗേററ്കീപ്പറില്ലാത്ത ഗേററിൽ കാവൽനിന്നതു് ഉരുക്കുതൊപ്പിധരിച്ച പട്ടാളക്കാരായിരുന്നു. മഞ്ഞ ഡാലിയപ്പൂക്കൾ വിളറിനിന്നു.

സമയം ഉച്ചയായി.

കർഫ്യൂ പ്രഖ്യാപിച്ചിരുന്നു.

നാലാളിൽക്കൂടുതൽ ചേന്നു് നടന്നുകൂടാ. വെടി വയ്ക്കും.

പിന്നെ കഥകൾ വന്നെത്തി. ലാത്തിച്ചാർജ്ജി ൻെറ കഥകൾ. ടിയർഗ്യാസ്സൊഴിച്ച കഥകൾ. ഒടുവിൽ ഏററുമുട്ടലിൻെറ കഥയും. ഏററുമുട്ടൽ അവസാനി ച്ചതു് വെടിവെപ്പിലാണത്രേ. ഒരാൾ ഉടനെതന്നെ മരിച്ചു അഞ്ചുപേർ പരിക്കേററ് ഹോസ്പിററലിലും.

ശരീരത്തിലൂടെ തീയുണ്ടകളുരസി കടന്നുപോവുമ്പോൾ ചേതനയററുകൊണ്ടലറിപ്പതിക്കുന്ന മനുഷ്യശരീരം പിന്നെ ഒരിക്കലും എഴുന്നേല്ക്കില്ല. പുഞ്ചിരിക്കില്ല സംസാരിക്കുകയുമില്ല.

മനുഷ്യന്റെ ശരീരമാണു്.

— എന്റേയും നിങ്ങളുടേയും ശരീരം.

ഉച്ചയ്ക്കുശേഷം കത്തിയാളുന്ന ചൂടായിരുന്നു. ഇരമ്പിക്കടന്നുപോവുന്ന പോലീസ്‌വാനുകൾമാത്രം ഇടയ്ക്കിടെ കണ്ടുകൊണ്ടിരുന്നു നഗരത്തിൽ എന്തെല്ലാമോ സംഭവിക്കുകയാണു്. എന്തും വരട്ടെ. തനിക്കൊന്നുമില്ല.

ഓഫീസിലേയ്ക്കിറങ്ങാത്ത, ശൂന്യത തളംകെട്ടിനില്ക്കുന്ന ദിനങ്ങൾ കടന്നുപോവുന്നു. നീണ്ട നിമിഷങ്ങൾ അവയിൽതന്നെ ലയിച്ചുചേന്നു. അവസാനമില്ലാത്ത യാത്ര തുടരുകയാണു്.

അതുകൊണ്ടു്,

നിസ്സംഗനായി എല്ലാം കണ്ടിരിക്കാം.

സാന്ധ്യമേഘങ്ങൾ നഗരത്തിൽ ചുവപ്പും പിന്നെ കറുപ്പും പൂശിയപ്പോൾ ദീവെട്ടികളുടെ വെളിച്ചവുമായി ഒരു വിലാപഘോഷയാത്ര നഗരത്തെക്കുലുക്കി കടന്നുപോയി.

മൃതനായ മനുഷ്യന്റെ പട്ടിൽപൊതിഞ്ഞ ശരീരം തലയിൽതാങ്ങി നടന്നതു് ഏററവും വലിയവരായ വിപ്ലവനേതാക്കൾതന്നെയായിരുന്നു. കൂടെ കരഞ്ഞലമുറയിടുന്നൊരു വൃദ്ധയും കുഞ്ഞുങ്ങളും. പിറകെ തൊഴിലാളികളും.

ഒരാൾകൂടി രക്തസാക്ഷിയായി.

തൻെറ എല്ലാംതന്നെ വിപ്ലവത്തിന്നേകി.

പകരം—

വിപ്ലവത്തിൻെറ ആചാര്യന്മാരുടെ മുഖത്തു് അപ്പോഴുമുണ്ടായിരുന്ന മന്ദഹാസം.

വിലാപയാത്ര അടുത്തെത്തി.

അയാൾ മൃതദേഹത്തിൽ നോക്കി.

ഒരുനിമിഷം. അയാൾ ഞെട്ടി.

ആ വൃദ്ധൻ! ഈ ഫാക്ടറിഗേററിങ്കൽ എന്നും കാവൽനില്ക്കുമായിരുന്ന ആ വൃദ്ധൻ. മുതലാളിയുടെ കാർ വരുമ്പോൾ ഭവ്യതയോടെ ഗേററുതുറന്നു് വണങ്ങി നില്ക്കുമായിരുന്ന ആ വൃദ്ധൻ. മാറെല്ലുകൾ ഉന്തിനില്ക്കുന്ന ഒരു ശരീരത്തിൻെറമാത്രം ഉടമയായിരുന്ന ആ മനുഷ്യൻ.

ആ ശരീരത്തിനു് കാവലായി ഇന്നൊരു ജീവനില്ല.

എന്തുനേടി അയാൾ?

രക്തസാക്ഷിമണ്ഡപത്തിനു കീഴെ പൊടിമണ്ണിൽ അലിഞ്ഞുതീരുന്ന ആ ശരീരം എന്താണു നേടിയതു്?

കിഴക്കൻ ചക്രവാളത്തിൽ, അവിവേകിയായൊരു കുട്ടിയെപ്പോലെ ഒരു കൊച്ചുകാർമേഘം പാറിമാറുന്നു. ചോലമരങ്ങളുടെ ഉയർന്ന അഗ്രങ്ങൾ ആകാശത്തെ ചുംബിച്ചുനില്ക്കുന്നുണ്ടു്. വിജനമായിരുന്ന തെരുവിൽ ആൾത്തിരക്കേറുകയാണു്. പ്രഭാതം നിറംവെച്ചുവരികയാണു്. മെല്ലെമെല്ലെ

ദൈവം സമയത്തിനു് തീവണ്ടിച്ചക്രങ്ങൾ കൊട്ടക്കാത്തതെന്താണു്?

ആശിച്ചിരുന്നു —

ഭൂതകാലത്തിലെ മനോഹരമായ ഒരു നിമിഷം മാത്രമായി ജീവിതം ചുരുങ്ങിനിന്നിരുന്നെങ്കിൽ! പനിനീർപ്പൂമൊട്ടു് വികസിക്കാനൊരുങ്ങുന്ന ആ ഒരൊററ നിമിഷം. പഞ്ചാമൃതത്തിൻെറ മാധുര്യം മുഴുവനുമുള്ള ആ ഒരൊററ വിനാഴിക. സമ്പൂർണ്ണതയുടെ ചാരിതാർത്ഥ്യം നിറഞ്ഞ സാക്ഷാല്ക്കാരത്തിൻെറ സ്വപ്നം.

ആ ആശകൾ പൊലിഞ്ഞു.

സാക്ഷാല്ക്കാരം സ്വപ്നംമാത്രമായി വർഷങ്ങൾ പതിനൊന്നു് കൊഴിഞ്ഞുവീണു. ഇന്നും ജീവിക്കുകയാണു്.

എന്തിനുവേണ്ടി?

ആർക്കുവേണ്ടി........

ജീവനുള്ളൊരു മൃതശരീരംമാത്രം. ആലോചിക്കാൻ രസമുണ്ടു്. പെരുവഴിയിൽ വെടിയുണ്ടയേററു് പിടഞ്ഞുവീണതുപോലെ, ഓർമ്മകളുടെ ഇടനാഴികളിൽ ദൂരെയായി തനിക്കുമാത്രം കാണാവുന്ന ഒരു മൃതദേഹമുണ്ടു്. ചേതനയററു്, വീറും വികാരവുമില്ലാതെ........

കാണാൻ കണ്ണുകളില്ല.

മീട്ടപ്പെടാത്ത ഒരു രാഗം കാതുകളിലെത്തുന്നു.

മററാരും കേൾക്കാത്ത ഒരു ഗാനം. മററാരോ കയ്യെത്തിയ ഒരു സ്പർശം. അഭിലാഷലക്ഷങ്ങളുടെ കത്തിത്തീന്ന പട്ടടയിലെ വെളുത്ത വെണ്ണീറിൽ നിന്നുയരുന്ന പുകപടലങ്ങൾ പുഞ്ചിരിക്കുന്ന ഒരു നിമിഷം.

കിഴക്കൻമേഘങ്ങളിൽനിന്നു് രക്തച്ഛവി പിൻവാങ്ങി.

മേയ്മാസത്തിലെ ഒരു ദിവസം പിറന്നുവീണു പിടഞ്ഞു. കലണ്ടർ കഴിഞ്ഞുപോയ കൊല്ലത്തിലേതാണു്. ഡിസമ്പർ 31ൽ കാലം മരിച്ചുകിടക്കുന്നു. അല്ലെങ്കിൽ കണ്ടിരുന്നേനെ:

മേയ് 13—

കാലത്തിന്നും അളവു കണ്ടുപിടിച്ചു വിടാൻ ആരാണാവോ!

പുറത്തേയ്ക്കുതന്നെ കൺനട്ടു് നില്ക്കുമ്പോൾ മെല്ലെ വിളിക്കുന്നതു കേട്ടു: "സാർ—"

അയാൾ തിരിഞ്ഞുനോക്കി. ചെറുപ്പക്കാരൻ.

അയാൾ പുഞ്ചിരിച്ചു.

"സാർ പുറത്തിറങ്ങാൻ നില്ക്കയാണോ?"

"അതെ. കുറച്ചുകഴിഞ്ഞു്."

"ഞാനും പോവുന്നു."

"എന്തു്?"

"ഇവിടം വിടുകയാണു്. ഇന്നുതന്നെ!"

ഈ ചെറുപ്പക്കാരനും പോവുകയായോ? ഇത്ര നാളായിട്ടും സ്ഥിരമായി ഒരു ജോലിയും കിട്ടിയില്ലെന്നറിയാം. ഒന്നും രണ്ടും ആഴ്ചകൾ നീണ്ടുനില്ക്കുന്ന താല്ക്കാലികങ്ങളായ ചിലവമാത്രം. ഇനി ഇയ്യാളും പോകയായി.

നാട്ടിലേയ്ക്കായിരിക്കാം.

വീടില്ലാത്ത വൃദ്ധയായ അമ്മയുടെ അരികിലേ യ്ക്കോ? കൊട്ടാരമുള്ള ഭാര്യാപിതാവിൻെറ കാലടികളി ലേയ്ക്കോ? അപവാദങ്ങളുടെ മുറംമെത്തകൾമാത്രം വിരി ക്കാനറിയുന്ന നാട്ടുകാരുടെ മുന്നിലേയ്ക്കോ?

എങ്ങോട്ടേയ്ക്കായിരിക്കും?''

—നമ്മളെല്ലാം എങ്ങോട്ടു പോവ്വാനാണു്!

അയാൾ മെല്ലെ ചോദിച്ചു:

''നാട്ടിലേയ്ക്കാണോ—?''

''ങ്ും.'' അലക്ഷ്യമായ മൂളൽ.

മനസ്സിൽ അയാൾ ആശംസിച്ചു:

''വിഷ് യു ദ വെരി ബെസ്റ്റ്....''

ചെറുപ്പക്കാരൻ അരികിലേയ്ക്കു മാറിനിന്നു. അയാ ളുടെ കൈകൾ ഗ്രഹിച്ചു് വികാരവായ്പോടെ പറഞ്ഞു: ''സാർ, ഞാനൊരിക്കലും മറക്കില്ല അങ്ങു് നല്കിയ സഹായം. അങ്ങുകൂടിയില്ലായിരുന്നെങ്കിൽ—''

അയാൾക്കു് സ്വയം ചെറുതാവുന്നതായി തോന്നി.

ലജ്ജിച്ച ഒരു കൊച്ചുകുട്ടിയെപ്പോലെ മുഖം കൈ കളിൽ മറയ്ക്കുവാൻ തോന്നി. എന്നിട്ടും വെറുതെ ഗാം ഭീര്യമഭിനയിച്ചുനില്ക്കുകമാത്രം ചെയ്തു. ചെറുപ്പക്കാരൻ വാക്കുകൾക്കായി വിഷമിക്കുന്നു.

''വന്നപ്പോൾ ഞാനിവിടെ വെറുമൊരപരിചിത നായിരുന്നു സാർ. അങ്ങയെ പരിചയപ്പെട്ടതു് എ ൻെറ ഭാഗ്യമാണു്. അതു് ഞാൻ മറക്കില്ല സാർ, ഒരി ക്കലും!''

— മറക്കില്ല, ഒരിക്കലും!

വാക്കുകൾക്ക് അർത്ഥമുണ്ടായിരുന്നുവെങ്കിൽ.

അടച്ചുകിടക്കുന്ന അലൂമിനിയംപൂശിയ ഫാക്ടറി ഗേററിന്നപ്പുറം, കാൺക്രീററുകൊണ്ടു് പടുത്ത കാവൽമാടത്തിന്നു പുറത്തിട്ടിരിക്കുന്ന സ്റ്റീൽ ചെയറിൽ കണ്ണുകൾ പാതിയടച്ചു് മയങ്ങിയിരിക്കുന്ന ചെറുപ്പക്കാരനായ ഗേററ്കീപ്പറെ നോക്കിക്കൊണ്ടു് അയാൾ നിന്നു.

ഓർമ്മിക്കാൻ ശ്രമിക്കുകയാണോ, നിങ്ങൾ?

....അല്ല, മറക്കുവാനോ?

SENGUPTA PUBLIC LIBRARY • KOZHIKODE-4.

## പന്ത്രണ്ടു്

എങ്ങോട്ടാണു്?

സ്വയം ചോദിച്ചു:

എങ്ങോട്ടാണു് ഞാനും പോകുന്നതു്?

ബസ്സ്സ്റ്റോപ്പിൽ നനഞ്ഞുതണുത്ത ഇരുമ്പുകമ്പിയിൽ ചാരിനിന്നപ്പോൾ അയാൾ അത്ഭുതപ്പെട്ടു. മുന്നിൽ സിററിബസ്സുകൾ ഇരമ്പി കടന്നുപോവുകയാണു്. ഇളംവെയിലിൻെറ മഞ്ഞനാളങ്ങൾ ചുററും പരക്കുന്നു. അന്തരീക്ഷത്തിൽ ശുഭ്രതയുടെ സുഗന്ധമുണ്ടു്.

അയാൾക്കരികിൽ നിന്നിരുന്ന സാൽവാറും കമ്മീസും ധരിച്ച ടൊമാറെറായുടെ നിറമുള്ള പെൺകുട്ടിയും ബസ്സുകളിലൊന്നിൽ കയറി. കൈകൊണ്ടു് മുടിയിഴ

കറം മാടിയൊതുക്കി സീററിൽ ചാരി മുന്നോട്ടു നോക്കി ഇരിപ്പായി അവരം.

നീലയൂണിഫോറം ധരിച്ച ഒരുകൂട്ടം സ്കൂരംകുട്ടികരം വലിയ ശബ്ദമുണ്ടാക്കിക്കൊണ്ടു് കടന്നുപോയി. ഓഫീസുകളിലേയ്ക്കു് സ്ത്രീപുരുഷന്മാർ പല വേഷത്തിൽ പലപല ഭാഷകരം സംസാരിച്ചുകൊണ്ടു് ഒഴുകിപ്പോവുന്നു.

ചാരിനില്ക്കുന്ന ഇരുമ്പുതൂണിൽ ചൂടു് പരന്നു. ഹോട്ടലിൻെറ മുകളിലത്തെ നിലയിൽ അടഞ്ഞുകിടക്കുന്ന ആ മുറി അയാരംക്കു് കാണാം. ഒരു ഭാര്യയും ഭത്താവും അഞ്ചാറു് മാസങ്ങളായി താമസിച്ചിരുന്ന ഒരു മുറി. ഒരു യുവാവു് ഒരു യുവതിക്കു് പ്രണയത്തിൻെറ എല്ലാം വാഗ്ദാനങ്ങളും മാധുര്യങ്ങളും പകൻുകൊടുത്തിരുന്ന മുറി. ഒരു ഭായ്യ അവളുടെ ഭത്താവിന്നായി അണിഞ്ഞൊരുങ്ങുകയും അഴിച്ചൊരുങ്ങുകയും ചെയ്തിട്ടുള്ള ഒരു മുറി.

ഇന്നത്തോടുകൂടി ആ വാതിലുകരം തുറക്കും.

കിളിയൊഴിഞ്ഞ കൂടുപോലെ, മൺമറഞ്ഞ പുളകസ്മരണകരം മാത്രമാവും ആ മുറിയിലെ അന്തരീക്ഷത്തിലിഴഞ്ഞു് നടക്കുക. ഇനിയാരാവും അവിടെ വരിക? മുമ്പാരെല്ലാം അവിടെയുണ്ടായിരുന്നിരിക്കും?

പറയാനാവില്ല.

ഇന്നു്, എന്ന സത്യം മാത്രം അവശേഷിക്കുന്നു.

—ഞാൻ എന്ന സത്യം.

വാതിൽപ്പൊളികൾക്കു പുറകിൽ മാറുന്ന മുഖങ്ങളെപ്രതി ദുഃഖിക്കാതിരിക്കുക, വീണ്ടും പുതിയ മുഖങ്ങൾ വരുവാനുള്ളപ്പോൾ.

പെട്ടെന്നൊരാശയം മനസ്സിലുദിച്ചു.

ഈ ചെറുപ്പക്കാർക്ക് നല്ലൊരു സമ്മാനം വാങ്ങിക്കൊണ്ടുവരണം. അവർ എന്നും തന്നെ ഓർമ്മിക്കാനിടയുള്ള ഒരുപഹാരം. സ്മൃതി ഉണ്ടാക്കിത്തന്ന മധുരപലഹാരത്തിന്റെ മാധുര്യം നാവിൽ പടരുന്നതുപോലെ തോന്നുന്നു. സ്നേഹത്തിന്റെ ഏററവും നേരിയ അലയടികൾക്കു മുന്നിൽപ്പോലും അധീരനാവാൻ മാത്രമേ അയാൾക്കൊത്തിട്ടുള്ളുവല്ലൊ.

അപ്പോൾ പുതിയൊരുന്മേഷം തോന്നി.

വാച്ചിൽ നോക്കി.

സമയം ഒമ്പതര.

ഓ! ഇത്രയും നേരം ബസ്സ്സ്റ്റോപ്പിൽ വെറുതെ നില്ക്കുകയായിരുന്നു. അടുത്ത ബസ്സിൽ കയറിയാൽ അയാൾക്കിനിയും ഓഫീസിലെത്താം; സമയത്തിനു തന്നെ.

എന്തിന്നാണാഫീസിൽ പോവുന്നതു്?

ചോലമരങ്ങളുടെ തണലിലൂടെ നടന്നു ചെന്നു മഞ്ഞച്ചായം തേച്ച ഓഫീസ്കെട്ടിടത്തിന്റെ, ശിക്കർ കാവൽനില്ക്കുന്ന പടിയും കടന്നു് ചുവപ്പുനാടകൾ ചുററിയ ഫയലുകളുടെ പുറകിൽ പതിഞ്ഞിരുന്നിട്ടു് ആഴ്ചകളെത്ര കഴിഞ്ഞിരിക്കുന്നു!

രണ്ടുമൂന്നു പ്രാവശ്യം ഓഫീസിൽനിന്നു് ഫോൺ ചെയ്തു.

ആദ്യത്തെ പ്രാവശ്യം പറഞ്ഞു:

"സുഖമില്ല, സാർ—"

"എന്തുപററി?"

"ഹൈ ടെമ്പറേച്ചർ, സർ!"

"ഐൻ കൺസൾട്ട് എ ഡോക്ടർ, മി. ശ്യാം—"

"താങ്ക് യൂ, സാർ!"

ആ വാസ്തവം വ്യക്തമായി. താനെത്രമാത്രം അനാസ്ഥ കാണിക്കുന്നുവെങ്കിലും തൻെറ സേവനം ജനറൽമാനേജൎക്കു് ഇന്നും ആവശ്യമുണ്ടു്. ഉപയോഗപ്പെടുത്താത്തതെങ്കിലും തൻെറ കഴിവിലുള്ള വിശ്വാസം ഒരു പക്ഷേ, വർഷങ്ങൾക്കു മുമ്പു് ജീവിതം പുഷ്ടിച്ചുനിന്നിരുന്ന നാളുകളിലെതന്നെയായിരിക്കണം അയാളിന്നും കാണുന്നതു്.

വർഷങ്ങൾ മണ്ണുട്ടകളെപ്പോലെ കാലടിയിൽ തെരിഞ്ഞമരുമ്പോൾ മനുഷ്യൻ മാറിപ്പോകുന്നു.

വീണ്ടും ഫോണിൽ വിളിച്ചപ്പോൾ മറുപടി പറയാനേല്പിച്ചതു് ഫോൺ അററൻഡറെയാണു്.

"മുറി പൂട്ടിക്കിടക്കുന്നു—"

കൂട്ടിൽ തത്തമ്മയെപ്പോലെ അവനെക്കൊണ്ടു തന്നെ പറയിപ്പിച്ചു:

"ഇവിടം വിട്ടുപോയിരിക്കുന്നു—"

ആ ഓഫീസിലേക്കാണു് പോവുന്നതു്.

അയാൾക്കു് തമാശ തോന്നി.

പച്ചച്ചായം പൂശിയ സിററിബസ്സ് വന്നുനിന്നു. ആളുകളിറങ്ങാനായി അയാറം ഒതുങ്ങി വഴിമാറിക്കൊടുത്തുകൊണ്ടു് നിന്നു. എല്ലാവരും പിറകിലായിട്ടാണു് അയാറം കയറിയതു്.

"എങ്ങോട്ടാണു്—?"

കണ്ടക്റ്റർ ചോദിച്ചു.

അയാറം സ്ഥലം പറഞ്ഞുകൊടുത്തു.

ടിക്കററ് ഹിപ്പ്പോക്കററിലിട്ടുകൊണ്ടു് അയാറം ജാലകത്തോടു ചേർന്നുള്ള സീററിലിരുന്നു. നടന്നു നീങ്ങുന്ന ജനസമൂഹങ്ങറംക്കു് മുകളിലൂടെ, ഉയക്കൻ കെട്ടിടങ്ങറം കൂററൻ നിഴലുകറംപോലെ കടന്നുപോവുമ്പോറം തണുപ്പുള്ള കാററു് മുഖത്തേക്കടിച്ചുകൊണ്ടിരുന്നു.

ആ കാററിൽ ഹെയർഓയിലിൻെറ സുഗന്ധം നാസാദ്വാരങ്ങളെ വിരുന്നൂട്ടി.

മുന്നിലിരിക്കുന്ന ആംഗ്ലോ–ഇന്ത്യൻ പെൺകുട്ടിയുടെ വെളുത്ത പിൻകഴുത്തും, ചെമ്പിച്ച ചെവിയോളം ഇറക്കിവെട്ടിയ മുടിയും, വെളുത്തുരുണ്ട കാൽവണ്ണകളും കാണുന്നു. ലിപ്സ്റ്റിക്കും വാസ്ലീനും ഇടുന്ന ചുണ്ടുകറം

അയാളുടെ ഹൃദയം വിഷാദതപ്തമായി.

അയാറം പെട്ടെന്നോർത്തു:

ലൂസി ഫർണാണ്ടസ്സ്—

ഒരിക്കൽ ലൂസി ഫർണാണ്ടസ്സായിരുന്ന മിസ്സിസ് ലൂസി ഡിസ്സോസ. ദൈവം സ്നേഹമാണെന്നു ഉൽഘോ

ഷിച്ച ലൂസി. വിരിച്ചിട്ട കട്ടിലിൽ ക്ഷണിക്കുന്ന കണ്ണു കളോടെ മലൎന്നുകിടക്കുമായിരുന്ന ലൂസി. ആശിപ്പിക്കു കയും ആവശ്യപ്പെടുകയും ചെയ്തിരുന്ന ലൂസി.

എവിടെ ആയിരിക്കും അവളിപ്പോഠം?

"സാക്ഷാല്ക്കരിക്കപ്പെടുന്ന സ്വപ്നങ്ങളെ"ക്കുറി ച്ചും, "ഏപ്രിൽ മാസത്തെ ചന്ദ്രനെ"ക്കുറിച്ചും വികാര ലോലയായി പാടുമായിരുന്ന ആഗ്നസ്സോ? അടുത്ത മുറിയിൽ വികാരം വിറവ് കറൻസിനോട്ടുകഠം കൈമാ റുമ്പോഠം, ടേബിഠംലാമ്പിൻെറ പ്രകാശവൃത്തത്തിൽ പാഠ്യപുസ്തകത്തിൽ കണ്ണുനട്ടിരിക്കുമായിരുന്ന ആഗ്നസ്സ്!

അയാഠംക്കത്ഭുതം തോന്നി.

എത്രയെത്ര മുഖങ്ങഠം മുന്നിലൂടെ കടന്നുപോയി.

നീരസവും നിരാശയും തോന്നി. ഒരു പെൺകുട്ടി യെക്കുറിച്ചുള്ള വിഷാദംപുരണ്ട ഓൎമ്മകളും, കുറഞ്ഞു കുറഞ്ഞ് അടികാണാറായ ബാങ്ക് എക്കൌണ്ടും ജീവി ച്ചിരുന്ന വഷങ്ങഠം ചൂടുള്ള മാംസം വിലയ്ക്കു വില്ക്കുന്ന തെരുവുകളിൽ യൗവനം കണക്കുതീൎത്ത നാളുകഠം. ഒരു കള്ളനെപ്പോലെ, ജീവിതത്തിൽനിന്നു് ഒളിച്ചോടുകയാ യിരുന്നില്ലേ?

മൈതാനമദ്ധ്യത്തോളം ചോലമരങ്ങളുടെ നീണ്ട നിഴലുകഠം തണൽവിരിച്ചിട്ടിരിക്കുന്നു. ആകാശക്കാററു കളിൽപെട്ട പട്ടങ്ങളെ നിയന്ത്രിച്ചുകൊണ്ടു് കുട്ടികഠം നടക്കുന്നതു് ഇന്നും കാണ്മാനുണ്ടു്. മഞ്ഞച്ചായം പൂശി യ കെട്ടിടങ്ങഠം അടുത്തടുത്തു വരുന്നു.

ഇനി—?

നേർമ്മയുള്ള തൂവെള്ളസ്സാരി ഇഷ്ടപ്പെടുന്ന നിർമ്മലയുടെ തുടുത്ത കൈവിരലുകൾ ടൈപ്പ്റൈററിന്റെ അക്ഷരക്കട്ടകളിൽ അമർന്ന് വാക്കുകൾ നിർമ്മിക്കുകയാവും. രണ്ട് നീലക്കണ്ണുകൾ അത്ഭുതത്തോടെ വിരിയും. ടൈപ്പ്റൈററിന്റെ കടകടനാദം പൊടുന്നനവേ നിലയ്ക്കുമ്പോൾ നിർമ്മലയുടെ ശബ്ദം കേൾക്കും:

"ഗുഡ് ഹെവൻസ്!"

"എന്തു പററി?"

"എററ് ലാസ്റ്റ് യു ഹേവ് കം!—"

"യസ്സ്."

"എവിടെയായിരുന്നു കുറെനാളായി?"

പാതി തമാശയായി പറയാം:

ഗോൺ വിത്ത് ദി വിൻഡ്—

കടക്കണ്ണുകളുടെ കടാക്ഷത്തിൽ പൂത്തിരികൾ ഇളകുമ്പോൾ കുസൃതിയോടെ മന്ത്രിക്കും:

"ഐ മിസ്സ്ഡ് യു വെരി ബാഡ്‌ലി—"

"സത്യം?"

"ങ്!"

അയാൾക്ക് ആനന്ദം തോന്നി. ഒരു പക്ഷേ, അവളെക്കുറിച്ചുള്ള സ്മരണകളുമായിരിക്കാം. ഒരു രാത്രിയിൽ അവളുടേതായ എല്ലാ രഹസ്യങ്ങളും തന്റെ മുന്നിൽ തുറന്നിടുവാൻ അവൾ സ്വമേധയാ തയാറെടുത്തതാണ്. അന്ന് തട്ടിനീക്കി. വെറും മാനസിക ദൌർബ്ബല്യമെന്നു വിളിച്ചോളൂ.

നഷ്ടപ്പെട്ടുതിയ ആ രാത്രിയെപ്രതി ശുദ്ധമായ അഭിമാനം മനസ്സിൽവെച്ചു പോരുന്നു. ദുഃഖമില്ല.

ജീവിതത്തിലെ സമ്പാദ്യം ആ ചില നിമിഷങ്ങൾ മാത്രമാണെന്നു് തോന്നിപ്പോയിട്ടുണ്ടു്.

കടമകളുടെ ഒരു നീണ്ട പട്ടിക മുന്നിലുണ്ടു്. ഉത്തരവാദിത്വങ്ങളിൽനിന്നു് ഉപായത്തിൽ ഒഴിഞ്ഞുമാറുകയായിരുന്നു. അപ്രാപ്യമായൊരു സ്വപ്നത്തിന്റെ, മരുമരീചികകളിൽപ്പെട്ടു് വട്ടംകറങ്ങി. നഷ്ടപ്പെടുത്തുകയും നശിപ്പിക്കുകയും മാത്രമേ ചെയ്തുയുണ്ടായുള്ളു.

അഭിലാഷങ്ങളെ അഗ്നികുണ്ഡത്തിൽ കത്തിയെരിയാൻ വിട്ടിട്ടാണു് തിരിഞ്ഞു് നടന്നതു്.

എല്ലാം ആരെപ്രതിയായിരുന്നു?

ലൂസിയുടെ കിടപ്പറയിൽ കിടന്നും സ്വപ്നംകണ്ടതു മറ്റാരെയുമായിരുന്നില്ലല്ലോ! നിർമ്മലയുടെ സാന്നിദ്ധ്യത്തിലും മനസ്സിനകത്തു് മറ്റാരുമായിരുന്നില്ലല്ലോ!

പതിനൊന്നു വർഷങ്ങളുടെ കല്പടവുകൾ ചവുട്ടിയിറങ്ങിയിട്ടും ആ പടവുകൾക്കു് തേയ്മാനമില്ല.

ബസ്സിൽനിന്നിറങ്ങി. ടിക്കറ്റ്ചെക്കർ ടിക്കറ്റാവശ്യപ്പെട്ടു. ഇളംചുവപ്പുനിറത്തിലുള്ള ആ കടലാസുകഷ്ണം എടുത്തു് അയാൾക്കു കൊടുത്തു.

തണുത്ത അന്തരീക്ഷത്തിൽ ആദ്യകിരണങ്ങൾ സുഖദമായ ഇളംചൂടു് പകരുന്നു. ആഫീസിനടുത്തു് തകർന്നുകിടക്കുന്ന ഒരമ്പലമുണ്ടു്. ദീപാരാധനയും പൂജയുമെല്ലാം നിലച്ചു് വർഷങ്ങളായിരിക്കുന്നു. ഇതിന്നും നല്ലൊരു ഭൂതകാലം ഉണ്ടായിരുന്നുവത്രെ. പ്രാർത്ഥിക്കാനും

അത്ഥനാശ്ശമായി മനുഷ്യർ തളംകെട്ടിനിന്നിരുന്ന കാലം. ആനയും അമ്പാരിയും പട്ടുകുടകളും നിരക്കുന്ന ഉത്സവങ്ങൾ.

ഇന്നാർക്കു വേണം ഇതെല്ലാം?

ഇതിലും നല്ല ദേവാലയങ്ങളുയർന്നിട്ടുണ്ടല്ലോ ചുററും!

അയാൾ ഓഫീസിന്റെ ചവിട്ടുപടികൾ മെല്ലെ കയറി. കാവൽനില്ക്കുന്ന ഗൂർക്കകൾ സലാംചെയ്തു. അയാൾ തല മെല്ലെ തിരിച്ചു് പ്രത്യഭിവാദനം എന്ന കർമ്മം നിർവ്വഹിച്ചു. അത്ഭുതം ഉറഞ്ഞ കണ്ണുകളെ നേരിടുക ഇഷ്ടമില്ലാത്തതാണു്.

അകത്തു്, സിമന്റിൽ പതിക്കുന്ന ഷൂവിന്റെ മടമ്പുകൾ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു.

ചുവപ്പുനാടകൾകൊണ്ടു കെട്ടിയ ഫയലുകൾക്കു പിന്നിൽനിന്നു് ഒരു പുതിയ മുഖം കൗതുകത്തോടെ തന്നെ നോക്കുന്നതു് അയാൾ കണ്ടു. അടുക്കും ചിട്ടയും കിട്ടിയിട്ടുള്ള ഫയലുകൾക്കുപിന്നിൽ തന്റെ കസേരയിലിരുന്നുകൊണ്ടു് തന്നെത്തന്നെ നോക്കുന്ന ഒരു മുഖം.

ഫയലുകൾക്കുപിന്നിലെ മുഖം മാറിയിരിക്കുന്നു.

ഒരു ജീവിതം....

അയാൾ എന്തോ ചോദിക്കുവാൻ പോവുകയായിരുന്നു. പൊടുന്നനെ തന്നെ ആരോ സ്പർശിച്ചതായി തോന്നി. തിരിഞ്ഞുനോക്കി.

പ്യൂൺ.

“സർ—”

"എന്താണ്?"

അയാൾക്കുനേരെ നീട്ടപ്പെട്ട കടലാസ്സിൽ വയലററുമഷിയിൽ ഭംഗിയുള്ള അക്ഷരങ്ങൾ ഇങ്ങനെ കുറിച്ചിട്ടിരുന്നു:

മിസ്റ്റർ ശ്യാം ചന്ദ്രമോഹൻ ഈസ് വാണ്ടഡ് ബൈ....

ശരി.

അയാൾ നേരെ മാനേജരുടെ മുറിയിലേയ്ക്കു നടന്നു. സ്പ്രിംഗ് വെച്ച ഹാഫ്ഡോറിന്നുമുന്നിൽ അയാൾ ഒരുനിമിഷം യാന്ത്രികമായിനിന്നു.

"കം ഇൻ—"

ചിരപരിചിതമായ സ്വരം.

ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ അയാൾ അകത്തേയ്ക്കു കയറി. തടിച്ചുരുണ്ട ദേഹം നേർത്ത വെള്ളത്തുണികൊണ്ടു പൊതിഞ്ഞ ആ മനുഷ്യൻ എഴുതുന്നതു നിറുത്തി, കട്ടിയുള്ള കറുത്ത കണ്ണടയ്ക്കുള്ളിലൂടെ നോക്കുന്നു. ഒന്നും പറയാനില്ലാത്തതുപോലെ.

പെട്ടെന്ന് ചുണ്ടുകൾ ചലിച്ചു:

"കമോൺ. ടെയ്ക്ക് യുവർ സീററ്—"

"യസ്സ്, സാർ!"

അയാളിരുന്നു.

"ഐ ആം സോറി. എക്സ്ട്രീംലി സോറി...."

മനസ്സിലാകാത്തതുപോലെ, അയാൾ തികച്ചും കൗതുകത്തോടെ ശ്രദ്ധിച്ചു:

"യു ഹാവ് ബീൻ റിലീവ്ഡ് ഫ്രം യുവർ സർവ്വീസ്....ഐ മീൻ ഡിസ്സ്മിസ്ഡ്!"

അയാൾക്ക് വിശേഷിച്ചൊന്നും സംഭവിച്ചതായി തോന്നിയില്ല. ഞെട്ടലോ, ദുഃഖമോ, കോപമോ. ഒരു പ്രതിമയെപ്പോലെ മൂളി:

"യെസ്സ് സാർ!"

കല്പിക്കുന്നതും കാത്തുനില്ക്കുന്ന കുട്ടിയെപ്പോലെ അയാളിരുന്നു. തിരിച്ചെടുക്കണമെന്നു യാചിക്കാനോ, ഇല്ലാത്ത ഒഴികഴിവുകൾ പറയുവാനോ തോന്നിയില്ല. ഈ നാടകത്തിൽ താൻകൂടി ഉൾപ്പെടുന്നുണ്ടെന്നു് അറിയാത്തവണ്ണം ഇരുന്നു.

ഒടുവിൽ മാനേജർതന്നെ പറഞ്ഞു:

"യെസ്സ്. നൗ യു കേൻ ലീവ്—"

ഇവിടെയിരിക്കുന്നതു് പന്തിയല്ലല്ലോ എന്നു് അപ്പോഴാണോർമ്മവന്നതു്. പാടിയെണീററു് അയാൾ നടന്നുകഴിഞ്ഞു.

ഹാഫ്ഡോറോളമെത്തിയപ്പോഴാണോർമ്മവന്നതു്, യാത്ര പറഞ്ഞില്ലല്ലോ എന്നു്. തിരിഞ്ഞുനിന്നു. ഉദ്ദേശിക്കാതെതന്നെ ചുണ്ടുകളിലൊരു മന്ദഹാസം ഊറിക്കൂടി. തികച്ചും പ്രസന്നതയോടെ പറഞ്ഞു:

"ഗുഡ്ബൈ, സാർ—"

വാതിലുകൾ പിന്നിലടഞ്ഞു.

അടഞ്ഞുകഴിഞ്ഞ ആ വാതിൽ ഇനിയൊരിക്കലും അയാൾക്കായി തുറക്കില്ല.

ചുവന്ന കാപ്പ്റ്റ്റ വിരിച്ച നടവഴിയിലൂടെ നീങ്ങുമ്പോരം അന്വേഷണനിർഭരങ്ങളായ കണ്ണുകരം അയാളിൽ പതിച്ചുകൊണ്ടിരുന്നു. പരിചയത്തിൽക്കൂടുതൽ ആ മുഖങ്ങരംക്ക് പ്രാധാന്യമില്ലല്ലോ. അതുകൊണ്ടുതന്നെ അവരുമായി കുശലപ്രശ്നങ്ങരംക്കോ വിടപറച്ചിലിനോ നില്ക്കേണ്ട ആവശ്യവുമില്ല.

വാതില്ക്കലെത്തി. അപ്പോഴൊന്നും നിർമ്മലയെ കണ്ടില്ലല്ലോ. അവളോടു പറയാതെ പോവാൻമാത്രം ഹൃദയകാഠിന്യമായിട്ടില്ല!

വരണ്ട ജീവിതത്തിൽ ഒരു മരുപ്പച്ചയൊന്നുമായില്ലെങ്കിലും ഒരു മരീചികയെങ്കിലുമായി അവളെ കാണുന്നു.

അയാരം തിരിഞ്ഞു. അവളുടെ സീററിലേക്കു് നടന്നു.

അവളോടു പറയണം:

"ഗുഡ്ബൈ, നിർമ്മല....ഫോർ എവർ!"

അവരം ചോദിക്കും:

"വാട്ട് ഡു യു മീൻ?"

"ഓ, നത്തിംഗ്. ഐ ഹാവ് ബീൻ ഡിസ്സ് മിസ്ഡ്!"

അപ്പോരം അവളുടെ കണ്ണുകളിൽ അത്ഭുതം കതിരിട്ടുമായിരിക്കാം. സ്ത്രീകളുടെ പ്രത്യേകതയായ സഹതാപത്തിൻെറ സ്വരത്തിൽ പറയുമായിരിക്കാം.

"നോ....നോ....ഐ കാൺട് ബിലീവ് ഇററ്."

വയ്യ. എനിക്കിതു വിശ്വസിക്കാൻവയ്യ—

ആകാംക്ഷയോടെ അയാറം അവളുടെ ഡസ്കി ലേയ്ക്കു നടന്നു. ഇല്ല. അവളവിടെയില്ല. മേശപ്പുറത്ത് ലററർട്രേയിൽ ഭംഗിയായടുക്കിവെച്ച കടലാസുകളും, അരികിലായി അടച്ചുവെച്ച ടൈപ്പ്റൈററും മാത്ര മുണ്ട്.

അവറം ലീവിലായിരിക്കുമോ?

ആയിരിക്കാം.

അയാറംക്ക് അനല്പമായ നിരാശ തോന്നി. കാണ ണമെന്നാഗ്രഹമുണ്ടായിരുന്ന ഒരേ ഒരാളാണ്. ഇനി ഒരിക്കലും തന്നെ കണ്ടുവെന്നുവരില്ല എല്ലാം വിധി മതമായിരിക്കും.

പുറത്ത് വരാന്തയിൽ പ്യൂൺ നില്ക്കുന്നുണ്ട്. നല്കി യിട്ടുള്ള ചില്ലറനാണയങ്ങറം ബഹുമാനത്തിൻെറ രൂപം പൂണ്ട് ആ മുഖത്തു കാണാം.

അയാറം ചോദിച്ചു:

"നിമ്മല ലീവിലാണോ?"

"സാറൊന്നും അറിഞ്ഞില്ലേ?"

"എന്തു്?"

"മൂന്നാഴ്ചയായി വന്നിട്ട്—" അരികിലോട്ടു ചേ ന്നുനിന്ന് ചെവിയോടു ചേത്തു് ശബ്ദം താഴ്ത്തി പതു ക്കെ മന്ത്രിച്ചു: "വയററിലുണ്ടത്രെ സാർ........നാലാം മാസം...."

ഇടിത്തീവീണപോലെ അയാറം ഞെട്ടി.

"മുതലാളി രൂപ അഞ്ഞൂറ് കൊടുത്തത്രെ!"

അവൻ ആ കഥ വിവരിക്കുകയാണ്.

"ശരി—ശരി—"

അയാളതു ശ്രദ്ധിക്കാൻ നില്ക്കാതെ പുറത്തിറങ്ങി. തന്റെ സ്വന്തമായ, താനഗാധമായി സ്നേഹിച്ചിരുന്ന എന്തോ അവിചാരിതമായി കൈമോശം വന്നതുപോലെയുണ്ട്.

—വയ്യ എനിക്കിതു വിശ്വസിക്കാൻ വയ്യ!

മൈതാനമദ്ധ്യത്തിൽ നിയന്ത്രണംവിട്ട കടലാസു പട്ടങ്ങൾ ആകാശക്കാററുകളിലലിയുന്നു....

## പതിമൂന്ന്

തണുപ്പുള്ള പരശ്ശതം രാത്രികളിൽ സ്വപ്നങ്ങൾ കണ്ടുകൊണ്ട് ഒരു പെൺകുട്ടി കിടന്നിരുന്നു. ഒടുവിൽ ഒരു രാത്രി വരുന്നു.

ആ രാത്രി—

ഒരു സ്വപ്നം മേലങ്ങളും പരാഗവും സുഗന്ധവും പേറുന്ന രാത്രി.

മണിയറയുടെ വാതിൽ മലക്കെ തുറക്കുമ്പോൾ ഇളംപച്ചപ്പട്ടുകൊണ്ടു വിതാനിച്ച കട്ടിലിൽ മന്ദഹസിച്ചിരിക്കുന്ന ഒരു മുഖം. ലജ്ജാവനമ്രങ്ങളായ കണ്ണിണത്തല്ലേററ് ചലനരഹിതമാകുന്നോകുന്ന തുടുത്ത കാല്പത്തികൾ

"വരുന്നു ...."

തലയുയർത്തുമ്പോൾ—

വീണ്ടുമാ മന്ദഹാസം.

പതുക്കെ പരവതാനിയെ നോവിക്കാതെ നടക്കുന്നു.

ഒരു സ്പർശം.

"ഓമനേ —"

കൈത്തണ്ടയിലെ നീലരോമങ്ങൾ കുളിരണിയുന്നു.

"ഇങ്ങോട്ടു നോക്കു....ഉം...."

ഉരുണ്ട താടി മെല്ലെ പിടിച്ചുയർത്തുന്നു. കണ്ണുകൾ കണ്ണുകളിൽ തറയ്ക്കുന്നു. ചുണ്ടുകൾ ചുണ്ടുകളോടടുക്കുന്നു. ലജ്ജയാൽ ചൂളിപ്പോവുന്ന ശബ്ദങ്ങൾ.

"അരുതേ...."

അടക്കിപ്പിടിച്ച ചിരി.

വാഗ്ദാനങ്ങളുടെ വർഷം. സ്നേഹം, ദലങ്ങളും പരാഗവും സുഗന്ധവും പേറുന്ന നിമിഷം.

സ്നേഹത്തിൻെറ വാഗ്ദാനങ്ങൾ മാംസവും രക്തവും, ജീവനും വേദനയും പൂണ്ടു് പുഷ്പിക്കുകയായി. വീർത്തുയരുന്ന ഉരുണ്ട അടിവയററിൽ വിലങ്ങനെ നീലഞരമ്പുകൾ തുടിക്കുന്നു. പാൽചുരത്തുന്ന മാറിടം പുളകംചൂടുന്നു.

ആ പഴയ സ്പർശം.

ആ പഴയ സ്വരം.

"നീ കേൾക്ക്ണില്ലേ?"

"എന്തു്?"

"അവൻ പറയണതു്."

"—?"

"നിശ്ശ് അച്ഛനെയാണ് ഇഷ്ടംന്ന്!"

"അവനല്ല, അവളാണെങ്കിലോ?"

"എന്നാലും!"

കണ്ണുകളിടയുന്നു. കൂമ്പിയ കൺകോണുകളിൽ ചുംബനങ്ങൾ ചിതറുന്നു. വിയപ്പണിഞ്ഞ ശരീരങ്ങൾ അഭിമാനത്താൽ ആലസ്യംകൊള്ളുന്നു. സ്നേഹം, മാംസവും രക്തവും ജീവനും വേദനയും ഉൾക്കൊള്ളുമ്പോൾ ഒരു സ്വപ്നം, ദലങ്ങളും പരാഗവും സുഗന്ധവും പേറുന്ന ഒരു വാസ്തവമായിത്തീരുന്നു.

വെയിലിന്നിടയിലൂടെ മേഘത്തിൻെറ നിഴൽ ഇഴഞ്ഞുമാറി പരിചയമില്ലാത്ത മുഖങ്ങൾക്കിടയിലൂടെ സാവകാശം അയാൾ നടന്നു.

ഇല്ല—

ഉരുണ്ടുയന്ന വയറിനെച്ചൊല്ലി സ്നേഹവും അഭിമാനവുംകൊള്ളുന്ന ഒരു കഥയില്ല ഇവിടെ. മണിയറയിൽ സ്നേഹത്തിൻെറ വാഗ്ദാനങ്ങളൂട്ടാൻ കാത്തിരിക്കുന്ന ഒരു വരനുമിവിടെയില്ല. സമപ്പണത്തിൻെറ നിമിഷത്തിൽ നാണിച്ചുണയുന്ന ഈ പെൺകുട്ടി ആരോ വരച്ചിട്ട ഒരു ചിത്രംമാത്രമാണ്.

അവൾ നിമ്മലയല്ല!

പിന്നെ—?

സ്ത്രീ!

സ്ത്രീയും പുരുഷനും.

ആദാമിനേയും ഹവ്വായേയും സൃഷ്ടിച്ച ദൈവത്തിന്റെമേൽ ഞാൻ ഈ അപരാധവും ചുമത്തുന്നു.

പാതവക്കിലെ കമ്പിക്കാലുകൾ തിളങ്ങുന്നുണ്ട്. ഡബിൾഡെക്കറുകളും ട്രാമുകളും ഇപ്പോഴും ഇരമ്പി നീങ്ങുന്നു. അയാൾ ആ ആൾത്തിരക്കിൽ ആരെയോ തിരയുകയായിരുന്നു—

"ശ്യാം?"

"ങ്ും—"

"ഒരു സഹായം ചെയ്യാമോ?"

"എന്താണ്? നിമ്മലേ—"

"വാക്കുതരാമോ?"

"കഴിയുമെങ്കിൽ."

"ശരി."

"പറയൂ?"

"എന്നെ വിവാഹംകഴിക്കാമോ, ശ്യാം?"

"ഹെന്തു്!"

"ശ്യാം, ഞാൻ ഗർഭിണിയാണ്. വെറുമൊരാറു മാസംമതി ഒരു കുഞ്ഞെനിക്കുണ്ടാവും. അതിനൊരച്ഛൻ വേണ്ടേ ശ്യാം? അതിനും എനിക്കും ജീവിക്കണ്ടേ?"

കാഡ്ബറീസ്ചോക്കലേററ് പങ്കുവെയ്ക്കുന്ന നീണ്ടുരുണ്ട കൈവിരലുകൾ. നേരിയ മഞ്ഞസാരിയുടെയും പച്ചബ്ലൗസിന്റേയും ഇടയിലുള്ള വെളുത്ത ഉരു

ണ്ട വയർ. മാതൃത്വം മൊട്ടിടുന്ന മാറിടം. ആലസ്യം വീശുന്ന കണ്ണുകൾ. നിർമ്മല.

"എന്നെ വിവാഹംചെയ്യൂ! പ്ലീസ്...."

നിർമ്മല—

ലോകത്തിലെ ഏററവും പരിശുദ്ധയായ പെൺകുട്ടിയായി അയാൾക്ക് അവളെ കാണാൻ കഴിയും. ശബ്ദമുയർത്താൻ കഴിവുണ്ടായിരുന്നെങ്കിൽ അയാൾ കൊട്ടുങ്കാററായി അലറിയേനെ. പക്ഷേ, അയാൾ പെയ്തുതീർന്ന ഒരു മഴ മാത്രമായിരുന്നു.

നാലുവലയ്ക്കപ്പുറം ഉയർന്നുനില്ക്കുന്ന മഞ്ഞക്കെട്ടിടത്തിൻെറ അഞ്ചാമത്തെ നിലയിൽനിന്ന് ലിഫ്ററിൽ താഴേയ്ക്കിറങ്ങി റോഡിലേയ്ക്കിറങ്ങുമ്പോൾ വേസ്റ്റ്കോട്ടിൻെറ പോക്കററിൽ അഞ്ച് നൂറുരൂപാനോട്ടുകൾ ഉണ്ടായിരുന്നു.

ഇനി, ഒരു ചില്ലിക്കാശും എടുക്കാവുന്ന ബാങ്കില്ല.

ഏററവും വിലകുറഞ്ഞ വസ്തുവെപ്പോലെ സമയം അയാളുടെ റിസ്റ്റ്വാച്ചിൻെറ സ്പന്ദനങ്ങളിലൂടെ പിൻതള്ളപ്പെട്ടു.

ചില്ലിട്ട വാതിൽ തള്ളിത്തുറന്ന് എയർകണ്ടീഷൻ ചെയ്ത മുറിയിലേയ്ക്ക് അയാൾ കയറി. ഇരിപ്പിടത്തിൽ നിന്നെണീററ് ഒരു സെയിത്സ്മാൻ അരികിലേയ്ക്കു വന്നു.

"എന്തുവേണം സാർ—?"

"ഒരു റിസ്റ്റ്‌വാച്ച്."

"ലേഡീസ് ഓർ ജെൻറ്സ്?"

കണ്ണാടിയറകൾക്കള്ളിൽ ഭംഗിയുള്ള റിസ്റ്റ്‌വാച്ചുകൾ നിരന്നുനോക്കിയിരിക്കുന്നു. അയാൾ ചന്തമുള്ള ഒരു ലേഡിസ് റിസ്റ്റ്‌വാച്ച് തിരഞ്ഞെടുത്തു. സ്വർണ്ണത്തിൻെറ കേയ്സ്, റേഡിയംഡയലും, കറുത്ത നൈലോൺസ്ട്രാപ്പും. കൗണ്ടറിൽ പേചെയ്തു.

പുറത്തിറങ്ങുമ്പോൾ സങ്കല്പിച്ചു:

ഈ വാച്ച് സ്മൃതിയുടെ വെളുത്ത കൈത്തണ്ടയിൽ എന്തു ചേച്ച്യായിരിക്കും. അവൾ സമയം നോക്കുമ്പോഴെല്ലാം തന്നെ ഓർമ്മിക്കും. വർഷങ്ങൾക്കശേഷം ഈയൊരജ്ഞാതസുഹൃത്തിൻെറ ഓർമ്മക്കുറിപ്പുപോലെ അതു് ബാക്കിനില്ക്കും.

ആ ചെറുപ്പക്കാരന് മടികാണുമോ ഇതു് സ്വീകരിക്കാൻ?

സാരമില്ല. സ്നേഹപൂർവ്വമായ തൻെറ നിർബ്ബന്ധത്തിനുമുന്നിൽ വഴങ്ങുകയേ ഉള്ളു. നിർമ്മലമായ ഒരു സ്മരണയായി താൻ അവരിലെങ്കിലും കടന്നിരിക്കും.

ഉദ്ദേശശൂന്യമായൊരു ചോദ്യംകൊണ്ടു് താൻ പണ്ടാ ചെറുപ്പക്കാരനെ വീർപ്പുമുട്ടിച്ചിട്ടുള്ളതാണു്. വിററ വാച്ചിനുപകരം സ്മൃതിയുടെ വാച്ചുംകെട്ടി മുറിയിൽ വന്നിരുന്നപ്പോൾ

അതിനുശേഷം എത്രമാത്രം അടുത്തു! എന്തെല്ലാം തുറന്നുപറഞ്ഞു.

കുററബോധം തോന്നി.

അഭിനയിച്ചിരുന്ന മാന്യതയുടെ മറയിൽനിന്നു സ്വന്തംരൂപം ഒരിക്കല്ലെങ്കിലും അവക്കു കാണിച്ചുകൊടു ക്കുകയുണ്ടായില്ലല്ലോ. അല്ലെങ്കിൽ, അതും നന്നായി.

—എന്റെ കഥ എന്നിൽത്തന്നെ അവസാനി ക്കട്ടെ

മൈതാനത്തിൽനിന്നു ശക്തിയായി കാററടിക്കു ന്നുണ്ടു്. വരണ്ടുണങ്ങിയ കാററു്. കരിഞ്ഞുണങ്ങിയ കറുകപ്പുൽത്തുമ്പുകളും വിറകൊള്ളുന്നു. ഉച്ചച്ചൂടിൽ മരുഭൂമിപോലെ കത്തിയെരിയുകയാണു് ഭൂമി. പോല മരങ്ങളുടെ ഉണങ്ങിയ ചില്ലകൾ പൊഴിഞ്ഞുവീണു.

എവിടെയോ വായിച്ചതോത്തു:

സ്വഗ്ഗത്തിലെ വലിയ മരത്തിൽനിന്നു പൊഴി ഞ്ഞുവീഴുന്ന ഇലകളാണത്രെ മനുഷ്യർ

പൊഴിഞ്ഞുവീഴുന്ന ഈ ഇലകൾക്കു് മണ്ണോടു ചേരാം. മനുഷ്യനോ? ഉറവകൾ തണുപ്പും നനവു മേകുന്ന മണ്ണടുക്കുകളിൽ വിലയംചെയ്യുന്നതോടെ ഭരത വാക്യം ചൊല്ലേണ്ടുന്ന ദൈർഘ്യംകുറഞ്ഞ കഥമാത്രമാ ണോ ജീവനും ചൈതന്യവുംപൂണ്ടുനടക്കുന്ന ഓരോ മനുഷ്യശരീരത്തിനും അവകാശപ്പെടാനുള്ളതു്?

അയാൾ ആലോചനാമഗ്നനായിരുന്നതിനാലാ വാം ഞെട്ടിപ്പോയി.

“നമസ്തേ, ബാബുസാഹ്ബ്!”

മാഞ്ചോട്ടിൽക്കിടന്നു് അവൻ ചോദിക്കുകയാണു്;

“ഇത്രവേഗം മറന്നുപോയോ?”

"ഇല്ലില്ല—" അയാൾ ജാള്യത മറച്ചുകൊണ്ടു തുടൎന്നു: "ഞാനെന്തോ ആലോചിച്ചുപോയതായിരുന്നു."

പിന്നെ നിഴലുകളുടെ തണുപ്പുവൃത്തത്തിലേക്കു് ആശ്വാസത്തോടെ കടന്നുനിന്നുകൊണ്ടു് അയാളന്വേഷിച്ചു: "നീയെന്നാണു വന്നതു്?"

"ഒന്നുരണ്ടാഴ്ചയായി ബാബുജി....എവിടെയായിരുന്നു. കാണാറില്ലല്ലോ ഇയ്യിടെയായി."

"ഇവിടെയൊക്കെത്തന്നെ—"

"വിചാരിക്കയായിരുന്നു, സ്ഥലംമാറിയോന്നു്."

അവനു് ആ ഈണത്തിൽ തുടരാനിടനല്കാതെ അയാൾ കടന്നുചോദിച്ചു:

"നീ ഹോസ്പിററലിൽ പോയിരുന്നോ?"

"പോയി—"

"എന്നിട്ടു്—സുഖമായോ?"

"സുഖം!—" അവൻ അൎത്ഥദ്യോതകമായൊരു ചിരിയോടെ പുതച്ചുമൂടിയിരുന്ന വസ്ത്രം വായ്കൊണ്ടു കടിച്ചുമാററി.

സൎപ്പത്തെ സ്പൎശിച്ചപോലെ അയാൾ ഞെട്ടി.

മുറിച്ചുകളഞ്ഞിരിക്കുന്നു!

മുട്ടിന്നല്പം മേലിൽവെച്ചു് തോളിൽനിന്നു് ഉണങ്ങിയ വാഴപ്പട്ടകളെപ്പോലെ തൂങ്ങിക്കിടക്കുന്ന രണ്ടു് മാംസപിണ്ഡങ്ങൾമാത്രം അവശേഷിക്കുന്നു.

സ്പോട്ടു്ലൈററുകളുടെ കണ്ണിമയ്ക്കുന്ന പ്രകാശത്തിൽ വിശേഷങ്ങളായി ചലിച്ചിരുന്ന കയ്യുകളും കാലുകളുമാണവ. അഭിനന്ദനത്തിന്റെ ഹസ്തതാഡനം മുഴ

ങ്ങുന്നതു് സ്വീകരിക്കാനുഴറുമായിരുന്ന മനുഷ്യശരീരത്തിൻെറ ഭാഗങ്ങൾ. അപകടങ്ങളുടെ അതിർവരമ്പുകളിൽനിന്നു് കറൻസിനോട്ടുകൾ കൈനീട്ടിവാങ്ങുമായിരുന്ന കൈകൾ....

അവയും അഴുകിത്തീർന്നിരിക്കും.

നനഞ്ഞ മണ്ണിൽ....ആഴത്തിലാഴത്തിൽ....

അവൻ പറയുന്നതു കേൾക്കുന്നു:

"വേദന കുറവുണ്ടിപ്പോൾ....ഉം....സുഖംതന്നെ."

സുഖം—

എത്ര നിസ്സാരമായി അവൻ ചിരിക്കുന്നു!

അല്ലെങ്കിൽ, തൻെറ കുററമാവാം. സുഖത്തിൻെറ നിർവ്വചനങ്ങൾ വ്യക്തികളുടെ സൃഷ്ടിയിൽ വ്യത്യസ്തങ്ങളായിട്ടായിരിക്കാം. എൻെറ ഭക്ഷണം നിൻെറ വിഷയമായിരിക്കാം. നിൻെറ ഭക്ഷണം എനിക്കും.

ദൈവത്തെക്കുറിച്ചു മതിപ്പുതോന്നി. എന്തൊരത്ഭുതകരമായ വികാരമാണദ്ദേഹം സൃഷ്ടിച്ചിരിക്കുന്നതു്.

സുഖം!

യുഗങ്ങളും നൂററാണ്ടുകളും പിന്നിട്ടുകൊണ്ടു കാലം കുതിച്ചുപായുന്നതു് മറേറതൊരു വികാരത്തിൻെറ പിന്നാലെയാണു്!

നഗരത്തിൽ ഏററവും സമ്പന്നമായ തെരുവിലെ പരിഷ്കരിച്ച ഫ്ലാററും, അരയന്നത്തെപ്പോലെ നീന്തിനീങ്ങുന്ന കാറും, സൊസൈററിയിൽ ഉന്നതമായ സ്ഥാനവും കൊതിച്ചു് ഒരു പെൺകുട്ടി കടന്നുപോയതും മറേറതൊരു വികാരത്തിൻെറ പേരിലാവും?

ആ കുതിച്ചുപായലിൽ മനുഷ്യൻ ഞെരിഞ്ഞമരുന്നു.

—പതിനൊന്നുവർഷങ്ങൾക്കുമുമ്പ്....

"ബാബുജി! എന്താലോചിക്കുന്നു?"

"ഒന്നുമില്ല."

"ഞാൻ നാട്ടിലും പോയിരുന്നു, ബാബുജി. ആരും ബാക്കിയില്ല. കുടിൽ തറപറ്റിക്കിടക്കുന്നു. മുഴുവൻ അനാഥമായി!"

"ആൾപ്പാർപ്പില്ലേ?"

"ഉണ്ട്, ബാബുജീ—" അവൻ പൊട്ടിച്ചിരിച്ച് തുടർന്നു: "കുറുക്കൻ. മനുഷ്യനേക്കാളും സൂത്രക്കാരനാണ് ആൾ!"

"—"

"ബാബുജിക്ക് നാടില്ലേ?"

"ങും."

"നാട്ടിലൊന്നും പോണില്ലേ?"

"പോണം."

"വേണം ബാബുജീ. അല്ലെങ്കിൽ—" അവൻ മന്ദഹാസത്തോടെ തുടർന്നു: "കുറുക്കൻ കൂടുകെട്ടും.... ബാബുജി. കുറുക്കനെ കണ്ടിട്ടുണ്ടോ?"

"ഇല്ല—"

"മനുഷ്യന്റെ വേഷമുള്ള കുറുക്കൻ!"

സ്വന്തം ഫലിതം ആസ്വദിച്ച് അവൻ ഉറക്കെ ചിരിച്ചു. അയാൾക്ക് അതിൽ പങ്കുകൂടാൻ കഴിഞ്ഞില്ല.

ഒരു ഗാനം അലയടിക്കുകയായിരുന്നു;

....എന്റെ ചെറിയ മുറിയിൽ........

എന്റെ!

—എന്റേതായി ഒന്നുമില്ലല്ലോ! ഒന്നും.

പച്ച യൂനിഫോറം ധരിച്ച പെൺകുട്ടികൾ ചില ച്ചുകൊണ്ടു് കടന്നുപോകുന്നുണ്ടു്. കറുപ്പു ബാഡ്ജുകൾ ധരിച്ചുകൊണ്ടു്. വലിയ നേതാക്കന്മാർ ആരോ മരണ പ്പെട്ടിരിക്കും. ആരു മരിച്ചാലും അയാൾക്കൊന്നുമില്ല. കുട്ടികൾക്കു് ഒരുദിവസം ലീവെങ്കിലുമായി. വൈകു ന്നേരം മൈതാനത്തിൽ യോഗംചേരും. മരിക്കാത്ത നേതാക്കന്മാർക്കു് മരിച്ചവരുടെമേൽ ഒടുവിലത്തെ മുത ലെടുപ്പും നടത്താം.

ഭാഗ്യവാന്മാർ.

"അറിഞ്ഞില്ലേ, ബാബുസാഹിബ്!"

"എന്തു്?"

"ഒരേക്സിഡൻറുണ്ടായി!"

"എവിടെയാണു്?"

അവൻ കൈചൂണ്ടിക്കാണിച്ചു —

"ആ തിരിവിൽ."

ആ തിരിവിൽത്തന്നെ. താനെന്നും വിചാരിക്കാ റുള്ളതാണു്, അവിടെയങ്ങിനെയൊന്നുണ്ടായിക്കാണണ മെന്നു്. ഓ, ഏതൊരു തിരിവിലാണു് അപകടം പതി യിരിപ്പില്ലാത്തതു്! പലപ്പോഴും ആശിച്ചിട്ടുണ്ടു്, ഒരേ ക്സിഡൻറു് മുഖത്തോടുമുഖം കാണ്മാൻ. ഇതാ, അനവ സരത്തിൽ ഒരവസരം.

"കാറിന്റെ പൊടിപോലുമില്ലത്രെ. തലച്ചോറ് റോഡിൽ ചിതറിക്കിടക്കയാണുപോലും!"

"അങ്ങിനെയോ!"

"കാണാനൊത്തില്ല—" അവൻ ഇല്ലാത്ത സ്വന്തം കാലിനെ പഴിച്ചു: "അതിന്നിവിടുന്നൊന്നു നീങ്ങിക്കിട്ടിയിട്ടുവേണ്ടേ—"

നാണയത്തുട്ടുകൾ അവന്റെ വിരിച്ചിട്ട തുണിയിലേയ്ക്കിട്ട് അയാൾ പറഞ്ഞു: "ഞാനൊന്നു പോയിനോക്കട്ടെ!"

അല്പം നടന്ന്, തിരിഞ്ഞുചോദിച്ചു:

"ആളാരാണെന്നറിയാമോ?"

"ആ കുട്ടി—"

"ആര്?"

"നീലക്കാറിൽ—"

—!

എന്ത്? നീലക്കാറിൽ പിൻസീററിലിരുന്ന് തന്നെനോക്കി കൈവീശുമായിരുന്ന ചുരുണ്ട മുടിയും വലിയ വട്ടക്കണ്ണുകളുമുള്ള ആ കൊച്ചുപെൺകുട്ടിയോ?

അവൾക്കും മരിക്കാനൊക്കുമോ?

—ആക്ടാണ്ട് മരിക്കാൻപാടില്ലാത്തയ്!

അയാൾ തിരിഞ്ഞുനിന്നു.

ബസ്സ്സ്റ്റോപ്പ് തൊട്ടുതന്നെയാണ്.

## പതിനാല്

വീണ്ടും നോക്കി.

മുറി പുറത്തുനിന്ന് പൂട്ടിക്കിടക്കുന്നു.

ഇത്രവേഗം സ്ഥലംവിടാൻ ന്യായമില്ലല്ലോ. വൈകുന്നേരം പോകുമെന്നല്ലേ കരുതിയത്. എന്തായാലും മോശമായി. അയാൾ മേശപ്പുറത്തുവെച്ച പാക്കററഴിച്ച് വാച്ചിൽത്തന്നെ ദൃഷ്ടിപതിച്ചു. സ്വർണ്ണത്തിന്റെ കെയ്സ്. നേരിയ തിളങ്ങുന്ന സൂചികൾ. കറുത്ത സ്ട്രാപ്പ്. അതു് പരിഹസിക്കുകയാണോ തന്നെ?

പെട്ടെന്നൊരാശയം മനസ്സിലുദിച്ചു.

ഹോട്ടലിൽ വന്നുചേർന്നപ്പോൾ കൊടുത്ത അഡ്രസ്സുണ്ടാകുമായിരിക്കാം. ആ അഡ്രസ്സിൽ പാർസലായിട്ടയയ്ക്കണം. അഡ്രസ്സ് വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെ റിഡയറക്ട് ചെയ്യട്ടെ.

വേഗം കോളിംഗ്ബെല്ലിൽ കയ്യമർത്തി.

ദൂരെ മണിയടിക്കുന്നു.

ടീപോയിമേൽനിന്ന് ഗ്ലാസ്സെടുത്ത് ഒരൊററ വലിക്ക് അവസാനത്തെ തുള്ളിയും അകത്താക്കി. പോരാ. ബേറർ വരട്ടെ. ഒരു ഹാഫ്ബോട്ടിൽകൂടി വേണം.

ചിത്രപ്പണികൾചെയ്ത ചില്ലുഗ്ലാസ്സുകൾ കാലിയായിരിക്കുന്നു. ഫ്രിജിൽനിന്നെടുത്തുകൊണ്ടുവന്ന സോഡാക്കുപ്പികളുടെ പുറത്ത് നീരാവി തണുത്തുറഞ്ഞ് ജലകണങ്ങളായി മാറിയിരിപ്പുണ്ട്. ബ്ലാക്ക്നൈററിന്റെ കറുപ്പുകുതിര മാനംനോക്കി ചാടുകയാണ്.

അയാറം ഒരു സിഗററെറെടുത്തു് കൊളുത്തി.

ഒന്നും ഓർമ്മിക്കരുതു്.

ഒന്നും........

കോണിപ്പടികരം ഓടിക്കയറുന്ന ശബ്ദംകേട്ടു. പുറത്തു് ഉഗ്രൻകാററിൽ വൃക്ഷത്തലപ്പുകരം ഇളകിയാടുന്നതു് വെൻറിലേററുകളിൽ പ്രതിബിംബിക്കുന്നു. ഫാൻ കറങ്ങുന്നതുകൊണ്ടു് ചൂടറിയുന്നില്ല.

"എന്തുവേണം സാർ—"

അയാറം അടുത്ത മുറിയിലേയ്ക്കു ചൂണ്ടി:

"അവർ മുറിവിട്ടു് പോയോ?"

"ഓ! സാറെന്നും അറിഞ്ഞില്ലെന്നു തോന്നുന്നു!"

"എന്തുണ്ടായി അറിയാൻ?"

വെള്ളക്കോട്ടിൻെറ പിച്ചളബട്ടനുകളിൽ തടവി വെയ്ററർ തുടന്നു: "ആ ചെറുപ്പക്കാരൻ മരിച്ചു—"

"ഹെന്തു്!"

"അതെ സാർ. രാവിലെ വന്നു് കട്ടിലിൽ കയറിയങ്ങു കിടന്നതാണു്. ഓ, എന്തൊരു ചക്ലിലായിരുന്നു. കുടലു് വെളിക്കു വരുന്നതുപോലെ. ആ അമ്മയുടെ കരച്ചിലു കാണണം. ദൈവമേ! കരളുരുകിപ്പോവും—"

"ആശുപത്രീലു് താങ്ങിക്കൊണ്ടുപോയി. പഠിച്ച പണി എല്ലാം നോക്കിയിട്ടും പററിയില്ലാത്രെ. ഉച്ചയ്ക്കു് മരിച്ചു. പാവം."

ഒരു പ്രേമത്തിൻെറ പരിണാമം—

അയാറം പയ്യക്കെ മനസ്സാന്നിദ്ധ്യം വീണ്ടെടുത്തു കൊണ്ടു് ചോദിച്ചു: "എന്തായിരുന്നു കാരണം?"

"വിഷം....വിഷംകഴിച്ചതാണത്രെ. എന്തായാലും നല്ലൊരു മനുഷ്യനായിരുന്നു, സാർ. ആ അമ്മയും...."

മുറിയിൽ കറങ്ങുന്ന ഫാനിന്റെ ശബ്ദംമാത്രം തങ്ങിനിന്നു. വീണ്ടടയുന്ന ശബ്ദങ്ങറം. വാക്കുകറം തൊണ്ടയിൽ കുരുങ്ങിക്കിടക്കുകയാണു്. കണ്ണുകളുടെ വേരുകറം നീറിപ്പിടിക്കുംപോലെ.

അയാറം പറഞ്ഞു:

"ഹാഫ് ബോട്ടിൽ വിസ്കി. ഐസ് ക്യൂബ്സും"

"ബ്ലാക്ക് നൈററ്?"

"ഉം—"

"കഴിക്കാനൊന്നും വേണ്ടേ?"

"ചിപ്സ് കൊണ്ടുവരൂ."

"ചിപ്സ് തീർന്നു സാർ."

"നട്ട്സ് ഇല്ലേ?"

"ശരി—"

വാതിലടഞ്ഞു.

അയാറംക്കു് അവ്യക്തമായ അസ്വാസ്ഥ്യം തോന്നി. മനസ്സും ശരീരവും മരവിക്കുന്നതുപോലെ. എഴുന്നേററുനിന്നു. മുറിയിൽ വിലങ്ങനെ നടന്നുനോക്കി.

പിന്നിൽ വിങ്ങുണങ്ങിക്കിടക്കുന്നു മൺകട്ടകളുടെ ശൂന്യത. മുന്നിൽ, കാവൽക്കാരൻ ഉറക്കംതൂങ്ങിയിരിക്കുന്ന യന്ത്രശാലയിൽനിന്നു മാനത്തേയ്ക്കുയരുന്ന കറുത്ത പുകപടലങ്ങറം.

ശൂന്യത. പുകപടലങ്ങൾ.

പുകപടലങ്ങൾ. ശൂന്യത.

വെയ്ററർ വന്നു. പോയി.

മുന്നിലെ കുപ്പിയിൽനിന്നു് പാതിയോളം അയാൾ ഗ്ലാസ്സിലേയ്ക്കൂട്ടത്തൊഴിച്ചു. നേരെ ചുണ്ടോടടുപ്പിച്ചു. നേർത്ത മഞ്ഞനിറം പൂണ്ട ധൈര്യം.

എരുവും ചൂടും തൊണ്ടയിൽനിന്നു് കീഴോട്ടിറങ്ങി.

കീഴോട്ടു്....കീഴോട്ടു്........

അയാൾ വീണ്ടും വീണ്ടും ഒഴിഞ്ഞ ഗ്ലാസ്സു് സ്വന്തം കൈകൊണ്ടു് നിറച്ചു. സ്വന്തം കൈകൊണ്ടുതന്നെ.

ഒരു പെൺകുട്ടിയുണ്ടായിരുന്നു. ലൂസി ഫർണാണ്ടസ്സ്. ചില്ലുപാത്രങ്ങളിൽ സമമായി വിസ്കിയൊഴിച്ചു് മോളിൽ പതയും നുരയുമുള്ള തണുപ്പിച്ച സോഡ ഒഴിക്കുമായിരുന്നു അവൾ. ക്യൂട്ടെക്സിട്ട കൂർത്ത നഖങ്ങളുള്ള നീണ്ടുനേർത്ത വിരൽത്തുമ്പുകളെക്കൊണ്ടു് അതു് ചുണ്ടോടടുപ്പിച്ചു് മാദകമായി മന്ത്രിക്കും:

"കുടിക്കൂ ശ്യാം! ജസ്റ്റ് ടേസ്റ്റ് എ സിപ്പ് ഫസ്റ്റ്—"

"ഹൌ ഹോട്ട്! ഹൌ സ്വീററ്....."

ഒരല്പം അകത്തുചെന്നാൽമതി. അവൾ കരയും. കണ്ണുനീർ, വെളുത്തുരുണ്ട കവിളുകളിലൂടെ പൌഡറും റൂഷും ഇളക്കിമാററിക്കൊണ്ടു് ഒഴുകും. വാചാലങ്ങളായ കണ്ണുകൾ മുഖത്തുനട്ടു് തന്റെ മടിയിൽ മലൎന്നുകിടക്കും. അവളുടെ യൗവ്വനംമുററിനില്ക്കുന്ന മാറിടം ഉയൎന്നുതാഴും.

"ശ്യാം!"

"വാട്ട് ലൂസി?"

"ഡു യു ബിലീവ് ഇൻ ഫെയ്ററ്?"

—നിങ്ങൾ വിധിയിൽ വിശ്വസിക്കുന്നുണ്ടോ?

പുറത്ത് കുപ്പിവളകൾ കിലുങ്ങുന്ന ശബ്ദം കേൾക്കു ന്നതായി തോന്നി. അയാൾ ഞെട്ടിത്തിരിഞ്ഞു് ജാല കങ്ങളിലൂടെ നോക്കി. അയാൾക്ക് കണ്ണുകളെ വിശ്വ സിക്കാൻ കഴിഞ്ഞില്ല. അവൾ. അതെ. അവൾതന്നെ.

സ്മൃതി!

കോണിയിറങ്ങുകയായിരുന്നു അവൾ. ഒരു നിമി ഷം തിരിഞ്ഞുനിന്നു. ആദ്യമായി മുഖത്തോടുമുഖം നോ ക്കിക്കൊണ്ടുകയാണ്. കവിളിലെ കണ്ണീരിൻെറ നന വിൽ മുടിയിഴകൾ ഒട്ടിപ്പിടിച്ചുകിടപ്പുണ്ട്.

എന്തോ പറയുവാൻ അവളുടെ ചുണ്ടുകൾ വിടരു ന്നതായി തോന്നി. ഒരു നിമിഷം.

തല താണു. കോണിപ്പടികളിറങ്ങി.

വളക്കിലുക്കംമാത്രം ബാക്കിയായി.

അയാൾ വരാന്തയിലേയ്ക്കിറങ്ങി. വീണുപോവാ തിരിക്കാൻ തൂണിനോടുപിടിച്ചു ചാരിനിന്നു. അടുത്ത മുറി തുറന്നുകിടക്കുന്നു. തൊണ്ടയിൽ എന്തോ തടഞ്ഞി രിപ്പുണ്ട്. വീണ്ടും വീണ്ടും ഉമിനീരിറക്കി.

നടുമുററത്തുനില്ക്കുന്ന, മുകളിൽ മഞ്ഞച്ചായംതേച്ച കാറിലേയ്ക്കു് വാച്ചർ പെട്ടിയും ബെഡ്ഡിംഗ്ഗും എടുത്തു വെയ്ക്കുന്നതു കണ്ടു.

കറുപ്പുസാരി ധരിച്ച അവൾ ഇറങ്ങിവന്നു. വാച്ച റുടെ നീട്ടിപ്പിടിച്ച കൈകളിൽ എന്തോ വെച്ചുകൊടു ത്തു. അയാൾ താണുതൊഴുതു വിടവാങ്ങി. ഡ്രൈവർ ഡോറടയ്ക്കുന്നു;

എഞ്ചിൻ സജീവമാകുന്ന ശബ്ദം.

അടുത്ത നിമിഷം.

മഞ്ഞക്കാർ അപ്രത്യക്ഷമായി. പിന്നിൽ ഉയന്ന പൊടിപടലംമാത്രം വീണമരാൻ കുറച്ചു സമയമെടുത്തു.

എന്തുപറയാനായിരുന്നിരിക്കും അവളുടെ ചുണ്ടുകഠം വിടന്നതു്? പറയാനാവാതെ അവളുടെ ചുണ്ടുകഠംക്കുള്ളിൽ പിറന്നപടി മരിച്ചുവീണ വാക്കുകഠം എന്തായിരുന്നിരിക്കും? അവഠം എങ്ങോട്ടാവും പോവുന്നതു്?

—നമ്മളെല്ലാം എങ്ങോട്ടു് പോവ്വാനാണു്!

മറിയിൽ സെററിയിലേയ്ക്കു് അയാഠം തളന്നു വീണു.

സ്വപ്നത്തിൻെറ കെയ്സും കവുത്ത സ്ട്രാപ്പുമുള്ള ആ പുത്തൻവാച്ചു് മേശപ്പുറത്തിരുന്നു് പരിഹസിക്കുന്നു. ഒരിക്കലും ഈ ഉപഹാരം ഇനി സ്മൃതിയണിയില്ല. താരുണ്യം തളിരിടുംമുമ്പേ ജീവിതം നഷ്ടപ്പെട്ട ആ പെൺകുട്ടി, ഒരു ശോകഗാനത്തിൻെറ ആദ്യവീചികഠം പോലെ മനസ്സിൽ അനുരണനം ചെയ്യുന്നു.

സ്വഭത്താവിൻെറ ഗൃഹത്തിലേയ്ക്കു് ഇനി എങ്ങിനെയവഠം ചെന്നുകയറും? മകൻെറ കാലടിശബ്ദം കേഠംക്കാൻ ചെവികൂപ്പിച്ചു് കാത്തിരിക്കുന്ന ആ വൃദ്ധമാതാവു് അലറില്ലേ: “എടീ ഭദ്രകാളീ! നീയെൻെറ മകനെ കുരുതികൊടുത്തില്ല്യോടീ........”

ആ വൃദ്ധപാദങ്ങളിൽ താണു കുമ്പിട്ടുകൊണ്ടു് തൻെറ ഭാര്യയെ പരിചയപ്പെടുത്തുവാനായി ഒരിക്കലും

ആ മകൻ മടങ്ങിവരില്ല. കവിളിലെ ചുളിവുകളിൽ കുടുങ്ങിക്കിടക്കുന്ന കണ്ണുനീർ ഒരിക്കലും അവൻ ഒപ്പി മാററുകയുമില്ല.

അവനിനി ഒരു ഗൃഹം നിർമ്മിക്കില്ല.

അവിടെ കുഞ്ഞിക്കാലുകൾ പതിയില്ല.

ശൂന്യത. അതുമാത്രം.

കല്യാണമണ്ഡപത്തിൽനിന്ന് കാമിനിയെ കൂട്ടിക്കൊണ്ടുവന്ന ധീരത ആറടിമണ്ണിൽ ആഴത്തിലായി അലിഞ്ഞുതീരുന്നു.

ഫാൻ നിന്നിരിക്കുന്നു. കറൻറ് കട്ടായിരിക്കും. അയാളുടെ വിയർപ്പൊലിച്ച് കിടക്കയും വിരിയും നനഞ്ഞുകുഴഞ്ഞു. എന്നിട്ടും അയാൾ അവിടെ ചടഞ്ഞു കിടന്നു.

പകൽ പലവട്ടം അയാൾ ഞെട്ടിപ്പിടഞ്ഞെഴുന്നേററു. സുബോധത്തിൻേറയും സുഷുപ്തിയുടേയും നിമിഷങ്ങൾ മാറിമാറി വന്നു. ഉടഞ്ഞുകിടക്കുന്ന ഒരു കണ്ണാടിപ്പാത്രം കൂട്ടിയോജിപ്പിക്കാൻ ശ്രമിക്കുംപോലെ. കാലങ്ങളുടെ മേളിലൂടെ ഒരു തൂവ്വാലക്കീറിൽ ഒഴുകിയകലുന്ന അനുഭവം. നിമിഷങ്ങൾവീണുടയുന്നു. ഒന്ന്....രണ്ട്....

അലകളില്ലാതെ സ്വച്ഛസുന്ദരമായി പരന്നുകിടക്കുന്ന ജലപ്പരപ്പ്. ശരല്ക്കാലചന്ദ്രികയുടെ കുളമ്മ നേരിയ മഞ്ഞുപാളികൾക്കിടയിലൂടെ ഊർന്നിറങ്ങുന്നു. അല

ങ്കരിച്ചതാണു് കളിവള്ളം. തുഴകറം ജലപ്പരപ്പിൽ ഉയന്നു താണു് താളം പിടിക്കുന്നു. തെന്നിനീങ്ങുന്ന വള്ളം നീണ്ട ജലരേഖകറം നിമ്മിക്കുന്നു.

ഒരു ഗാനം അവസാനിക്കുന്നു:

നക്ഷത്രങ്ങറം തിളങ്ങാൻ തുടങ്ങുമ്പോറം,
നിങ്ങളുടെ ഹൃദയം പെരുമ്പറയടിക്കുമ്പോറം,
ഓമ്മിക്കുമോ, എൻെറയോമനേ....
ഓമ്മിക്കുമോ....

"ബിന്ദൂ!"

"ശ്യാം—"

"ഒന്നുകൂടിപ്പാടൂ. ഒന്നുകൂടി!"

"എന്നാലെനിക്കെന്തു തരും?"

അലകളുടയുംപോലെ ബിന്ദു പൊട്ടിച്ചിരിക്കുന്നു. നേത്ത കാററിൽ അവളുടെ തൂവെള്ളസ്സാരിയുടെ തുമ്പുകറം പറന്നൊഴുകുന്നു. തോണിയുടെ കൂത്ത കൊമ്പിൽ മലന്നുകിടന്നു് കൈവിരലുകളാൽ അവറം ജലകണങ്ങറം മുഖത്തേയ്ക്കു് തെറിപ്പിക്കുന്നു.

വലിയ തിരമാലകറം അടിച്ചുയരുകയാണു്. വള്ളം കളിപ്പാട്ടംപോലെ ചാഞ്ചാടുന്നു. കാററിൻെറ ഇരമ്പൽ മാത്രമാണു്. കാതുകളിൽ ബിന്ദുവിൻെറ പൊട്ടിച്ചിരിയും.

തുഴകറം കൈവിട്ടു.

തണുത്ത ജലത്തിലേയ്ക്കു് തെറിച്ചുവീണു. സവ്വശക്തിയുമുപയോഗിച്ചു് തുഴഞ്ഞുനോക്കി. ദൂരെക്കാണാം, മഞ്ഞിൻെറ പാടപോലെ പാറിക്കിടക്കുന്ന തൂവെള്ള

സാരിയുടെ ഞൊറി. സഹായത്തിനുഴറി താണുയരുന്ന രണ്ടു് വെളുത്ത കൈകൾ: എന്റെ ബിന്ദുവിന്റെ കൈകൾ!

നീന്തിയടുത്തു. തണുത്തുമരവിച്ച ആ ശരീരം ചേർത്തുപിടിച്ചു. കരയെവിടെ? കൈകളുടെ തളർച്ച് വിട്ടുമാറി. തലച്ചോറിൽ മരവിപ്പുമില്ല. എന്റെ എല്ലാമെല്ലാമായ ബിന്ദു!

കരയിലെ വെള്ളപ്പൂഴിമണലിൽ മലർത്തിക്കിടത്തി.

വീനസ്സിന്റെ സുരസുന്ദരമായ പ്രതിമ.

മെല്ലെ കണ്ണുകൾ തുറക്കുന്നു:

"ശ്യാം! ഞാൻ പാടിയില്ലേ?"

"സാരമില്ല, പിന്നെ...."

"ഞാൻ പാടാം ശ്യാം!"

"—"

"എനിക്കെന്തുതരും?"

"എന്തു വേണം?"

"എന്റെ ജീവൻ!"

അയാൾ ഞെട്ടിയുണർന്നു. വെന്റിലേറ്ററുകളിൽ ചോരയൊഴുകുന്ന പടിഞ്ഞാറൻമാനമാണു് പ്രതിബിംബിക്കുന്നതു്. മുറി ഇരുണ്ടുകിടക്കുന്നു. പള്ളിയിലെ കൂററൻ കടമണികളുടെ താളനിബദ്ധമായ മുഴക്കം അടഞ്ഞ വാതിൽക്കീറുകളുടെ പഴുതുകളിലൂടെ കടന്നുവരുന്നു.

വരാന്തയിൽ കാലടിയൊച്ചകളും സംസാരവും കേൾക്കുന്നതു് അസാധാരണമായി തോന്നുന്നു.

മുറി തുറന്നു.

മണിയൊച്ചകൾ മുഴങ്ങുകയാണ്.

വരാന്തയിൽ നിന്നുകൊണ്ടു് താഴെ നിരത്തിലൂടെ നീങ്ങിവരുന്ന ജനസമൂഹത്തെ അയാൾ ശ്രദ്ധിച്ചു.

സ്വർണ്ണത്തിൻേറയും വെള്ളിയുടെയും കുരിശുകൾ വിടപറയുന്ന വെയിൽനാളങ്ങളേററുതിളങ്ങുന്നു. കറുത്ത വിചിത്രാകൃതിയിലുള്ള കുടകളിൽ വെളുത്ത കുരിശുകൾ തുന്നിപ്പിടിപ്പിച്ചിട്ടുണ്ടു്. മുന്നിൽ വരിവരിയായി നീങ്ങുന്ന കറുപ്പും വെളുപ്പും ഉടുപ്പുകളണിഞ്ഞ മനുഷ്യർ പ്രാത്ഥനകളുരുവിടുന്നു.

ജീവിച്ചിരുന്ന നാളുകളിലെ പ്രതാപത്തോടു് പ ററിനില്ക്കാൻ കൊതിക്കുന്ന മരണത്തിൻേറ മുഖം.

ണോം....ണോം....

പള്ളിമണികൾ മുഴങ്ങി.

ആരായിരിക്കും മരണപ്പെട്ടതു്?

ഏറെ സംശയിക്കേണ്ടിവന്നില്ല. യൂണിഫോറവും കറുത്ത ബാഡ്ജും ധരിച്ചു് വിഷാദമൂകരായി തലകു നിച്ചു നീങ്ങുന്ന വിദ്യാത്ഥികളെക്കണ്ടു. സുഗന്ധധൂമങ്ങ ളുടെ മദ്ധ്യത്തിൽ വേദോച്ചാരണം ചെയ്യുന്ന വൈദി കനുപിമ്പേ ആ കൊച്ചുശവമഞ്ചവും.

കറുപ്പിൽ എഴുതിയ അക്ഷരങ്ങൾ:

ഇന്നു ഞാൻ, നാളെ നീ!

ജനസമൂഹം കടന്നുപോയി.

ആ ശവമഞ്ചത്തിനകത്തെ കൊച്ചുമുഖം ഓമ്മി ക്കാൻ ശ്രമിച്ചുകൊണ്ടു് അയാൾ നില്പായി. ചുരുണ്ട

അളകങ്ങളും, ഇരുണ്ട കവിളുകളും, വലിയ വട്ടക്കണ്ണുകളുമുള്ള ആ പെൺകുഞ്ഞു് ഇനിയൊരിക്കലും പുഞ്ചിരിക്കില്ല. കാറിന്റെ പിൻസീററിൽനിന്നു് തല പുറത്തേക്കാക്കി കൈയ്യുയർത്തു വീശുകയുമില്ല.

അവരം വളച്ച്യയെത്തിയ യുവതിയാവുന്നതും ഭാര്യയും അമ്മയുമായി മകളേയും മടിയിലിരുത്തി ഭർത്താവിനോടൊപ്പം ഈ വഴിയേ യാത്രചെയ്യുന്നതും അയാരം പലവട്ടം സങ്കല്പിച്ചിട്ടുള്ളതാണു്.

ഇല്ല.

സങ്കൽപങ്ങളുടെ ചോരപുരണ്ട മൃതദേഹങ്ങരം ബാക്കി.

യന്ത്രശാലയിൽനിന്നു സൈറൺ ഉറക്കെയുറക്കെ മുഴങ്ങി. ആ ശബ്ദത്തിൽ അന്തരീക്ഷം കിടിലംകൊണ്ടു. എല്ലാവരും പോയ്ക്കഴിഞ്ഞപ്പോരം ഗേററുകളടഞ്ഞു. ഗേററ്കീപ്പർമാത്രം ശേഷിച്ചു. വെറുപ്പക്കാരനായ ഗേററ്കീപ്പർ പുതിയവനായ....

പുതുമയ്ക്കു് വഴിമാറുന്ന പഴമ....

ഇന്നു ഞാൻ, നാളെ നീ....

പടിഞ്ഞാററൻ മാനത്തിൽനിന്നു് ചോരപുരണ്ട ഒരു മൃതദേഹം ആരോ എടുത്തു് സംസ്കരിച്ചു. മേഘങ്ങളുടെ പടവുകളിൽ ചതഞ്ഞ മുല്ലപ്പൂവുകരംപോലെ നക്ഷത്രങ്ങരം ചിതറിവീണു.

പിന്നെയും ഒരു സന്ധ്യ!

മുറി ഇരുണ്ടുതന്നെ കിടക്കുന്നു. ഫാൻ കറങ്ങിത്തിരിയുമ്പോരം ശബ്ദങ്ങരം വീണുടയുന്നു.

ആ ഇരുളിൽ, മൂലയിലെ മിററിൽനിന്നു് തിള ങ്ങുന്ന രണ്ടു കണ്ണുകൾ കണ്ടു. ചുവന്ന രേഖകൾ പടന്ന വെളുപ്പിൻെറ മദ്ധ്യത്തിൽ ജ്വലിക്കുന്ന കറുപ്പുവൃത്ത ങ്ങൾ.

—എൻെറ കണ്ണുകൾ. എൻെറ!

ഉടയാടകളുരിയുംപോലെ വഷങ്ങൾ അഴിഞ്ഞു വീണു.

മാററമില്ലാത്ത ഞാൻ എന്ന സത്യം. എന്നി ലാരംഭിക്കുകയും എന്നിലവസാനിക്കുകയും ചെയ്യുന്ന സത്യം. എൻെറ ആത്മാവിനെ അടച്ചിട്ടിരിക്കുന്ന വാതായനത്തിൻെറ സുഷിരം.

ഇരുന്നു് സ്വയം കരഞ്ഞു.

മണിക്കൂറുകൾ ഒഴുകിപ്പോവുകയായിരുന്നു.

പുറത്തു് നറുനിലാവിൽമൂടിയ ഭൂമി ഉറക്കമായി. ഏതോ കവരത്തിലിരുന്നു രാക്കുരുവികൾ തങ്ങളുടെ വിരഹഗാനങ്ങൾ പാടി അകലെയകലെനിന്നു് തി രകളുടെ ആരവം അലയടിച്ചുയരുന്നു.

അയാളുടെ മനസ്സിൽ ഒരു ഗ്രാമത്തിൻെറ ചിത്രം തെളിഞ്ഞു. അവിടെ വൃത്തിയുള്ള ഒരു കൊച്ചു വീടു ണ്ടായിരുന്നു. നടുമുററത്തുതന്നെ ഒരു തൈമാവും. അ തിൻെറ കൊമ്പുകളിലിരുന്നു് പറവകൾ ചിലയ്ക്കുമായി രുന്നു അവിടെ കളിവീടുണ്ടാക്കി അയാൾ കളിച്ചി ട്ടുണ്ടു്. കൊഴിഞ്ഞുവീഴുന്ന മാമ്പഴങ്ങൾ പെറുക്കാനായി തപസ്സിരുന്നിട്ടുണ്ടു്.

അതിന്നുകീഴെ മലൎന്നുകിടന്നു് ചന്ദ്രനേയും നക്ഷത്രങ്ങളേയും നോക്കി അന്നും സങ്കല്പങ്ങൾ നെയ്തിട്ടുണ്ടു്.

ആ മനുഷ്യനാണിപ്പോൾ—

അവ്യക്തമായൊരു ചൈതന്യം തന്നെ വലയം ചെയ്യുന്നതായി അയാൾക്കു തോന്നി. കണ്ടിട്ടില്ലാത്ത ഒരു മുഖം തെളിഞ്ഞു. ഭക്തിനിർഭരമായ മനസ്സോടെ അയാൾ പ്രാൎത്ഥിച്ചു:

പോവരുതേ, എന്നെ വിട്ടുപോവരുതേ....

നറുനിലാവിൻെറ ശീതളിമയുള്ള ഒരു സ്പർശം അനുഭവപ്പെട്ടു. മുല്ലമലരുകൾ വിരിയുന്ന പുഞ്ചിരിയും. ശ്രീകോവിലിൽനിന്നുയരുന്ന ശംഖനാദങ്ങൾ കാതുകളിലെത്തി.

കത്തുന്ന കർപ്പൂരത്തിൻെറ സുഗന്ധം.

അയാൾക്കു് കോരിത്തരിച്ചു

—ശുഭ്രജ്യോത്സ്നാപുളകിത യാമിനീം

ഫുല്ല കുസുമിത ദ്രുമദള ശോഭിനീം

സുഹാസിനീം സുമധുരഭാഷിണീം....

“ഏട്ടാ, എൻെറ ഏട്ടാ?”

അയാൾ കണ്ണുകൾ ഇറുകെ അടച്ചു.

ആ മുഖം മായരുതു്. ആ ശബ്ദം അകന്നുപോവരുതു്. സാക്ഷാല്ക്കാരത്തിൻെറതായ ഈ നിമിഷം നഷ്ടപ്പെട്ടുത്തരുതു്.

തിരമാലകൾ ആഞ്ഞടിക്കുന്നു.

കറുപ്പും വെളുപ്പുമായ തിരമാലകൾ. നീലനിറത്തിലുള്ള തിരമാലകൾ. വെളുത്തുപതയുന്ന നീരാളിയുടെ കൈകളുള്ള തിരമാലകൾ.

കൊടുങ്കാററടിക്കുന്നു.

പ്രപഞ്ചം ഒരു നിമിഷം ചലനശൂന്യമായി നിന്നു.

കടലലകൾ അടിച്ചുകയററിയ ഒരു മൃതദേഹം. അയാൾ നടന്നടുത്തു. അയാൾക്കു പരിചയമുള്ളതാണതു്. നിറഞ്ഞ നിശ്ശബ്ദതയിൽ അയാളോടുകയായി. അയാളുടെ കാലടിശബ്ദംമാത്രം മുഴങ്ങിക്കൊണ്ടിരുന്നു. അരികിലെത്തി. അയാൾ ആ മുഖത്തു നോക്കി.

—എൻെറ മുഖം!

പ്രപഞ്ചത്തിൻെറ നെഞ്ഞിടിപ്പ് വീണ്ടും അത്യുച്ചത്തിൽ ഉയന്നു. കൊടുങ്കാററിൻെറ ഇരമ്പം വീണ്ടും കാതുകളിൽ മുഴങ്ങുകയായി.

കർണ്ണപീയൂഷമായ ആ ശബ്ദം തിരിച്ചറിഞ്ഞു:

"ഏട്ടാ! ഇനിയിങ്ങോട്ടു പോരൂ—"

അയാൾ മന്ത്രിച്ചു:

"ഞാൻ വരുന്നു....വരുന്നൂ!"

2251

SENGUPTA PUBLIC LIBRARY
• KOZHIKODE-4 •

A2259

240399

240399